

വില ₹30/-

# ജീവനും വെളിച്ചവും

മാർച്ച് 2025

## കടലിനെ ഹനിക്കുന്ന ഖനനം

കടൽ മണൽ ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ
ചാൾസ് ജോർജ്ജ്

മരണാനന്തരം; നോമ്പിന്റെ ആത്മീയതയെക്കുറിച്ച്
ഫാ. ജോസ് സുരേഷ്

ശുശ്രൂഷ പ്രവർത്തനങ്ങളും നിർവഹണ സമീപനങ്ങളും
ഫാ. സബാസ് ഇഗ്നേഷ്യസ്

പലകമേൽ നിരക്കുന്ന മീൻനടുക്കങ്ങൾക്കുമേൽ ഇനിയുമെത്തും വനിതാദിനങ്ങൾ
ഡോ. ഐറിസ്

നാലുമണിപ്പൂവ് (കവിത)
ബെർണാഡ് മൊറൈസ്



' വിശുദ്ധകുരിശ് സ്നേഹഹൃദയ സ്പന്ദനം '
JUBILEE 2025
PILGRIMS OF HOPE
68 -ാമത്
തെക്കൻ
കുരിശുമല
തീർത്ഥാടനം
2025 മാർച്ച് 30 മുതൽ ഏപ്രിൽ 6 വരെ &
17 (പെസഹ വ്യാഴം) 18 (ദുഃഖവെള്ളി)
വെള്ളറട • നെയ്യാറ്റിൻകര രൂപത • തിരുവനന്തപുരം
www.kurisumala.org kurisumala pilgrim centre www.kurisumala.blogspot.in kurisumala@gmail.com
edmond's design
കുരിശുമലയിലെത്താൻ...
തിരുവനന്തപുരം ▸ നെയ്യാറ്റിൻകര ▸ വെള്ളറട ▸ കുരിശുമല
തിരുവനന്തപുരം ▸ കാട്ടാക്കട ▸ വെള്ളറട ▸ കുരിശുമല
നെടുമങ്ങാട് ▸ കള്ളിക്കാട് ▸ വെള്ളറട ▸ കുരിശുമല
നാഗർകോവിൽ ▸ മാർത്താണ്ഡം ▸ പാറശ്ശാല ▸ വെള്ളറട ▸ കുരിശുമല
നാഗർകോവിൽ ▸ കുലശേഖരം ▸ കളിയൽ ▸ നെട്ട ▸ കുരിശുമല
SAMANWAYA VISION
MEDIA NETWORKS
KURISUMALA PILGRIMAGE
LIVE TELECASTING IN
SAMANWAYA VISION
Google Play Store
Scan this QR code to Download the Samanwaya Vision App.
SAMANWAYA VISION MEDIA NETWORKS
SAMANWAYA VISION CHANNEL
(KERALA VISION SET TOP BOX NO : 51)
SAMANWAYA VISION ONLINE TV
(ON GOOGLE PLAY STORE)
SAMANWAYA VISION YOUTUBE CHANNEL

// # ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 മാർച്ച് | പുസ്തകം 55 | ലക്കം 03

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൺ, ഫാ. ആഷ്ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

കൊല്ലത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളിയും എഴുത്തുകാരനുമായിരുന്ന എ. ആന്ഡ്രൂസിന്റെ ഒരു പുസ്തകമുണ്ട്; കടൽമുത്ത്. കടലിന്റെ ജൈവ ആവാസ വ്യവസ്ഥയെക്കുറിച്ച്, തൊഴിലനുഭവത്തിലൂടെയും സ്വയം പഠിച്ചും നേടിയ അറിവുകളാണ് പുസ്തകം നിറയെ. 344 ഇനം മത്സ്യങ്ങളുടെ പട്ടികയാണ് തന്റെ കൃതിയിൽ അദ്ദേഹം കൊടുത്തത്. കൂടാതെ കാലാവസ്ഥ വ്യതിയാനവും അശാസ്ത്രീയമായ ട്രോളിങ്ങുമെല്ലാം മത്സ്യസമ്പത്തിനെ നശിപ്പിച്ചിരിക്കുകയാണെന്ന് ആ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചു. കടലിനടിയിലൂടെ പാചകവാത പൈപ്പ്ലൈൻ പദ്ധതി കൊണ്ടുവരാൻ നീക്കം തുടങ്ങിയപ്പോൾ ശക്തമായി എതിർത്തയാൾ കൂടിയായിരുന്നു ആന്ഡ്രൂസ് ചേട്ടൻ. ഇപ്പോൾ, കേന്ദ്ര സർക്കാർ കടൽ മണൽ-ധാതു ഖനനത്തിന് കടലിനെ കോർപറേറ്റുകൾക്ക് തീറെഴുതി കൊടുക്കുമ്പോൾ, കടലിനും കടലോര ജീവിതത്തിനും മുകളിൽ പുതിയ പ്രതിസന്ധി ഉയർത്തുമ്പോൾ ആന്ഡ്രൂസ് ചേട്ടന്റെ പുസ്തകത്തിനും നിലപാടിനും പ്രസക്തിയേറുന്നു.

കടൽ മണൽ ഖനനത്തിന്റെ പ്രത്യാഘാതത്തെ സംബന്ധിച്ച ചാൾസ് ജോർജിന്റെ ലേഖനമാണ് മാസികയുടെ ഈ ലക്കം ഹൈലൈറ്റ്. മറ്റൊരു പ്രസക്തമായ ലേഖനം, സബാസച്ചൻ എഴുതിയ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ശുശ്രൂഷ പ്രവർത്തനങ്ങളുടെയും നിർവഹണ സമീപനങ്ങളുടെയും വിശദമായ വിലയിരുത്തലാണ്.

ഈ തപസ്സുകാലത്ത്, അവന്റെ ജീവിതവും മരണവും ഉത്ഥാനവും കൂടുതൽ ദൈവീകതയിലേക്കുള്ള വഴിയല്ല, കൂടുതൽ മനുഷ്യത്വത്തിലേക്കും ഭൗതീകതയിലേക്കും ഉള്ള പുതിയ വഴികൾ തുറക്കുന്നു എന്ന് ക്രിസ്തുവിനെ വിചിന്തനം ചെയ്യുകയാണ് മരണാനന്തരം എന്ന ആത്മീയ ലേഖനത്തിലൂടെ ജോസ് സുരേഷ് കപ്പൂച്ചിനച്ചൻ.

വനിതാദിനത്തോടാനുബന്ധിച്ച്, തീരഗ്രാമങ്ങളിലെ അരികുവത്കരിക്കപ്പെട്ട സ്ത്രീകളെ, പ്രത്യേകമായും മീൻ വില്ക്കുകയും മീൻ വൃത്തിയാക്കികൊടുക്കുകയും ചെയ്യുന്ന സ്ത്രീകളെ പകർത്തുകയാണ് ഡോ. ഐറിസ്.

പരീക്ഷാക്കാലത്ത് പരീക്ഷയെ സമീപിക്കേണ്ടതെങ്ങനെയെന്നും ഒരു കുട്ടിയുടെ പഠനം ഒറ്റയ്ക്കുള്ള പരിശ്രമമല്ല, കൂട്ടായ പ്രയത്നമാണത് എന്ന് സന്ധ്യാ രാജനും കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ സർവ്വകലാശാലകളുടെ അകവും പുറവും എന്ത് എന്ന് നേർക്കാഴ്ചയിലൂടെ ജെ സി യും എഴുതുന്നുണ്ട് ഈ ലക്കത്തിൽ.

വായനാശംസകളോടെ...
പത്രാധിപർ

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

# പ്രതികരണങ്ങൾ




## അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിൽ പുനരുജ്ജീവിപ്പിക്കണം

ഫെബ്രുവരി മാസ "ജീവനും വെളിച്ചവും" മാസികയിലെ ശോഭാ ഷിജുവിന്റെ "ബിസിസി നവനേതൃത്വം: വെല്ലുവിളികളും പ്രതീക്ഷകളും", അടിസ്ഥാന കുടുംബ കൂട്ടായ്മകളുടെ(BCC) ആരംഭവും ഉദ്ദേശ്യങ്ങളും വ്യക്തമാക്കിക്കൊണ്ട് അവയിൽ നിന്നെല്ലാം ഇന്നത് എത്രമാത്രം വ്യതിചലിച്ചു എന്ന് തുറന്നു കാട്ടുന്ന കാഴ്ച്ചപ്പാടുള്ള ഈ ലേഖനത്തെ അനുമോദിക്കുന്നു. നമ്മുടെ അതിരൂപതയിലെ BCCകൾ ഇന്ന് നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള വിശകലനം തികച്ചും ചിന്താപ്രേരകമാണ്.

ലേഖിക വ്യക്തമാക്കിയതുപോലെ BCC എന്ന ആശയം 1960-കളിൽ ബ്രസീലിൽ ആരംഭിച്ച ചെറിയ ക്രൈസ്തവസമൂഹ പ്രസ്ഥാനത്തിൽ ഉത്ഭവം കുറിക്കുന്നു. വിശ്വാസികളെ ഒരു കൂട്ടായ്മയായി കരുതി, പരസ്പരം സഹായിക്കുകയും, പ്രാദേശിക തലത്തിൽ സേവനം നടത്തുകയും, വചനം പങ്കിടുകയും ചെയ്യുന്നതിലായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം. തിരുവനന്തപുരം അതിരൂപതയിലെ BCCകളും SCC യുടെ ഈ ഉദ്ദേശ്യലക്ഷ്യത്തോടെ അതിന്റെ തനിപ്പകർപ്പായി ആരംഭിച്ചു എങ്കിലും ഒരു നിർബന്ധിത നടപടിക്രമവും, ചിട്ടവട്ടവും നേതൃത്വ തെരഞ്ഞെടുപ്പും ഒക്കെയായി ഇടവക, ഫൊറോന, രൂപതാ അൽമായ നേതൃത്വത്തിലേക്കുള്ള ചവിട്ടുപടികളായി മാറിയപ്പോൾ BCC-കൾ പ്രാഥമിക ലക്ഷ്യങ്ങളായ സമൂഹമനോഭാവം വളർത്തുക, അൽമായ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുക, സുവിശേഷവത്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയിൽ നിന്നും വ്യതിചലിച്ചു. BCC കളുടെ യഥാർത്ഥ ഉദ്ദേശ്യം തിരിച്ചുപിടിക്കാൻ ഇനി വൈകരുത്. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ ആത്മാവായ സഹവാസം, സഹകരണ മനോഭാവം, സേവനപ്രവർത്തനം, വചനം പങ്കിടൽ എന്നിവ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിൽ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ക്രിസ്തുവിന്റെ സ്നേഹവും കരുണയും സേവനവും അടിസ്ഥാനമാക്കി നമുക്ക് നമ്മുടെ BCC കളെ പുനർനിർമ്മിക്കാം.

**നോയൽ പാട്രിക്,** ശ്രീകാര്യം

## 'കാശുപത്രി'കളായി മാറിയ ആശുപത്രികൾ

ഫെബ്രുവരി ലക്കത്തിൽ ഡോ.ബി.വി.ആർ. കുമാർ, സിസ്റ്റർ വിനയ വർഗ്ഗീസ്, ഫാദർ തോമസ് പാട്ടത്തിൽചിറ, എം. ജോൺസൺ റോച്ച് ഇവർ ആരോഗ്യവുമായി ബന്ധപ്പെട്ട് എഴുതിയ നൂതന ലേഖനങ്ങൾ ശ്രദ്ധേയമായിരുന്നു. ഇന്ത്യയിൽ പല മേഖലകളിലും നമ്പർ വൺ എന്നവകാശപ്പെടുന്ന കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം അത്ര മെച്ചമല്ല. രോഗികളുടെ നാടായി കേരളം മാറിയതിന്റെ ഉദാഹരണമാണ് നാടെങ്ങും കൂണുപോലെ മുളച്ചുവളരുന്ന ആശുപത്രികൾ.

വ്യായാമം ഇല്ലായ്മ, ശാരീരിക അദ്ധ്വാനത്തിന്റെ കുറവ്, തെറ്റായ ജീവിത ശൈലികൾ, കൊഴുപ്പ് കൂടിയ ഭക്ഷണങ്ങൾ, രുചിക്കും മണത്തിനും നിറത്തിനും വേണ്ടി ഭക്ഷണത്തിൽ ചേർക്കുന്ന ദോഷകരമായ പദാർത്ഥങ്ങൾ, അമിതമായി കീടനാശിനി ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാരയുടെയും ഉപ്പിന്റെയും അമിതോപയോഗം, എണ്ണയിൽ വറുത്തവ, പ്ലാസ്റ്റിക് കത്തിക്കുന്നത്, മലിനമായ മണ്ണ്, വായു, ജലം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, മാനസിക സമ്മർദ്ദങ്ങൾ, അമിതമായ ഭക്ഷണം ഇവ മനുഷ്യരെ രോഗികളാക്കുന്നു. വലിയ സൗകര്യത്തോടെ പണിതുയർത്തുന്ന ആശുത്രികൾ "കാശുപത്രി"കളായി മാറിക്കഴിഞ്ഞു. സാധാരണക്കാർക്ക് ചികിത്സ ഒരു വെല്ലുവിളി തന്നെയാണ്.

നമ്മുടെ ഇടവകകളിൽ ആരോഗ്യ ഇൻഷുറൻസ് എല്ലാവർക്കും ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. തിരുനാളുകൾക്കും ആഘോഷങ്ങൾക്കും ധൂർത്തടിക്കുന്ന പണം മാറ്റിവച്ചാൽ മതി അതാത് ഇടവകകളിലെ മുഴുവൻപേർക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ സാധ്യമാകും. മഹനീയമായ പുണ്യപ്രവർത്തിയുമായിരിക്കുമത്. ഇക്കാര്യം അതിരൂപത നേതൃത്വം ഗൗരവമായി ചിന്തിച്ചാൽ മതി.

**ജെറാൾഡ് ബി. മിരാൻഡാ,**
തോന്നയ്ക്കൽ

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
**83049 38655, 77364 88423**




# താളുകളിൽ


## ആനുകാലികം



**06** കടൽ മണൽ ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ
ചാൾസ് ജോർജ്ജ്

## ലേഖനം



**10** മരണാനന്തരം: നോമ്പിന്റെ ആത്മീയതയെക്കുറിച്ച്
ഫാ. ജോസ് സുരേഷ്



**14** ശുശ്രൂഷ പ്രവർത്തനങ്ങളും നിർവഹണ സമിപനങ്ങളും
ഫാ. സബാസ് ഇഗ്നേഷ്യസ്



**18** പലകമേൽ നിരക്കുന്ന മീൻ നടുക്കങ്ങൾക്കുമേൽ ഇനിയുമെത്തും വനിതാദിനങ്ങൾ
ഡോ. ഐറിസ്



**22** അവർ പരീക്ഷ എഴുതട്ടെ,,,
സന്ധ്യാ രാജൻ

## കവിത



**21** നാലുമണിപ്പൂവ്
ബെർണാഡ് മൊറൈസ്

## കഥ



**09** കച്ചവടക്കാരി
പ്രവീൺ പി

## അഭിമുഖം



**24** ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും - 2
ഡോ. ബി. വി. ആർ. കുമാർ & ഫാ. ലെനിൻ രാജ്

## കുഞ്ഞാടുകൾ



**28** കുട്ടികളുടെ രചനകൾ

## നേർക്കാഴ്ച




**42** കേരളത്തിൽ സ്വകാര്യ വിദ്യാഭ്യാസ സർവ്വകലാശാലകൾ; ഒരു വിലയിരുത്തൽ
ജെ. സി.

**13** കാനോൻ നിയമം

**26** ചരിത്രപഥം; വേളി എന്ന തീരഗ്രാമം

**30** വായന

**32** വചനജ്വാല

**35** വാർത്തകൾ

**37** നീർച്ചാൽ



ലേഖനം

# കോമൺ പ്രോപ്പർട്ടിയിൽ നിന്ന് കോർപ്പറേറ്റ് പ്രോപ്പർട്ടിയിലേക്ക്


## കടൽ മണൽ ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ

ചാൾസ് ജോർജ്ജ് (സംസ്ഥാന പ്രസിഡന്റ്, കേരള മത്സ്യത്തൊഴിലാളി ഐക്യവേദി)

കേരളത്തിലെ മത്സ്യബന്ധന മേഖലയ്ക്ക് അപരിഹാര്യമായ ദോഷങ്ങളുണ്ടാക്കുന്ന കടൽ മണൽ ഖനനത്തിന് കേന്ദ്ര സർക്കാർ പച്ചക്കൊടി കാട്ടിയിരിക്കുകയാണ്. കഴിഞ്ഞ ജനുവരി 11, 12 തീയതികളിലായി എറണാകുളം റിനൈ ഹോട്ടലിൽ നടന്ന ശില്പശാലയിലും റോഡ്ഷോയിലുംവെച്ച് ഇതു സംബന്ധമായ തീരുമാനമെടുത്തുകഴിഞ്ഞു. ഇതുപ്രകാരം ഫെബ്രുവരി 17വരെ കടൽ മണൽ ഖനനത്തിന് താല്പര്യമുള്ള കമ്പനികളുടെ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. വേദാന്ത അടക്കമുള്ള കുത്തക കമ്പനികളും ചില സിമൻറു കമ്പനികളും ഇപ്പോഴേ താല്പര്യം അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഫെബ്രുവരി 27ന് ഇലക്ട്രോണിക് സംവിധാനംവഴി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനും തീരുമാനിച്ചിരിക്കുകയാണ്.



ഗുജറാത്തിലെ പോർബന്തറിൽ മൂന്നു ബ്ലോക്കുകളിൽനിന്നും ചുണ്ണാമ്പു ചെളിയും കേരളത്തിൽ കൊല്ലത്തെ മൂന്നു ബ്ലോക്കുകളിൽനിന്നും നിർമ്മാണ ആവശ്യങ്ങൾക്കുള്ള കടൽമണലും, ആൻറമാനിലെ ഏഴു ബ്ലോക്കുകളിൽനിന്നും പോളിമെറ്റാലിക് നൊഡ്യൂൾസ് എന്നറിയപ്പെടുന്ന ധാതുവിഭവങ്ങളും, കൊബാൾട്ടും ഖനനം ചെയ്യെടുക്കാനാണ് കേന്ദ്രപദ്ധതി. ഖനനത്തിന്റെ പൊതു അവകാശം പൊതുമേഖലയ്ക്കായിരിക്കണമെന്ന 2002-ലെ ഖനന നിയമം 2023ൽ കേന്ദ്ര സർക്കാർ ഭേദഗതിചെയ്തു. മണിപ്പൂർ സംഭവത്തിന്റെ പശ്ചാത്തലത്തിൽ




പ്രധാനമന്ത്രി രാജിവെയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച സന്ദർഭത്തിലാണ് വിപൽക്കരമായ ഈ തീരുമാനവും സർക്കാർ എടുത്തത്. തീരദേശത്തുള്ള കരിമണൽ ഖനനത്തിന് സംസ്ഥാന സർക്കാരിനും പൊതുമേഖലയ്ക്കുമുള്ള അവകാശവും കേന്ദ്രം നിയമഭേദഗതിവഴി ഏറ്റെടുത്തിട്ടുണ്ട്. ഇനിയങ്ങോട്ട് ഖനനത്തിനും സംസ്കരണത്തിനും വിപണനത്തിനും സ്വകാര്യമേഖലയ്ക്കുകൂടി അവകാശം ഉറപ്പിച്ചുകൊണ്ടാണ് നിയമഭേദഗതി. ഇതേത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് മൂന്ന് നിയമങ്ങൾകൂടി കേന്ദ്രസർക്കാർ കഴിഞ്ഞവർഷം കൊണ്ടുവന്നു. പോർബന്തറിലേയും കൊച്ചിയിലേയും ശില്പശാലയും തീരുമാനങ്ങളും ഇതിന്റെ തുടർച്ചയായിട്ട് വരുന്നതാണ്.

കേരളത്തിൽ അഞ്ചു സെക്ടറുകളിലായി 745 ദശലക്ഷം കടൽമണൽ നിക്ഷേപമുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് പഠനംനടത്തിയ ശൈലേഷ് നായിക് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി ഇതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ "ബ്ലൂ ഇക്കോണമി' പുസ്തകത്തിലാണ് ഇവയുടെ സ്വകാര്യവൽക്കരണ നയം പ്രഖ്യാപിച്ചത്. പ്രതിഷേധങ്ങൾക്ക് കൂച്ചുവിലങ്ങുകളുള്ള കോവിഡ്കാലത്താണ് ഇത് പ്രഖ്യാപിക്കപ്പെട്ടതും. കേരളത്തിൽ ചാവക്കാട്, പൊന്നാനി, ആലപ്പുഴ, കൊല്ലം തെക്ക്, കൊല്ലം വടക്ക് എന്നീ മേഖലകളിലാണ് വെള്ളമണൽ നിക്ഷേപമുള്ളത്. ഇതിൽ, കൊല്ലം സെക്ടറിൽനിന്നാണ് ഇപ്പോൾ ഖനനം നടത്തുക. തീരത്തുനിന്നും 33 കിലോമീറ്റർ അകലെയുള്ള 1-ാം ബ്ലോക്കിൽ 23 മിനറൽ ബ്ലോക്കുകളുണ്ട്. ഇവിടെനിന്നും 100.33 ദശലക്ഷം ടൺ മണലാണ് ഊറ്റുക. രണ്ടാം സെക്ടർ 30 കിലോമീറ്റർ അകലെയാണ്. അവിടെനിന്നും 100.64 ദശലക്ഷംടൺ മണലും 27 കിലോമീറ്റർ അകലെയുള്ള മൂന്നാംസെക്ടറിൽനിന്നും 101.45 ദശലക്ഷംടൺ മണലും ഖനനം ചെയ്യും. മൊത്തത്തിൽ 242 ചതുരശ്ര കിലോമീറ്ററിലായി 302.5

**വർക്കലമുതൽ അമ്പലപ്പുഴവരെ 85 കിലോമീറ്ററിലായും 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും പരന്നുകിടക്കുന്ന, ഇന്ത്യയിലെ 22 മത്സ്യസങ്കേതങ്ങളിൽ ഏറ്റവും ഉല്പാദനക്ഷമതയുള്ള കൊല്ലം പരപ്പ് എന്ന ക്വയിലോൺ ബാങ്കിൽ നിന്നാണ് ഇപ്പോൾ ഖനനം നടക്കുക.**

ദശലക്ഷംടൺ മണലൂറ്റുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ഗൗതം അദാനിയുടെ കമ്പനികളുടെ സക്ഷൻ ഹോപ്പർ, റോട്ടറി കട്ടർ, ബക്കറ്റ് ഡ്രഡ്ജർ തുടങ്ങിയ സംവിധാനങ്ങളും കപ്പലുകളും ഉപയോഗിച്ചാണ് ഡ്രഡ്ജിംഗ് നടത്തുക.

വർക്കലമുതൽ അമ്പലപ്പുഴവരെ 85 കിലോമീറ്ററിലായും 3300 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും പരന്നുകിടക്കുന്ന കൊല്ലം പരപ്പ് എന്ന ക്വയിലോൺ ബാങ്കിൽ നിന്നാണ് ഇപ്പോൾ ഖനനം നടക്കുക. 1961മുതൽ 1965വരെ ഇന്ത്യയിൽ പര്യവേക്ഷണം നടത്തിയ ഇൻറോ-നോർവീജിയൻ സംഘത്തിലെ കെയർലാർസണാണ് കൊല്ലം പരപ്പിന്റെ സവിശേഷത ലോകശ്രദ്ധയിൽ കൊണ്ടുവന്നത്. ഇന്ത്യയിലെ 22 മത്സ്യസങ്കേതങ്ങളിൽ ഏറ്റവും ഉല്പാദനക്ഷമതയുള്ള പ്രദേശമാണ് കൊല്ലം പരപ്പ്. സാൻറ് ലോബ്സ്റ്റർ, കരിക്കാടി, പൂവാലൻ, കലവ, പല്ലിക്കോര, കിളിമീൻ, ചാള, അയില, നെത്തോലി, വേളപ്പാര തുടങ്ങി കേരളത്തിലെ കയറ്റുമതി പ്രധാനവും, ആഭ്യന്തര ഉപഭോഗത്തിൽ പ്രധാനവുമായ മത്സ്യങ്ങൾ ധാരാളമായി ഇവിടെനി



ന്നും ലഭിക്കുന്നു. ആയിരത്തോളം ട്രോൾ ബോട്ടുകളും, അഞ്ഞൂറോളം ഫൈബർ വള്ളങ്ങളും നൂറോളം ഇൻ-ബോർഡ് വള്ളങ്ങളും ഇവിടെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. കേരളത്തിലെ രണ്ട് ലക്ഷത്തോളം സജീവ മത്സ്യത്തൊഴിലാളികളിൽ നാലിലൊന്നും ഇവിടെയാണ് കേന്ദ്രീകരിക്കുന്നത്. വാടി, ശക്തികുളങ്ങര, ചെറിയഴീക്കൽ, വലിയഴീക്കൽ, തോട്ടപ്പള്ളി, പുന്നപ്ര തുടങ്ങിയ മത്സ്യബന്ധന കേന്ദ്രങ്ങളുടെ വരുമാനത്തിന്റെ പ്രധാന ഉറവിടവും കൊല്ലംബാങ്ക്തന്നെയാണ്.

വെളുത്ത മണലിന്റെ മുകളിലായി 1-2 മീറ്റർ കനത്തിലുള്ള ചെളിയും അവശിഷ്ടങ്ങളുമടങ്ങുന്ന മേൽമണ്ണു നീക്കിയാണ് വെളുത്ത മണൽ പുറത്തെടുക്കുക. ഇതു സൃഷ്ടിക്കുന്ന കലക്കൽ, പുറത്തുവരുന്ന വിഷവാതകങ്ങൾ, ഖനലോഹങ്ങൾ ഇതെല്ലാം മത്സ്യമേഖലയെയാണ് പ്രതികൂലമായി ബാധിക്കുക.

ഇവിടെ ജീവിക്കുന്ന നങ്ക്, കരിക്കാടി, തിരണ്ടി കരിക്കാടി, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങളുടെ സങ്കേതങ്ങൾ തകർക്കപ്പെടും. കണവ, കൂന്തൽ തുടങ്ങിയ മത്സ്യങ്ങൾ മുട്ടയിട്ട് പാർക്കുന്ന ഇടങ്ങളും നഷ്ടപ്പെടും. പന്ത്രണ്ടുവർഷത്തിനുശേഷം തിരിച്ചുവരുന്ന മത്തിവളർച്ച മുരടിച്ചുപോയതിന്റെ പ്രധാന പ്രശ്നം അതിന്റെ ഭക്ഷണത്തിന്റെ അഭാവമാണ്. ഈ ഭക്ഷണം രൂപപ്പെടുന്ന പ്രക്രിയ കലക്കൽമൂലം പൂർണ്ണമായും തകർക്കപ്പെടും. കരയിൽ കൊണ്ടുപോയി ഇടുന്ന മണ്ണ് കഴുകുമ്പോഴുണ്ടാകുന്ന ലവണങ്ങൾ തീരദേശത്തേയും തകർക്കും. ഇതു കഴുകുന്നതിന് ശുദ്ധജലവും ലഭ്യമാക്കണം. കടലിലെ മത്സ്യങ്ങളുടെ പ്രജനനവും വളർച്ചയും തടസ്സപ്പെടും. മത്സ്യത്തൊഴിലാളികൾ മാത്രമല്ല, കേരളത്തിലെ ഗണ്യമായവിഭാഗം ഗവേഷകരും, സ്ഥാപനങ്ങളും ഇതുകൊണ്ടുതന്നെയാണ് ഈ നടപടിക്കെതിരേ രംഗത്തുവന്നിട്ടുള്ളത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി കടൽ നിരപ്പുയർന്നുകൊണ്ടിരിക്കുകയാണ്. ഓഖിക്കുശേഷം കേരളത്തിൽ ആറു കൊടുങ്കാറ്റുകളും അവ സൃഷ്ടിക്കുന്ന തീരശോഷണവും ഗുരുതരമാണ്. ഈ ദുരന്ത പ്രക്രിയകൾ വേഗത്തിലാകും.

സമ്പദ്ഘടനയെ വെറും വിഭവമായിമാത്രം കാണുന്ന ഭരണാധികാരികൾ ഇതൊക്കെ അവഗണിക്കുകയാണ്. ലോകത്ത് പല രാജ്യങ്ങളും മണ്ണെടുപ്പിന്റെ ഭാഗമായി തീരം തകർന്ന്, ബീച്ചുകൾ നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കുന്നുണ്ട്. വിവിധ കാലാവസ്ഥാ സമ്മേളനങ്ങളിൽ അവർ ഒറ്റക്കെട്ടായി ഈ വിഷയങ്ങളുന്നയിക്കുന്നുമുണ്ട്. കേരളതീരത്തെ കരിമണലും ഖനനം ചെയ്യാനുള്ള അവകാശം കേന്ദ്രം കവർന്നെടുത്തിരിക്കുകയാണ്. കരിമണലിന്റെ ആസ്തി 120 ബില്യൺ ഡോളറാണെന്നും കേന്ദ്രം വിലയിരുത്തുന്നുണ്ട്. പ്രാദേശിക ജനതയുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് പൊതുമേഖലയാണ് ഇപ്പോൾ ഖനനം നടത്തുന്നത്. സ്വകാര്യ കുത്തകകളെ ഇതേല്പിച്ചാൽ 'പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുന്ന' അനുഭവമായിരിക്കും.

ലോകത്തെ പ്രധാനപ്പെട്ട ഫിഷിംഗ് ഗ്രൗണ്ട്(മത്സ്യസങ്കേതം)കളൊക്കെത്തന്നെ തകർന്നിരിക്കുകയാണെന്ന് ഐക്യരാഷ്ട്ര സംഘടന വിലയിരുത്തുന്നു. കുറച്ചെന്തെങ്കിലും മത്സ്യങ്ങൾ അവശേഷിക്കുന്ന അറബിക്കടലിനേയും, ബംഗാൾ ഉൾക്കടലിനേയും തകർക്കുന്ന നടപടികളാണ് കേന്ദ്രം എടുക്കുന്നത്. ഇപ്പോൾതന്നെ കടലാമയുടെ പേരിലും, സസ്തനികളുടെ പേരിലും കയറ്റുമതിക്ക് നിരോധനം നേരിടുന്ന മേഖലയാണിത്. മത്തിയുടെ തകർച്ചയിൽനിന്നും ഇതുവരേയായിട്ടും മോചനം ലഭിച്ചിട്ടുമില്ല. ഇങ്ങനെ പ്രതിസന്ധിഗ്രസ്ഥമായ മേഖലയെ പൂർണ്ണമായും തകർക്കുന്ന നടപടിയാണ് ഡ്രഡ്ജിംഗ്. ഒരു ശരാശരി മലയാളി പ്രതിവർഷം 32 കിലോഗ്രാം മത്സ്യംകഴിക്കുന്നുവെന്നാണ് കണക്ക്. ആരോഗ്യരംഗത്തും സമ്പദ് ഘടനയിലും, തൊഴിൽമേഖലയിലും സുപ്രധാന പങ്ക് വഹിക്കുന്ന മത്സ്യമേഖലയെ സംരക്ഷിക്കാൻ ഒറ്റക്കെട്ടായ പരിശ്രമം ആവശ്യമാണ്. ●

കഥ

# കച്ചവടക്കാരി

പ്രവീൺ പി



വെറും തറയിൽ അരസാരി വിരിച്ച് മാണ്ട് കിടക്കുന്ന കച്ചവടക്കാരി കാലപ്പൂയ മണിച്ചെത്തം കേട്ടാണെഴുന്നേറ്റത്. മൂക്കരി, സോപ്പ്, പക്കറ്റ്, തോർത്ത് ഒക്കെ എടുത്ത് കൂട്ടുകാരുമൊത്തവൾ ആറ്റിൽ കുളിക്കാൻ പോയി. അപ്പുറത്തുനിന്നും ചിലർ ഒത്ത് പാക്കാൻ കാട്ടിൽ ഇടം പിടിച്ചിട്ടുണ്ടാകുമെന്നവൾ പിറുപിറുത്തു.

ഒരു പുള്ളി മീൻ ഏലം വിളിച്ചെടുക്കാൻ ലോട്കാരനോട് ചെറുതായൊന്നുമല്ലവൾ മല്ലിട്ടത്. ലേലം കേറുമ്പോൾ പുഞ്ചിരി വീഴുന്ന വള്ളക്കാരന്റെ മുഖമവൾ തുറിച്ചു നോക്കിയത് വള്ളക്കാരന്റെ ഇളയ മകൻ പഠിത്തക്കാരന് അമ്മയോട് പറഞ്ഞ് ചിരിക്കാൻ ഇന്നത്തേക്കായി. ലേലം വിളിക്കുന്ന പത്രോസ് ഏലപ്പീസായി കാലുകൊണ്ട് വലിച്ചു നീക്കുന്ന രണ്ട് അയലയിലും, ഉടുപ്പിടാതെ നിൽക്കുന്ന ഇളയമകന്റെ എടുപ്പ് മീൻ കണ്ണഞ്ചാളയിലും വേറൊരു കച്ചവടക്കാരിക്ക് കണ്ണുണ്ട്.

ചുമട്ടുകൂലി, പള്ളിക്ക് ചുങ്കം, ലോട്കാരന് പങ്കം എല്ലാം കൊടുത്ത് കഴിഞ്ഞ് മൊട്ട അനീഷിന്റെ പളയ പെട്ടിയോട്ടോയിൽ ദൂരെയുള്ള ചന്തയിലേക്കവൾ യാത്രയായി. ബസിൽ കയറിയാൽ കണ്ടക്ടർ ഉണ്ടക്കണ്ണൻ അവളെ വിരട്ടി വിടുമെന്ന് മൊട്ട അനീഷിനറിയാം. അവളുടെ ചപ്പിയ ചരുവവും ചുമ്മാടിന്റെ കളറും സ്ഥിരമായി മീൻ വാങ്ങാൻ വരുന്ന സാറിന് മാസ്ക് വെച്ച അവളെ കച്ചവടക്കാരികളുടെ കൂട്ടത്തിൽ നിന്ന് കണ്ടെത്താൻ സഹായിച്ചു.

ചിപ്പി വിൽക്കുന്ന വിളിഞ്ചത്ത്കാറി ഏങ്കിക്കരയുന്നത് ഏനന്നവൾ കേട്ടപ്പോൾ അദാനിയുടെ ആളുകൾ വന്ന് ഒഴിപ്പിച്ച് തുടങ്ങിയെന്നറിഞ്ഞു. ഇരിന്ത് വിക്കിണ ഇടത്തിൽതന്നെ തിരിഞ്ഞിരുന്ന് കഴിക്കുക പതിവാണ് കച്ചവടക്കാരിക്ക്. കെളപ്പിൽ പോയാലവളുടെ വേഷവും മീൻ മണവും മറ്റ് ജാതിക്കാർക്ക് നാറ്റം പോലെയാണ് തോന്നുക. അവിങ്ക മീൻ വാങ്ങാൻ വരുമ്പോൾ  മനസ്സിൽ ഒന്നും വച്ചേക്കാതെ വില കുറച്ച് കൊടുക്കുവ അവ.

സ്കൂൾ കഴിഞ്ഞെന്ന് തോന്നുന്നു. പിള്ളേർക്ക് ചക്കയും മാങ്കായും വാങ്ങിക്കൊണ്ട് ചെല്ലണം. മൂക്കുത്തിക്കാറി മത്തവ ചക്കയും മറ്റുമായി ഈച്ച അടിച്ചണ്ട് ഇരിപ്പുണ്ട്. മടക്കയാത്രയിലവൾ മനസ്സിൽ പറഞ്ഞു, മക്ക IAS ആകണം എന്നിട്ട് അന്തസാട്ട് ചൊല്ലണം "എങ്ക അമ്മ  ഒരു കച്ചവടക്കാറിയണ്". വീട്ടിലെ വെറും തറയിൽ മേൽമുണ്ട് വിരിച്ച് മാണ്ട് കിടപ്പാണവൾ നാളെയും പോകണം മീന് വിക്കോണ്ടി.

•





ലേഖനം

# മരണാനന്തരം


## നോമ്പിന്റെ ആത്മീയതയെക്കുറിച്ച്

ഫാ. ജോസ് സുരേഷ്



ഭക്തനായ ഒരു ബാലനായിരുന്നു നീഷേ. അവന്റെ ചുറ്റുപാടുകളെല്ലാം ഭക്തിമയമായിരുന്നു. നീഷേയുടെ അപ്പൻ പാസ്റ്ററായിരുന്നു. ഒരു അമ്മാവൻ ബിഷപ്പായിരുന്നു. അപ്പൻ ജീവിച്ചത് ദൈവത്തിന് സാക്ഷ്യം നൽകാൻ മാത്രമായിരുന്നു. പത്ത് പതിന്നാല് വയസ്സായപ്പോൾ തന്നെ അതിബുദ്ധിമാനായിരുന്ന നീഷേ ബൈബിളിൽ പലതും മന:പാഠമാക്കി. പലരും കരുതി നീഷേ പ്രശസ്തനായൊരു ബിഷപ്പാകുമെന്ന്. പക്ഷേ, അപ്പന്റെ മരണം നീഷേയുടെ ജീവിതത്തെ തിരിച്ചെഴുതി. ദൈവത്തിനുവേണ്ടിമാത്രം ജീവിച്ച അപ്പന്റെ അവസാന നാളുകൾ ദാരുണമായിരുന്നു. ക്യാൻസർ ബാധിതനായി നീണ്ടനാൾ സഹനത്തിന്റെ കയ്പുനീർ കുടിച്ചിറക്കി അപ്പൻ മരിച്ചപ്പോൾ നീഷേയുടെ ദൈവ വിശ്വാസം ഛിന്ന ഭിന്നമായി. ദൈവത്തിനെതിരെ നീഷേ ഹൃദയം കഠിനമാക്കി.

കുഞ്ഞുനീഷേക്ക് സ്നാനം നൽകിക്കൊണ്ട് അപ്പൻ സംസാരിച്ചത് നന്മയെയും തിന്മയെയും കുറിച്ചായിരിന്നു. വളർന്നു വലുതായപ്പോൾ ഈ കുട്ടിയുടെ മുമ്പിൽ നന്മയും തിന്മയും ഉണ്ടാകും. ഇതിൽ ഏത് തിരഞ്ഞെടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഇവന്റെ ഭാവി. പക്ഷേ, ക്രിസ്തുവിന്റെ ആത്മാവ് ഇവനെ നന്മ തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കും. ഇതായിരുന്നു പ്രസംഗത്തിന്റെ ഉള്ളടക്കം. പക്ഷേ, മകൻ വളർന്നുവലുതായപ്പോൾ നന്മയെയും തിന്മയെയും ഒരുപോലെ തിരസ്കരിച്ചു. നന്മയും തിന്മയും എന്ന വേർതിരിവുതന്നെ അസംബന്ധമാണെന്ന തിരിച്ചറിവിലേക്ക് കടന്നു. യഥാർത്ഥജീവിതം നന്മക്കും തിന്മയ്ക്കും മുകളിലുമാണെന്ന് അവൻ എഴുതുന്ന പുസ്തകം ഉണ്ട്. അതിന്റെ പേര്, 'Beyond Good and Evil' എന്നാണ്. മകന്റെ ഈ പുസ്തകം വായിക്കാൻ അപ്പൻ ജീവിച്ചിരുന്നില്ല.



അവിടംകൊണ്ട് തീർന്നില്ല. വെറുക്കുന്നവരുടെമേൽ ശാപവും, സ്നേഹിക്കുന്നവരുടെമേൽ അനുഗ്രഹവും വർഷിച്ചുകൊണ്ട് വിധികളുടെ ഉഗ്രശാസനകളുമായി മനുഷ്യജന്മങ്ങളെ വിറങ്ങലിപ്പിച്ച് ഭരിക്കുന്ന ദൈവത്തെ അവന്റെ ഏകാധിപത്യ സിംഹാസനത്തിൽ നിന്നും താഴെയിറക്കാൻ നീഷേ ഇറങ്ങിത്തിരിച്ചു. ഭ്രാന്തിനെ സ്വയം ഏറ്റെടുത്ത സരാതുഷ്ട്ര എന്ന കഥാപാത്രത്തെക്കൊണ്ട് ഉച്ചത്തിൽ വിളിച്ചു പറയിപ്പിച്ചു, “God is dead.” കേൾവിക്കാരുടെമേൽ സരാതുഷ്ട്രയുടെ വാക്കുകൾ ഒരു അശനിപാതംപോലെ പതിച്ചു. നീഷേയെ വായിക്കുക എന്നതുതന്നെ തലയിൽ ആണികൾ അടിച്ചു കയറ്റുന്ന അനുഭവത്തിലൂടെ കടന്നുപോകുക എന്നതാണ്.

ദൈവം മരിച്ചു എന്ന നീഷേയുടെ പുതിയ വിശേഷം എന്താണ് അർത്ഥമാക്കുന്നത് ? ദൈവം മരിച്ചു എന്നു പറയുമ്പോൾ, ദൈവം ഒരിക്കൽ ഉണ്ടായിരിന്നു എന്നത് അർത്ഥമാക്കുന്നുണ്ട്. അങ്ങനെയെങ്കിൽ എങ്ങനെയാണ് ദൈവം മരിച്ചത് ? ആരാണ് ദൈവത്തെ കൊന്നത്? ദെസ്തോവ്സ്കിയുടെ ഇവാൻ പറയുന്നതുപോലെ, ദൈവമില്ലാതായാൽ എന്തും അനുവദനീയമാണോ? അതോ ദെല്യൂസ് പറയുന്നതു പോലെ, ദൈവമില്ലങ്കിൽ ഒന്നും അനുവദനീയമല്ല എന്നതാണോ ശരി?

പലരും പലരീതിയിലാണ് ഇതിനോട് പ്രതികരിച്ചത്. ചിലർ death of God തിയോളജിക്ക് രൂപം നൽകി. ഹ്യൂമനിസവും മാർക്സിസവും ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യനെ പ്രതിഷ്ഠിച്ചു. ആ മനുഷ്യൻ ദൈവത്തേക്കാൾ ഭീകരനായി. സ്റ്റാലിൻ ഒറ്റക്ക് അനേകലക്ഷം നിഷ്കളങ്ക മനുഷ്യരെ കാലപുരിക്കയച്ചു. ഹിറ്റ്ലർ സ്വയം രക്ഷകനായി മാറി, ആറുകോടി യഹൂദരെ കശാപ്പു ചെയ്തു. മനുഷ്യൻ പുഴുക്കളെപ്പോലെ ചത്തു കുന്നുകൂടിയ രണ്ടു ലോക മഹായുദ്ധങ്ങളും മനുഷ്യൻ ദൈവമല്ല എന്നതിന്റെ തെളിവായിരിന്നു. ഇതിന് പുതിയ തെളിവുകൾ വന്നുകൊണ്ടിരിക്കുന്നു.

ദൈവം മരിച്ചു എന്ന് നീഷേ പറയുമ്പോൾ അത് എന്താണ് അർത്ഥമാക്കുന്നത് എന്ന് തിരിച്ചറിയുന്നത് ദെല്യൂസ് ആണ്. ഇതിന് ദെല്യൂസിനെ സഹായിക്കുന്നത് മധ്യകാലഘട്ടത്തിലെ ഏറ്റവും വ്യത്യസ്ത ചിന്തകനും ഫ്രാൻസിസ്കൻ സന്യാസ പുരോഹിതനുമായിരുന്ന ഡൺ സ്കോട്ടസാണ്. മനുഷ്യനെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന ആശയങ്ങൾകൊണ്ടുതന്നെ ദൈവത്തെയും വിശദീകരിക്കാം എന്നും സത്താപരമായി ദൈവവും മനുഷ്യനും തമ്മിൽ വ്യത്യാസമില്ല എന്നും പറയുന്ന ഡൺ സ്കോട്ടസിന്റെ Univocity തിയറിയിൽ ആകൃഷ്ടരായവരാണ് നീഷേയും സ്പിനോസയും ദെല്യൂസും. ഇതനുസരിച്ച്, ദൈവം ഒന്നേയുള്ളു എന്നാൽ സൃഷ്ടികളെല്ലാം ദൈവത്തിന്റെ ബാഹുല്യമായ വിവിധ ഭാവങ്ങളാണ്. അപ്പോൾ മനുഷ്യന്റെയും പ്രകൃതിജാലങ്ങളുടെയും ജീവിതവും മരണവും ദൈവത്തിന്റെയും ജീവിതവും മരണവുമാണ്.

ഈ ചിന്തയുടെ പ്രധാന പ്രതിഫലനം എന്നത് അതുവരെ പ്രപഞ്ചത്തിന് അതീന്ദ്രിയനായി, അതിരനായി നിന്നിരുന്ന ദൈവത്തെ പ്രപഞ്ചത്തിൽ അന്തർലീനനാക്കി എന്നുള്ളതാണ്. അതിരനായി നിലനിൽക്കുന്ന ദൈവം പ്രപഞ്ചത്തിനും സൃഷ്ടികൾക്ക് വിലങ്ങുതടിയായി നിന്നുകൊണ്ട് അതിന്റെ പുതിയ ഭാവങ്ങളെ ചെറുക്കും. അങ്ങനെയൊരു ദൈവം ഉണ്ടങ്കിൽ ആ ദൈവം മരിച്ചിരിക്കുന്നു. കുറ്റാരോപണങ്ങളുടെ ദണ്ഡനവിധികളുമായി നിൽക്കുന്ന ദൈവം കൊല്ലപ്പെട്ടു എന്ന് നീഷേയുടെ ദൈവം മരിച്ചു എന്ന പ്രവചനത്തിൽനിന്നും പോൾ റിക്കറും മനസ്സിലാക്കുന്നു. ദൈവം മരിച്ചു എന്ന് നീഷേ പറയുന്നത് ഒരു അനുമാനപരമായ പ്രസ്താവനയല്ല, പകരം അതൊരു നാടകാത്മകമായ പ്രസ്താവനയാണെന്ന് ദെല്യൂസ് തിരിച്ചറിയുന്നു. ഒരു നാടകാത്മക പ്രസ്താവന എന്ന നിലയിൽ ദൈവം ഉണ്ടോ ഇല്ലയോ എന്ന വാസ്തവവുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഭൂമിയിൽ അന്തർലീനനായിരിക്കുന്ന ദൈവത്തെ അന്വേഷിക്കാനും ദൈവത്തെക്കുറിച്ച് അനുമാനപരമായ എന്തെങ്കിലും അറിവ് മനുഷ്യന് സാധിക്കുമോ എന്ന് അന്വേഷിക്കാനും ഇത് പ്രേരിപ്പിക്കുന്നുണ്ട്.

ഇമ്മാനുവേൽ കാൻറ് അറിവിനെ അനലറ്റിക്ക് എന്നും സിന്തറ്റിക് എന്നും വേർതിരിച്ചു. അനലറ്റിക് ആയ പ്രസ്താവനകളിൽ പുതിയതായി യാതൊരു അറിവുമില്ല. മനുഷ്യൻ ജീവനുള്ള ഒരു ജീവിയാണ് എന്നതൊരു അനലറ്റിക് പ്രസ്താവനയാണ്. അനലറ്റിക് പ്രസ്താവനകൾക്ക് അനുഭവുമായി എന്തെങ്കിലും

ബന്ധം ഉണ്ടാകണമെന്നില്ല. അനുഭവങ്ങളിലൂടെ രൂപപ്പെടുന്ന സിന്തറ്റിക് പ്രസ്താവനകൾ പുതിയൊരു അറിവാണ് പ്രദാനം ചെയ്യുന്നത്. വെള്ളം നൂറ് ഡിഗ്രി സെൽഷ്യസിൽ തിളക്കുന്നു എന്നത് സിന്തറ്റിക് പ്രസ്താവനയാണ്. ദൈവത്തെക്കുറിച്ച് സിന്തറ്റിക് അറിവ് സാധ്യമാണോ? സിന്തറ്റിക് അറിവുകൾ തെറ്റാണോ ശരിയാണോ എന്ന് തീരുമാനിക്കുന്ന മാനദണ്ഡം അനുഭവമായതിനാൽ ദൈവം ഭൂമിയുടെ ഭാഗമായാൽ മാത്രമേ സിന്തറ്റിക് ആയിട്ട് ദൈവത്തെക്കുറിച്ച് സംസാരിക്കാൻ സാധിക്കുകയുള്ളു. ദൈവം ഭൂമിയുടെ ഭാഗമായാൽ സമയ ക്രമത്തിൽനിന്നും അവന് മാറി നിൽക്കാനാകില്ല. സമയക്രമത്തിൽ ച്യുതികളുണ്ട്. ദൈവത്തിനിവിടെ അച്യുതൻ ആകാനാകില്ല. മരണത്തിന് ദൈവം വിധേയമാകേണ്ടിവരും.

ഡൺ സ്കോട്ടസിന്റെ Univocity തീയറി ചെയ്യുന്നത് ദൈവത്തെ ഭൂമിയിൽ അന്തർലീനമാക്കിക്കൊണ്ട് ദൈവത്തെക്കുറിച്ചുള്ള അറിവുകൾ തിരയുക എന്നതാണ്. ഏകവും പരമവുമായ ദൈവം നിരവധി സാധ്യതകളുടെ ഒരു സൂക്ഷിപ്പാണ്. ഏകവും പരമവുമായ ദൈവം ഭൂമിയിൽ അന്തർലീനനായപ്പോൾ അതിന്റെ സാധ്യതകളും ആകസ്മികതകളും അവനിൽ കുടിയേറി. ഇവിടെ ഏകദൈവംതന്നെ ഒരു ബഹുസ്വരതയാണ്, നിരവധിയായ ഭാവങ്ങളാണ്. ഈ ദൈവത്തെ അന്വേഷിക്കുന്നതിൽ നിരീശ്വരവാദത്തിനും സാധ്യതയുണ്ട്. ഭൂമിയുടെ നന്മകളിൽ വിശ്വസിക്കാൻ സഹായിക്കുമ്പോൾ നിരീശ്വരവാദംപോലും ദൈവത്തെ കണ്ടെത്താൻ ഇടയാക്കിയേക്കാം. ബഹുസ്വരമായ്, നിരവധിയായ് മാറി ജനന, സഹന, മരണ, ഉത്ഥാന ആകസ്മികതകളിലൂടെ നടന്നുവരുന്ന ദൈവത്തെ അഭിമുഖീകരിക്കുന്നത് ശരിയായ ഈശ്വര വിശ്വാസമായി മാറുന്നു. ജനനവും മരണവുമാണ് മനുഷ്യന്റെ ഏറ്റവും വലിയ ആകസ്മികതകൾ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു തടവുകാരൻ കഴുത്തിൽ കയറുമായി നിൽക്കുമ്പോഴും മരണം ആകസ്മികതയാണ്. ഈ ആകസ്മികതകളിലൂടെ കടന്നുപോയില്ലങ്കിൽ ദൈവം ഭൂമിയുടെ ഭാഗമാണെന്ന് പറയാനാകില്ല.

ക്രിസ്തുവിന്റെ ജനന മരണ ഉത്ഥാനത്തിനെ ആകസ്മികമായിട്ടുതന്നെ കരുതണം. പിടിക്കപ്പെടുമെന്നു തോന്നിയപ്പോൾ പലപ്പോഴും ഓടി രക്ഷപ്പെട്ടതും, സഹനത്തെയും മരണത്തെയും പേടിച്ച് വിവശനായി ഗെത്സെമനിയിൽ രക്തം വിയർക്കുന്നതും, കുരിശിൽ കിടന്ന് കരയുന്നതും ആകസ്മികതകളിൽ പെട്ടുപോയതിന്റെ തെളിവുകളാണ്. ഈ ആകസ്മികതകൾ ഇല്ലങ്കിൽ അവന് മനുഷ്യത്വം അവകാശപ്പെടാനാവില്ല. ഇതിലൂടെ ക്രിസ്തു ദൈവത്തിന്റെ ബഹുസ്വരതകളെ പ്രകാശിച്ച് നിൽക്കുന്നു. അപ്പോൾ, ക്രിസ്തുവിന്റെ മരണം അനേകം മരണങ്ങളുടെ കഥയാണ്. അപമാനിക്കപ്പെടുന്ന, മാനഭംഗം ചെയ്യപ്പെടുന്ന സ്ത്രീകളുടെ മരണം നഗ്നനായി കിടക്കുന്ന ക്രൂശിതനിലുണ്ട്. " Each of my wound is a violation," സാർത്രിന്റെ നാടകത്തിലെ മാനഭംഗം ചെയ്യപ്പെട്ട ഒരു പെൺകുട്ടി പറയുന്നു.



ഉറ്റവരും ഉടയവരുമില്ലാതെ ഏകാന്തതയിൽകിടന്നു മരിക്കുന്ന വൃദ്ധരുടെ മരണമായിരുന്നു അവന്റേത്. ഡിസക്ഷൻ ടേബിളിലെ തവളകളുടെയും മരണമായിരുന്നു അവന്റെത്.

അപ്പോൾ, അവന്റെ ഉത്ഥാനവും അനേകരുടെ ഉത്ഥാനത്തിന്റെ കഥയാണ്. ക്രിസ്തുവിന്റെ ഉത്ഥാനം അവനിലേക്ക് ചുരുക്കുന്നതും അവനുവേണ്ടിമാത്രം ജയഘോഷം മുഴക്കുന്നതും അപകടമാണ്. ഒരുപക്ഷേ, എല്ലാവരും ഉയർക്കാൻ അനുവദിച്ചുകൊണ്ട് അവനിപ്പോഴും കുരിശിൽ മരണപ്പെട്ടു കിടക്കുന്നുണ്ടാകും. അവന്റെ ഉത്ഥാനം ഒരിക്കലും അവനിലേക്ക് ചുരുങ്ങാതിരിക്കാൻ അവൻ ഇതിനും തയ്യാറാകും.

ഉത്ഥിതനെ കൂടുതൽ ദൈവമാക്കുന്നതും അപകടമാണ്. ഉത്ഥാനം അവന് കൂടുതൽ മനുഷ്യനാകാനുള്ള അവസരമാണ് നൽകിയത്. ഒരു ഉഗ്രമായ മരണത്തിന്റെ ക്ഷീണവും, കഷ്ടതയും, മുറിവുകളും ഉത്ഥിതനെ വിടാതെ നിൽപ്പുണ്ട്. അതവനെ മനുഷ്യരിൽ ഏറ്റവും അപരിചിതനാക്കി മാറ്റി, തോട്ടക്കാരനാക്കി മാറ്റി. ഒരു വറുത്ത മീൻ സ്വാദോടെ രുചിക്കുന്ന തികച്ചും ഭൗതീകനാക്കി മാറ്റി. ഉത്ഥാനം കൂടുതൽ ദൈവീകതയിലേക്കുള്ള വഴിയല്ല, കൂടുതൽ മനുഷ്യത്വത്തിലേക്കും കൂടുതൽ ഭൗതീകതയിലേക്കും അത് പുതിയ വഴികൾ തുറക്കുന്നു. ആ ക്രിസ്തുവിൽ ഇപ്പോൾ എല്ലാ മനുഷ്യരും, എല്ലാ വസ്തുക്കളും അവരുടെ ജനനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ആകസ്മികതകൾ നിറഞ്ഞ കഥകൾ പറയാനായി വരുന്നു. •



# കാനോൻ നിയമം
## അനുരഞ്ജന തർക്കപരിഹാര സംവിധാനവും തിരുവനന്തപുരം അതിരൂപതയും



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

### ആമുഖം

ഈ ഭൂമിയിൽ ജനിക്കുന്ന ഓരോ വ്യക്തിയും ഒരേസമയം കുടുംബത്തിൻറെയും സമൂഹത്തിൻറെയും ഭാഗമാണ്. മനുഷ്യൻറെ സാമൂഹിക ഭാഗഭാഗിത്വം നിർണ്ണയിക്കുന്നതിൽ സമൂഹത്തിൻറെ സിവിൽപരമായ ഘടനയ്ക്കും വിശ്വാസപരമായ ഘടനയ്ക്കും വെവ്വേറെ പങ്കാണുള്ളത്. അതുകൊണ്ടുതന്നെ സിവിൽപരമായും വിശ്വാസപരമായും മനുഷ്യന് തനതായ അവകാശങ്ങളും കടമകളും ഉണ്ട്. മനുഷ്യാവകാശങ്ങൾ പോലെയുള്ള അവകാശങ്ങൾ മനുഷ്യൻറെ അടിസ്ഥാന അവകാശങ്ങളായി നിലകൊള്ളുമ്പോൾ മറ്റുചില അവകാശങ്ങൾ ആപേക്ഷികമോ സാന്ദർഭികമോ ആണ്. അടിസ്ഥാന അവകാശങ്ങൾ ഭരണഘടനാ നിയമങ്ങളിലൂടെ നിർണ്ണയിക്കുമ്പോൾ ആപേക്ഷികമായ അവകാശങ്ങൾ നിർണ്ണയിക്കുന്നത് ഭരണഘടനാവിരുദ്ധമല്ലാത്ത മറ്റു നിയമങ്ങളിലൂടെയാണ്.

### അനുരഞ്ജന തർക്കപരിഹാരം ബൈബിളിലും സഭയിലും

വിശ്വാസികളെന്ന നിലയിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേല്യരുടെയിടയിലും നവ ഇസ്രായേലായ ക്രൈസ്തവരുടെയിടയിലും തർക്കങ്ങൾ നിലനിന്നിരുന്നതായി വിശുദ്ധ ഗ്രന്ഥം വ്യക്തമാക്കുന്നു. ദൈവിക-ക്രൈസ്തവ മൂല്യങ്ങളായ ക്ഷമ, കരുണ, സാഹോദര്യം, സമാധാനം എന്നിവയിലൂടെ തങ്ങൾക്കിടയിലുണ്ടായ അജപാലനപരമായ തർക്കങ്ങളെ പരിഹരിക്കാൻ ക്രൈസ്തവ സമൂഹം ശ്രമിച്ചിരുന്നതായി പുതിയ നിയമവും (മത്താ. 18:15-17; ഗലാ. 2:1-14; 1 കോറി. 6:5) സഭാപാരമ്പര്യവും വ്യക്തമാക്കുന്നു.

സിവിൽ സമൂഹത്തിലും കത്തോലിക്കാ സഭയിലും ഉണ്ടാകുന്ന വ്യവഹാരങ്ങൾ അഥവാ തർക്കങ്ങൾ പരിഹരിക്കാനുള്ള സ്വാഭാവിക സംവിധാനമാണ് ജുഡീഷ്യൽ സംവിധാനം. ജുഡീഷ്യൽ സംവിധാനത്തിലൂടെയുള്ള തർക്കപരിഹാര അഥവാ വ്യവഹാര തീർപ്പ് കാലതാമസം നേരിടുന്നു. കാലതാമസം കൂടാതെ തർക്കപരിഹാരം തേടാവുന്ന കാര്യങ്ങളും സംവിധാനങ്ങളും ഭൗതിക (സിവിൽ) രാജ്യങ്ങൾക്കും കത്തോലിക്കാ സഭയ്ക്കുമുണ്ട്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1713-1716 വ്യവഹാരങ്ങൾ അഥവാ തർക്കങ്ങൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുന്നു. അതനുസരിച്ച് ഒന്നോ അതിൽക്കൂടുതലോ മദ്ധ്യസ്ഥരിലൂടെ അജപാലനപരമായ തർക്കങ്ങൾക്ക് അനുരഞ്ജനം തേടാവുന്നതാണ്. അജപാലനപരമായ തർക്കങ്ങളും സിവിൽ അംഗീകാരം ലഭിക്കാവുന്ന കത്തോലിക്കരുടെ ഇടയിലെ തർക്കങ്ങളും മദ്ധ്യസ്ഥരിലൂടെ പരിഹാരം കാണാൻ കാനോൻ നിയമം അധികാരം നല്കുന്നു. ആ അധികാരം ഉപയോഗിച്ച്, അനുവദനീയമായ വിഷയങ്ങളിന്മേൽ ഉണ്ടാകുന്ന, തർക്കങ്ങൾക്ക് പരിഹാരം തേടാനുള്ള സംവിധാനമാണ് അനുരഞ്ജന തർക്കപരിഹാര സമിതി.

### അനുരഞ്ജന തർക്കപരിഹാര സംവിധാനത്തിനതീതമായ കാര്യങ്ങൾ

പ്രധാനമായും രണ്ടുതരം കാര്യങ്ങൾ അനുരഞ്ജന തർക്കപരിഹാര സംവിധാനത്തിനതീതമാണ്:

1. ജീവിതാവസ്ഥ സംബന്ധിച്ച കാര്യങ്ങൾ - അവ യഥാക്രമം, വിവാഹം, തിരുപ്പട്ടം, സമർപ്പിത ജീവിതം എന്നിവയാണ്.

2. കാനോൻ നിയമത്താൽ ശിക്ഷാർഹമായ കാര്യങ്ങൾ അതനുസരിച്ച് സ്വാഭാവികമായ ശിക്ഷയാലോ നിയമാനുസൃത നടപടികളിലൂടെയുള്ള പ്രഖ്യാപിത ശിക്ഷയാലോ കൂദാശകൾ സ്വീകരിക്കുന്നതിനോ സഭാതലത്തിൽ ചുമതലകളോ ശുശ്രൂഷകളോ നിർവ്വഹിക്കാൻ വിലക്കപ്പെട്ട വിശ്വാസികൾക്ക് വിലക്കിന് കാരണമായ സാഹചര്യം ഇല്ലാതാകുമ്പോൾ അവർക്കെതിരെയുള്ള വിലക്കുകളും ഇല്ലാതാകുന്നതാണ്. സ്വാഭാവികമായ ശിക്ഷയ്ക്ക് കാരണമായ സാഹചര്യം ഇല്ലാതാകുമ്പോൾ ടി ശിക്ഷകൾ സ്വാഭാവികമായിത്തന്നെ അവസാനിക്കുന്നതാണ്. ഉദാ. CIC 915 പരസ്യമായി ഗൗരവപൂർണ്ണമായ പാപത്തിൽ നിലനില്ക്കുക. അതേസമയം പ്രഖ്യാപിത ശിക്ഷയ്ക്ക് കാരണമായ സാഹചര്യം ഇല്ലാതാകുമ്പോൾ അക്കാര്യം നിയമാനുസൃത മേലധികാരിയെ അറിയിച്ച് ടി ശിക്ഷ ഒഴിവാക്കിയെടുക്കേണ്ടതാണ്. ഉദാ. CIC 1364/1 വിശ്വാസ ത്യാഗം, പാഷാണ്ഡത, വിശ്വാസ അപചയം; CIC 1367 ദിവ്യകാരുണ്യ അവഹേളനം; CIC 316/1 കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ചവരെയും, സഭാകൂട്ടായ്മ ഉപേക്ഷിച്ചവരെയും സഭയിൽനിന്നുള്ള പുറത്താക്കൽ ശിക്ഷ ചുമത്തപ്പെടുകയോ പ്രഖ്യാപിക്കപ്പെടുകയോ ചെയ്തവരെയും സഭയുടെ പൊതുസംഘടനകളിൽ സ്വീകരിക്കാൻ പാടുള്ളതല്ല. ഇവയ്ക്കുപുറമേ, കാനോൻ നിയമത്തിൻറെ ചുവടുപിടിച്ചുകൊണ്ടും കാനോൻ നിയമത്തിന് വിരുദ്ധമാകാത്തവിധവും പ്രാദേശിക സഭയ്ക്കുവേണ്ടി പ്രാദേശിക സഭാധികാരിയായ രൂപതാദ്ധ്യക്ഷന് ചില വിലക്കുകളും ശിക്ഷകളും കല്പിച്ച് നടപ്പിലാക്കാവുന്നതാണ്.

ഇടവകയിൽ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച ആക്ഷേപമുള്ളപ്പോൾ തെളിവുകളോടുകൂടി പരാതി ആദ്യം ഫെറോനവികാരിയ്ക്കും, ആവശ്യമെങ്കിൽ തുടർന്ന് വികാരി ജനറലിനും അതിരൂപതാദ്ധ്യക്ഷനും നല്കാവുന്നതാണ്. മേൽത്തട്ടുകളിലേയ്ക്കുള്ള പരാതികൾ നല്കുമ്പോൾ രണ്ടാഴ്ചയിൽ കുറയാത്ത സമയപരിധി പാലിക്കേണ്ടതാണ്. (തുടരും...)

ലേഖനം








# ശുശ്രൂഷ പ്രവർത്തനങ്ങളും നിർവഹണ സമീപനങ്ങളും

ഫാ. സബാസ് ഇഗ്നേഷ്യസ്

**കുടുംബ യൂണിറ്റുകൾവഴി രൂപംനൽകിയ ശുശ്രൂഷ സംവിധാനവും അതിന്റെ പ്രവർത്തനങ്ങളും മുന്നോട്ടുപോകുന്നതിൽ പ്രസക്തിയുണ്ടോ?**

**എത്രമാത്രം ഈ സംവിധാനത്തിലൂടെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നു?**

**ഇവയുടെ നിർവ്വഹണ സമീപനങ്ങളിൽ ഉണ്ടാകേണ്ട വ്യക്തതകളെന്തെല്ലാം?**



തിരുവനന്തപുരം അതിരൂപതയിൽ അടിസ്ഥാന ക്രൈസ്തവ സമൂഹാധിഷ്ഠിതമായ (Basic Christian Community) അജപാലന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഇരുപത്തഞ്ചിലേറെ വർഷങ്ങൾ പിന്നിടുന്നു. കോട്ടാർ ഒത്തുവാസ നയരൂപീകരണത്തിന്റെ ഭാഗമായി ആദ്യകാലങ്ങളിൽ നാലു ശുശ്രൂഷകൾക്ക് രൂപം നൽകിയെങ്കിലും പിൽക്കാലത്ത് അവയെ എട്ടു ശുശ്രൂഷകളാക്കിമാറ്റി പ്രവർത്തന ഘടനകൾ വിപുലമാക്കിയിട്ടുണ്ട്. പലപ്പോഴും ഉയരുന്ന ചോദ്യങ്ങൾ: കുടുംബ യൂണിറ്റുകൾവഴി രൂപംനൽകിയ ശുശ്രൂഷ സംവിധാനവും അതിന്റെ പ്രവർത്തനങ്ങളും മുന്നോട്ടുപോകുന്നതിൽ പ്രസക്തിയുണ്ടോ? എത്രമാത്രം ഈ സംവിധാനത്തിലൂടെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നു? ഇവയുടെ നിർവ്വഹണ സമീപനങ്ങളിൽ ഉണ്ടാകേണ്ട വ്യക്തതകളെന്തെല്ലാം? എന്നിവയാണ്. ഈ കാര്യങ്ങളാണ് ലേഖനത്തിൽ അവലോകനം ചെയ്യുന്നത്.

## ജനപങ്കാളിത്ത സംവിധാനം

സഭ ശ്രേണീപരമായ ഒരു സംഘടനാ സംവിധാനത്തിലാണ് നിലനിൽക്കുന്നതെങ്കിലും അതിന്റെ



പ്രവർത്തനശൈലി തികച്ചും ജനകീയവും ജനപങ്കാളിത്തമുള്ളതും ആകണമെന്നാണ് കത്തോലിക്ക സഭാശാസ്ത്രം. ആയതിനാൽ ഒരു ഇടവകയിൽ, വിവിധ ശുശ്രൂഷകളും അതിലെ പ്രവർത്തകരും ഇടവകയുടെ വിവിധ അജപാലന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിലും സമൂഹത്തിന്റെ ആത്മീയ, സാമൂഹിക, ഭരണ ആവശ്യങ്ങൾ നിറവേറ്റുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. ഓരോ ശുശ്രൂഷയും ഇടവകയുടെ മൊത്തത്തിലുള്ള ദൗത്യത്തിന് വ്യത്യസ്ത രീതികളിൽ അവരുടെ തനതായ സംഭാവനകൾ നൽകുന്നുവെന്നത് വിസ്മരിക്കാനാകില്ല. സംവിധാനങ്ങൾ ജനകീയവും ജനപങ്കാളിത്തത്തോടുമാകുമ്പോഴും പ്രവർത്തങ്ങൾക്ക് അടുക്കും ചിട്ടയുമുണ്ടാകണമെങ്കിൽ, പ്രവർത്തനങ്ങളും അവയുടെ ഫലങ്ങളും സുസ്ഥിരമാകണമെങ്കിൽ; സംവിധാനങ്ങൾ ഘടനാപരവും സ്ഥാപനപരവുമാകണം. രാഷ്ട്രീയപാർട്ടികൾപോലും അവരുടെ പ്രത്യയശാസ്ത്രങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഇന്ന് കുടുംബകൂട്ടായ്മ സംവിധാനങ്ങളെ ആശ്രയിക്കുമ്പോൾ, വേദഗ്രന്ഥാധിഷ്ഠിതമായ ക്രൈസ്തവപരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് നമുക്ക് ലഭിച്ച അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനം, ഇന്ന് ലഭ്യമായതിൽ വച്ച് ഏറ്റവും മികച്ച സംവിധാനം തന്നെയാണെന്ന് നിസംശയം പറയാൻ കഴിയും. എന്നാൽ പലപ്പോഴും അതിന്റെ ആത്മാവ് നഷ്ടപ്പെട്ടുപോകുന്നു, കേന്ദ്രബിന്ദുവായ യേശുവിന്റെ സമീപനങ്ങളെ വിസ്മരിക്കുന്നു, അടിസ്ഥാന കണ്ണികളായ സഭാംഗങ്ങളെയും ഗാർഹിക സഭയായ കുടുംബങ്ങളെയും ഗൗരവമായി കാണുന്നുമില്ല.

ഈ വർഷം നവ അജപാലനനേതൃത്വം നമ്മുടെ ഇടവകകളിൽ രൂപംകൊണ്ടതിന്റെ പശ്ചാത്തലത്തിലും മാർച്ച് മാസം അടുത്ത സാമ്പത്തിക വർഷത്തേക്കായുള്ള കർമ്മപദ്ധതികൾ (പ്ലാൻ ആൻഡ് ബജറ്റ്) ക്കു രൂപം നൽകുന്നതിന്റെ പശ്ചാത്തലത്തിലും ശുശ്രൂഷ പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ പദ്ധതികൾ രൂപീകരിക്കുമ്പോഴും നിർവഹിക്കുമ്പോഴും സ്വീകരിക്കേണ്ട കാതലായ ചില സമീപനങ്ങളിൽ വ്യകതതയുണ്ടാകണം. അവ നിരന്തരം ധ്യാനാത്മകമാക്കണം. അവയിൽ ചിലത് ആഗോള കത്തോലിക്കസഭ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി നാം വിചിന്തനം ചെയ്തു വരുന്ന സിനഡാലിറ്റിയുടെ മുഖ്യമായ സ്വഭാവ വിശേഷണങ്ങൾ തന്നെയാണ്.

## കൂട്ടായ്മ

ഇടവകയിലെ എല്ലാ അംഗങ്ങളെയും ഒരു പൊതു ദൗത്യത്തിൽ ബന്ധിപ്പിക്കുന്ന ആഴത്തിലുള്ള ആത്മീയവും സഭാപരവുമായ ഐക്യത്തെ കൂട്ടായ്മ എന്നുവിളിക്കാം. ഒരു ഇടവക ജീവിതത്തിന്റെയും ശുശ്രൂഷ ദൗത്യ നിർവഹണത്തിന്റെയും കരുത്തു വർധിപ്പിക്കുന്നതും, പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതും കൂട്ടായ്മയാണ് (ജനതകളുടെ പ്രകാശം 9). അപരന്റെ വ്യത്യസ്തതകളുൾക്കൊള്ളുവാനും അംഗീകരിക്കുവാനുമുള്ള തുറവിയിൽനിന്ന് രൂപപ്പെടുന്ന സാഹോദര്യമാണ് കൂട്ടായ്മക്ക് നിദാനമായിരിക്കുന്നത്.

'കൂട്ടായ്മ' എന്നാൽ എല്ലാവരും തുല്യരാണെന്നല്ല, വ്യത്യസ്തതകൾ അംഗീകരിക്കുന്നവരുടെ ഒത്തുചേരലാണ്. കൂട്ടായ്മ എന്നത് നിസ്സംഗതമായ കൊടുക്കൽ വാങ്ങലുകളല്ല. ഫ്രാൻസിസ് പാപ്പ ആവർത്തിച്ചാവശ്യപ്പെടുന്ന പരസ്പര ശ്രവണത്തിലൂടെയും സംഭാഷണത്തിലൂടെയും രുപപ്പെടുന്ന തീരുമാനമെടുക്കലും ഉത്തരവാദിത്തങ്ങൾ പങ്കിടുന്നതുമൊക്കെ അതിലടങ്ങിയിരിക്കുന്നു. ഈ അർത്ഥത്തിൽ, ശുശ്രൂഷ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള ഉപാധിയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ കെട്ടിപ്പടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടെയും സജീവവും തുടർച്ചയായതുമായ ഒരു ബന്ധവുമാണ് കൂട്ടായ്മ. ഇടവകയിലെ ശുശ്രൂഷ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് അടിസ്ഥാനമാകുന്ന ഈ കൂട്ടായ്മയിൽ ശുശ്രൂഷ സമിതി അംഗങ്ങളും ഇടവക കൗൺസിൽ അംഗങ്ങളും സമർപ്പിതരും ശ്രവിക്കാനും സംവദിക്കാനും തയ്യാറുള്ളവരാകണം. ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞു സഹകര

ണം ഉറപ്പാക്കണം.

## പങ്കാളിത്തം

മേൽ സൂചിപ്പിച്ച കൂട്ടായ്മ എന്നത് സഭയുടെ ദൗത്യത്തിനും ജീവിതത്തിനുമുള്ള പരസ്പര ഉത്തരവാദിത്തത്തെക്കുറിച്ച് മാത്രമല്ല പരസ്പരം ഉൾക്കൊള്ളുന്ന പങ്കാളിത്തത്തെക്കുറിച്ചുകൂടിയാണ് സംസാരിക്കുന്നത്. സഭയ്ക്കുള്ളിൽ ശ്രേണീതലങ്ങളിലെ വ്യത്യസ്തകൾ നിലനിൽക്കുമ്പോൾതന്നെ ഓരോ വ്യക്തിക്കും അവരുടെ ജ്ഞാനസ്നാനത്തിലൂടെ സഭയുടെ ദൗത്യ യാത്രയിൽ ഒരു നിർണായക പങ്കു വഹിക്കാനുണ്ട്. ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒരുമിച്ച് പ്രവർത്തിക്കുന്ന, തുല്യരായ ഒരു സമൂഹമാണ് സഭ എന്ന ധാരണയെ ഇത് ശക്തിപ്പെടുത്തുന്നു (ജനതകളുടെ പ്രകാശം 31-34). പങ്കാളിത്തമെന്നാൽ പദ്ധതിയുമായി നേരിട്ട് ബന്ധപ്പെടുന്ന ആളുകളുടെ തീരുമാനമെടുക്കൽ പ്രക്രിയയിലുള്ള സജീവമായ ഇടപെടൽ എന്നാണർത്ഥമാക്കുന്നത്.

ഒരു സിനഡൽ സഭയുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നായി ഫ്രാൻസിസ് പാപ്പ പറയുന്നതും ഈ പങ്കാളിത്തത്തെക്കുറിച്ചാണ്. സഭയുടെ ദൗത്യ നിർവഹണത്തിന്റെ കാര്യമായാലും സാമൂഹിക വികസനത്തിന്റെ കാര്യമായാലും "പങ്കാളിത്തം" എന്നത് ഒഴിവാക്കാനാകാത്ത മാർഗ്ഗമായും, 'പങ്കാളിത്ത സമൂഹ'മെന്ന സവിശേഷത ഒരു വികസിത സമൂഹമാകുന്നുവെന്നതിന്റെ അടയാളമായും വിലയിരുത്തപ്പെടുന്നു. സഭാസമൂഹത്തിന്റെ പങ്കാളിത്ത സ്വഭാവം, സുവിശേഷവത്കരണത്തിലും വികസന സംരംഭങ്ങളുടെ നിർവ്വഹണത്തിലും ജനങ്ങളെ കേൾക്കാനും വിശകലനം ചെയ്യാനും സംവദിക്കാനും വിവേചിക്കാനും ഇടനൽകുന്നു; പങ്കാളികൾക്ക് ഉടമസ്ഥതാബോധം നൽകുന്നു; പദ്ധതികൾ പ്രസക്തവും ഫലപ്രദവും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കുന്നതിന് സഹായിക്കുന്നു.

വിമർശനങ്ങളെക്കുറിച്ചുള്ള ഭയം, ആത്മവിശ്വാസക്കുറവ്, വ്യക്തിപരമായ ലക്ഷ്യങ്ങളുമായുള്ള പൊരുത്തപ്പെടുത്തലിന്റെ അഭാവം, സമയ പരിമിതികൾ, എങ്ങനെ അല്ലെങ്കിൽ എന്തുകൊണ്ട് പങ്കാളിയാവണം എന്നതിനെക്കുറിച്ചുള്ള അവ്യക്തത, പങ്കാളിത്ത പ്രക്രിയയിൽ ചില ഗ്രൂപ്പുകളുടെ ആധിപത്യം, ആത്മാർത്ഥതയില്ലാത്ത ഉൾപ്പെടുത്തൽ ഇത്തരം അവസ്ഥകൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ഫലപ്രദമായ പങ്കാളിത്തത്തോടെയുള്ള ശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് അവ വിലങ്ങുതടികളാണ്.

## വികേന്ദ്രീകരണം

വികേന്ദ്രീകരണം സഭയുടെ മാതൃകയാണോ? അത് ജനാധിപത്യപ്രക്രിയകളിൽ അല്ലേ പ്രസക്തമാകുകയുള്ളു? കത്തോലിക്ക സഭ ജനാധിപത്യ സംവിധാനമല്ലല്ലോ? എന്നൊക്കെ പലരും ചോദിക്കാറുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "സഭയെ സംബന്ധിച്ചിടത്തോളം, വികേന്ദ്രീകരണത്തെ ഒരുതരം അജപാലന ഭരണ മാതൃകയായി മനസ്സിലാക്കാം. എല്ലാവരെയും കേൾക്കാൻ അനുവദിക്കുന്നതിലൂടെ, ഈ മാതൃക സഭയെ 'കാലത്തിന്റെ അടയാളങ്ങളെ സൂക്ഷ്മമായി പരിശോധിക്കാൻ' അനുവദിക്കുന്നു, അത് 'സുവിശേഷത്താൽ ജ്വലിപ്പിക്കപ്പെട്ട വെളിച്ചം' ആധുനിക ലോകത്തിലേക്ക് കൊണ്ടുവരുന്നു" (സഭ ആധുനിക ലോകത്തിൽ 3). സഭയിലെ വികേന്ദ്രീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇന്നത്തെപ്പോലെ ഇത്രയധികം ചിന്തിക്കപ്പെട്ട മറ്റൊരു കാലഘട്ടമുണ്ടാകില്ല, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പ സിനഡൽ സഭയെക്കുറിച്ചു ചർച്ചചെയ്യാൻ ആവശ്യപ്പെടുമ്പോൾ! 'സഭയിൽ ഒരു മികച്ച വികേന്ദ്രീകരണം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എനിക്ക് ബോധ്യമുണ്ട്.' (സുവിശേഷത്തിന്റെ ആനന്ദം 16) എന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. വികേന്ദ്രീകൃത സ്വഭാവമുള്ള ഈ സിനഡാലിറ്റി ഓരോ രൂപതയിലും ഇടവകകളിലും ശുശ്രൂഷകളിലും അതിലെ വിവിധങ്ങളായ സഹകാരികളുടെ പങ്കാളിത്തത്തിൽ ആവിഷ്കരിക്കപ്പെടണം. ഇവിടെ വികേന്ദ്രീകരണം എന്നാൽ കത്തോലിക്കാ സഭയുടെ സിദ്ധാന്തത്തിന്റെ വികേന്ദ്രീകരണം എന്നല്ല അർത്ഥമാക്കുന്നത്. മറിച്ചു സ്ഥാപനതലത്തിലെ ഘടനകളുടെയും പ്രക്രിയകളുടെയും മെച്ചപ്പെടുത്തലിനെക്കുറിച്ചാണ് സംസാരിക്കുന്നത്.

വികേന്ദ്രീകൃത പ്രക്രീയ ഫലപ്രദമാകണമെങ്കിൽ മൂന്ന് "F" കൾ പ്രധാനമാണ്: Functions (പ്രവർത്തനങ്ങൾ), Functionaries (പ്രവർത്തകർ), Funds (ഫണ്ട്/വിഭവങ്ങൾ). ഇവ ഓരോന്നും ആവുന്ന രീതിയിൽ വികേന്ദ്രീകരിക്കപ്പെടണം. ഓരോ ഇടവകയിലെയും ഒരോ ശുശ്രൂഷാസമിതിക്കും വ്യക്തമായ ലക്ഷ്യങ്ങളും അവയെ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളും (Functions), അവ പ്രാവർത്തികമാക്കാൻ കഴിവുള്ള പ്രവർത്തകരും (Functionaries) പ്രവർത്തനത്തിനാവശ്യമായ വിഭവങ്ങളും (Funds) ഉണ്ടാകുന്നുവെന്ന് നേതൃത്വം ഉറപ്പുവരുത്തണം. ഇവയെല്ലാം കയ്യടക്കാൻ ആരെങ്കിലും ഒറ്റക്കോ അല്ലങ്കിൽ ഏതെങ്കിലും ഒരു ഗ്രൂപ്പോ ശ്രമിക്കുമ്പോൾ വികേന്ദ്രീകരണം പരാജയപ്പെടുന്നു.

വികേന്ദ്രീകരണത്തിനു ചില ന്യൂനതകളും അത് നടപ്പിലാക്കുന്നതിൽ പല വെല്ലുവിളികളുമുണ്ടെങ്കിലും അതിന്റെ ഗുണഘടകങ്ങൾ നിരവധിയാണ്. അത് അംഗങ്ങൾക്കിടയിൽ ഫലപ്രദമായ ആശയവിനിമ



യവും പങ്കാളിത്തവും സാധ്യമാക്കുന്നു, താഴെത്തട്ടിലുള്ളവർക്ക് തീരുമാനമെടുക്കാൻ അവസരം ലഭിക്കുന്നു, അവർക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള കഴിവുകൾ വളർത്താനാകുന്നു.

## അധീനാവകാശ സംവരണം (കീഴ്ഘടക ശാക്തീകരണം)

വാച്യാർത്ഥത്തിൽ നിർവചിച്ചാൽ 'ഒരു വ്യക്തിയുടെയോ ഗ്രൂപ്പിന്റെയോ അധീനതയിലുള്ളവരുടെ പ്രവർത്തന അവകാശത്തെ സംവരണം ചെയ്യുക, അതിൽ മറ്റുള്ളവർ ഇടപെടരുത്.' നമ്മുടെ ഇടവകകളുടെ സാഹചര്യത്തിൽ വ്യക്തമാക്കിയാൽ ഒരു ഇടവകയിലെ ശ്രേണിയിലെ ഉയർന്ന തലത്തിലെ ഗ്രൂപ്പുകൾ ശ്രേണിയിൽ താഴെയുള്ള ഗ്രൂപ്പുകളുടെയോ അംഗങ്ങളുടെയോ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട് അവരുടെ കടമകൾ അവർ നിർവഹിക്കുന്നതിൽ തടസം നിൽക്കരുത്. മറിച്ച് അവരെ ചെയ്യാനനുവദിക്കുകയും ആവശ്യം വരുമ്പോൾ അവരെ പിന്തുണയ്ക്കുകയും ഇടവക സമൂഹത്തിലെ മറ്റുള്ളവരുടെ പ്രവർത്തനങ്ങളുമായി അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സഹായിക്കുകയും വേണം (കത്തോലിക്ക സഭയുടെ മതബോധനം 1883).

പലപ്പോഴും ഇടവക ശുശ്രൂഷ സമിതികളുടെ പ്രവർത്തനങ്ങൾ, ശുശ്രൂഷ സമിതികളിൽ നിന്ന് ഇടവക അജപാലന സമിതികൾ (ഇടവക കമ്മറ്റികൾ) ഹൈജാക് ചെയ്യുന്നു. ഇത് ശുശ്രൂഷ പ്രവത്തനങ്ങൾക്കും പ്രവർത്തകരുടെ ക്രിയാത്മകമായ പങ്കാളിത്തത്തിനും മങ്ങലേൽപ്പിക്കുന്നുവെന്നുമാത്രമല്ല ഇടവക അജപാലന സമിതിക്കു ഫലപ്രദമായി എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ കഴിയാതാവുകയും ചെയ്യുന്നു. ഇടവക ശുശ്രൂഷ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതു പോലെത്തന്നെ പ്രധാനമാണ്, ഈ പ്രവർത്തനങ്ങൾ ആര് ചെയ്യുന്നു, ആര് നേതൃത്വം നൽകുന്നു എന്നത്. അത് ശുശ്രൂഷ സമിതികൾതന്നെ നിറവ്വഹിക്കുന്നതാണ് ഉത്തമം. അവരുടെ കാര്യനിർവ്വഹണത്തിനു കരുത്തും മിഴിവുമേകാൻ ഇടവക അജപാലന സമിതി (ഇടവക കൗൺസിലുകൾ) തങ്ങളാലാകുന്നവിധം സഹായിക്കുകയും പിന്തുണയേകുകയും വിഭവങ്ങൾ കൈമാറുകയും വേണം.

ഒരു ഇടവകയിൽ ശുശ്രൂഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി നിലനിർത്തുന്നതിന് മുകളിൽ വ്യക്തമാക്കിയ നാലു സമീപനങ്ങളും ഗൗരവപൂർവം കാണേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് "കൂട്ടായ്മ". അത് അജപാലനപ്രവർത്തനങ്ങളെ ഉജ്ജീവിപ്പിക്കുന്ന ആത്മാവാണ്. അത് നമ്മുടെ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലും ഇടവക അജപാലന - വിവിധ ശുശ്രൂഷ സമിതികളിലും സന്നിവേശിക്കപ്പെടണം. തുടർന്ന് പ്രതിപാദിച്ച മൂന്നെണ്ണം - പങ്കാളിത്തം, വികേന്ദ്രീകരണം, അധീനാവകാശ സംവരണം - ഇടവക അജപാലന പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട സമീപനങ്ങളാണ്. ഇവ വ്യത്യസ്തങ്ങളാണെങ്കിലും വേർപിരിക്കാനാവാത്ത വിധം പരസ്പരം ഇഴചേർന്നിരിക്കുന്നു. ഘടനകളും പ്രക്രിയകളും വികേന്ദ്രീകരിക്കുന്നതിലൂടെ കൂടുതൽ പങ്കാളിത്തം ഉണ്ടാക്കുന്നു. വർധിച്ച പങ്കാളിത്തം, ശുശ്രൂഷ പ്രവർത്തങ്ങൾ ബലവത്തും ഫലവത്തുമാക്കുന്നു.

## പ്ലാൻ ആൻഡ് ബജറ്റ്

ഇരുപത്തിയഞ്ചോളം വർഷങ്ങളായി പ്ലാൻ ആൻഡ് ബജറ്റ് രീതികൾ നാം അവലംബിച്ചുപോരുന്നുണ്ട്. ശക്തമായ ശുശ്രൂഷ പ്രവർത്തനങ്ങളുണ്ടാകണമെങ്കിൽ വ്യക്തവും യാഥാർത്ഥ്യ ബോധത്തോടെയുള്ള ലക്ഷ്യങ്ങളും, ഗൗരവപൂർവ്വമായ പദ്ധതികളുടെ ആവിഷ്കാരവും, അതിനായുള്ള സമയക്രമവും, വിഭവങ്ങളും, ഗുണ-ഗണ ഫലങ്ങൾ അളക്കാനുള്ള മാനദണ്ഡങ്ങളും, അതാതു ശുശ്രൂഷ പ്രവർത്തകരുടെ പങ്കാളിത്തത്തോടെ ആവിഷ്കരിക്കുകയും, അവരുമായി പ്രതിമാസ യോഗങ്ങൾ കൂടി അവ ഓരോന്നും സമയക്രമമനുസരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുവെന്ന് ഇടവകനേതൃത്വം ഉറപ്പു വരുത്തണം.

## ഉപസംഹാരം

ഈവിധ സമീപനങ്ങളും പ്രവർത്തനങ്ങളും ഗൗരവപൂർവം നടപ്പിലാക്കുന്നതിൽ പിൻതിരിപ്പിക്കുന്ന പല സാഹചര്യങ്ങളും അനുഭവങ്ങളും നമുക്കുണ്ടാകാറുണ്ട്. അത്തരം വേളകളിൽ ഒഴിവാക്കേണ്ട പൊതുവായുള്ള രണ്ട് മനോഭാവങ്ങളെക്കുറിച്ചു ബെനഡിക്ട് പതിനാറാമൻ പാപ്പ നൽകുന്ന ഉൾക്കാഴ്ച പ്രാധാന്യമേറിയതാണ്. ഒന്നാമത്തേത്, മാറ്റം വരുത്താൻ തങ്ങൾക്ക് മാത്രമേ കഴിവുള്ളൂ എന്ന അമിത ആത്മവിശ്വാസം (I can do everything): ശുശ്രൂഷ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോ പ്രശ്നത്തിനുള്ള പരിഹാരം തേടുന്നതോ തങ്ങളുടെ വ്യക്തിപരമായ ശ്രമങ്ങളാണെന്ന് വിശ്വസിച്ചുകൊണ്ട് വളരെയധികം കാര്യങ്ങൾ ഒറ്റയ്ക്ക് ഏറ്റെടുക്കുന്ന അവസ്ഥ. ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് നേരിടാൻ കഴിയാത്തത്ര വെല്ലുവിളികൾ ഉള്ളതിനാൽ ഈ മാനസികാവസ്ഥ തളർച്ചയിലേക്കും നിരാശയിലേക്കും നയിച്ചേക്കാം. രണ്ടാമത്തേത്, പെട്ടെന്നുണ്ടാകുന്ന നിരുത്സാഹം (Nothing can be achieved): തങ്ങൾക്കു പൂർത്തീകരിക്കേണ്ട ദൗത്യങ്ങളും പ്രശ്നങ്ങളുടെ വലിപ്പവും തങ്ങൾക്കാവുന്നതിലുപരിയാണെന്നും ആരും തങ്ങളോടൊപ്പമുണ്ടാകില്ലെന്നുമുള്ള തോന്നലും ചിലരിൽ നിസ്സഹായതയും അർത്ഥവത്തായ സ്വാധീനം ചെലുത്താൻ കഴിയാത്തവരുമാണെന്ന ചിന്ത ഉളവാക്കാം. ഈ അപര്യാപ്തത നിഷ്ക്രിയത്വത്തിലേക്കോ നിരാശാജനകമായ പിന്മാറ്റത്തിലോക്കോ നയിച്ചേക്കാം. അവിടെ അവരുടെ ചെറിയ സംഭാവനകൾ ഒരു മാറ്റവും വരുത്തില്ലെന്ന് അവർ വിശ്വസിക്കുന്നു (ദൈവം സ്നേഹമാകുന്നു 34,36). ഇവ രണ്ടും ഒഴിവാക്കപ്പെടേണ്ട മനോഭാവങ്ങളാണ്.

ഈ പ്രക്രിയ അത്ര എളുപ്പമല്ല, എന്നാൽ അസാധ്യവുമല്ല. യേശുവുമായുള്ള സജീവ ബന്ധവും അജപാലന പ്രവർത്തനങ്ങൾ നിശ്ചയദാർഢ്യത്തോടെ ചെയ്യാനുള്ള മനസ്സും മാറ്റിവയ്ക്കാൻ സമയവുമുണ്ടാകണം. അത് ഇടവക സമൂഹത്തിലുത്പാദിപ്പിക്കുന്ന ചലനാത്മകതയും സൃഷ്ടിക്കുന്ന മനുഷ്യവിഭവ മൂലധനങ്ങളും പൊടുന്നനെ അനുഭവിക്കാനാകില്ലെങ്കിലും സമീപഭാവിയിൽ ഇടവക സഭ സംവിധാനത്തിൽ കൂടുതൽ കാര്യക്ഷമതയും മെച്ചപ്പെട്ട അല്മായ നേതൃത്വവും കൂട്ടായ പങ്കാളിത്തവും, സുതാര്യവും പങ്കിടപ്പെടുന്നതുമായ ഉത്തരവാദിത്തവും രൂപീകൃതമാക്കുമെന്നതിൽ സംശയമില്ല. ●

ലേഖനം



# പലകമേൽ നിരക്കുന്ന മീൻനടുക്കങ്ങൾക്കുമേൽ ഇനിയുമെത്തും വനിതാദിനങ്ങൾ

ഡോ. ഐറിസ്



തുല്യതയുടെ നീതിവാക്യങ്ങളുമായി മുന്നോട്ടു നീങ്ങുന്ന മാനവരാശിക്ക് എക്കാലവും ഊർജ്ജംപകർന്ന് ആഗോളതലത്തിൽത്തന്നെ സ്ത്രീകളുടെയും സമാന്തരലിംഗപദവി സമൂഹങ്ങളുടെയും മനുഷ്യാവകാശങ്ങളും ജീവിതാന്തസ്സും ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാകുകയാണ് അന്താരാഷ്ട്ര വനിതാദിനങ്ങൾ.

ലോകത്തിന്റെ ഭാവിയെന്തെന്ന് നിർണ്ണിക്കുന്നത് ജനസമൂഹം നിത്യവും ചെയ്യുന്ന കാര്യങ്ങളാണ്. സാമാന്യ ജനജീവിതങ്ങളിൽ പ്രകടമാകുന്ന മാറ്റത്തിന്റെ ചലനങ്ങളിലൂന്നിയേ ഏതൊരു പ്രസ്ഥാനവും നിലയുറപ്പിക്കൂ. വർഷത്തിലൊരിക്കൽ മാത്രമുള്ള ദിനാചരണങ്ങൾ ജീവിതത്തിന്റെ ഘടനയെയോ നിലപാടുകളെയോ മാറ്റിമറിക്കാൻ പോന്നവയല്ല. ഓരോ ദിവസവുമുള്ള നമ്മുടെ ചിന്തകൾ, പ്രവൃത്തികൾ, നാം ഇടപഴകന്ന സമൂഹം, നമ്മുടെ തൊഴിൽ രംഗങ്ങൾ, കുടുംബങ്ങൾ, സാംസ്ക്കാരിക മേഖലകൾ എന്നിവയിലേക്ക് മാറ്റങ്ങൾക്ക് വ്യാപനമുണ്ടാകണം. ഇത്തരം മാറ്റങ്ങളുടെ ചലനവേഗമാണ്

2025 മാർച്ച് എട്ടിലെ വനിതാദിനം ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസ പ്രക്രിയയിലെ കാലോചിതവും സമഗ്രവുമായ മാറ്റങ്ങൾ സമൂഹത്തെയാകമാനം പരിവർത്തിപ്പിക്കും. വിദ്യ നേടുന്നതിന് കലാമോ പ്രായമോ പരിഗണിക്കേണ്ടതില്ല. എന്നാൽ സമൂഹത്തിന്റെ പരമ്പരാഗത ബോധ്യങ്ങളുടെ വേരുകളെ വിടുവിച്ച് പുതിയ സമവാക്യങ്ങൾ സൃഷ്ടിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. സ്ത്രീകൾക്ക് ബുദ്ധിയിലും പ്രായോഗികതയിലും മികവ് കുറവെന്ന 'ഒഴികഴിവുകൾ' വിദ്യാഭ്യാസരംഗത്തേക്കുപോലും അവർക്ക് പ്രവേശനം നല്കാൻ വിസമ്മതിക്കുന്ന ചിന്തകൾ ഇന്നും ലോകസമൂഹത്തിലുണ്ട്. ചില പ്രത്യേക തൊഴിൽ - പഠനരംഗങ്ങളിലേക്ക് അവരുടെ കഴിവുകൾ കടന്നുവരാൻ അനുവദിക്കാത്തത്ര ആഴത്തിൽ വേരുന്നിയതാണ് പിതൃമേധാവിത്വ വാഴ്ചകൾ. കുടുംബത്തിന്റെ പരിപാലനങ്ങളെന്ന ഒരായുസ്സിലേക്കുള്ള ഉത്തരവാദിത്തം പെൺചുമലുകൾ തലമുറകളായി പേറുകയാണ്. ചോദ്യംചെയ്യും വിധേയപ്പെട്ടുമൊക്കെ ഇന്നും കുടുംബങ്ങൾക്കുള്ളിലെ അധികാരഘടനയിൽ അസ്വതന്ത്രരായിത്തന്നെ കഴിയുകയാണ് സ്ത്രീകൾ. കുടുംബങ്ങളുടെ നിലവിലുള്ള ഘടന സ്ത്രീകൾക്ക് ഗുണകരമോ എന്ന ചിന്തയ്ക്ക് ഇക്കാലത്ത് ഏറെ പ്രസക്തിയുണ്ട്. സ്ത്രീകളെ നിയന്ത്രിക്കേണ്ടത് അവരുടെ സുരക്ഷയ്ക്കുവേണ്ടിയാണെന്ന രക്ഷാകർത്തൃത്വ മനോഭാവവും വ്യക്തികളെന്ന നിലയിൽ സ്ത്രീയ്ക്ക് ഉണ്ടാകേണ്ട വളർച്ചയ്ക്ക് ഗുണകരമല്ല.

വിദ്യാഭ്യാസരംഗത്ത് പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾ പുരോഗമിക്കുന്നതും പ്രശ്നമുണ്ടാക്കുന്നു. വിശകലനചിന്തകൾ ഒരു ഭാഗത്തുമാത്രമുണ്ടായാൽ ഏത് സമൂഹമാണ് വളരുക? വിദ്യാഭ്യാസത്തിലെ മികവിലൂടെ ഓരോ വ്യക്തിയും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ - അവരവരോടും കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടുമുള്ള എല്ലാ കടമകളും - തിരിച്ചറിയുകയും സമൂഹത്തെ അപനിർമ്മിച്ചുകൊണ്ട് തുല്യതയുടെയും സ്വാതന്ത്ര്യത്തിന്റെയും നീതിബോധത്തിലേയ്ക്കുയർത്തണമെങ്കിൽ വിദ്യാഭ്യാസരംഗത്ത് സ്ത്രീക്കൊപ്പം പുരുഷനും വളർന്നെത്തണം. തൊഴിൽ ലഭ്യമാക്കി സമ്പത്ത് സ്വായത്തമാക്കുക എന്ന ലക്ഷ്യത്തെക്കാൾ എത്രയോ വലിയ ഉത്തരവാദിത്തങ്ങളാണ് പുരുഷന്മാർക്കുള്ളത്! പക്ഷേ, പിതൃദായക്രമം എവിടെയും ആധിപത്യത്തിന്റെ സ്വഭാവത്തിലേക്ക് മാത്രമായി പുരുഷനെ നിർണയിക്കുകയാണെന്നതും അസമത്വകാരണമാകുന്നുണ്ട്.

തീരഗ്രാമങ്ങളിൽ, ഇന്ന്, തൊഴിലിനും പാർപ്പിനും സാമൂഹിക സാംസ്കാരിക വ്യാപനങ്ങൾക്കും വേണ്ട 'ഇടം' അപരലോകം കയ്യടക്കുകയും കടലിനും തീരത്തിനും അവകാശം മറ്റുള്ളവർക്കാകുകയും ചെയ്യുമ്പോൾ നിർബന്ധിതമായും ഒഴിഞ്ഞുപോകേണ്ട നിസ്സഹായതയിലേക്കും അശരണതയിലേക്കും അനിശ്ചിതത്വത്തിലേക്കും ഒരു പരമ്പരാഗത തൊഴിൽ സമൂഹം വന്നെത്തിനില്ക്കുന്നതും വിദ്യാഭ്യാസത്തിലൂടെ കൈവരേണ്ട സംഘടിതശക്തിയുടെയും സാമൂഹിക നീതിയുടെയും അപര്യാപ്തികൊണ്ടാണെന്ന് ഒന്നുകൂടി ഉറപ്പിക്കുകയാണ് അന്താരാഷ്ട്ര വനിതാദിനസന്ദേശങ്ങൾ.

തീരഗ്രാമങ്ങളിലെ ഏറ്റവുമധികം അരികുവത്ക്കരിക്കപ്പെട്ടവരാരാണ്? അവരുടെ നിത്യജീവിതം എങ്ങനെയാണ് എന്നറിഞ്ഞാൽമാത്രമേ സ്ത്രീകളുടെ തുല്യതയെക്കുറിച്ചും സാമ്പത്തിക നീതിയെക്കുറിച്ചുമുള്ള ചിത്രത്തിന് വ്യക്തതയുണ്ടാകൂ. കടൽത്തീരങ്ങളിലെ മീൻപിടിത്ത ഗ്രാമങ്ങളിൽ പൊതുവിൽ മീൻപിടിത്തവും മീൻവില്പനയുമാണ് അംഗീകരിക്കപ്പെട്ട തൊഴിലുകൾ. എന്നാൽ സമൂഹത്തിന്റെ ഘടനാപരമായ ക്രമങ്ങളിൽനിന്ന് മാറിനില്ക്കേണ്ടിവരുന്നവർക്ക് ഈ തൊഴിലുകൾ അപ്രാപ്യമാണ്. തിരുവനന്തപുരം തീരഗ്രാമങ്ങളിൽ സ്ത്രീകൾ മീൻവില്പന നടത്തുന്നു- പരമ്പരാഗതമായി എന്ന സവിശേഷതയും ഇന്ന് നാമമാത്രമായിച്ചുരുങ്ങിയിട്ടുണ്ട്. പുറമേ നിന്നുള്ള കച്ചവടക്കാരുടെ കടന്നുകയറ്റവും മീൻകിട്ടുന്നതിൽ വരുന്ന കുറവും മറ്റ് തൊഴിലുകളിലേക്ക് ആവശ്യമായ നൈപുണ്യമില്ലാതാകലുംകൊണ്ട് വലിയൊരു സമൂഹം സ്ത്രീകളും വിഴിഞ്ഞം, വലിയതുറപോലുള്ള മീൻപിടിത്തഗ്രാമങ്ങളിൽ മീൻ വൃത്തിയാക്കിക്കൊടുക്കുന്ന തൊഴിലിലേക്ക് കൂട്ടത്തോടെ എത്തുകയാണ്. പ്രായംചെന്നവർ ഈ പണിക്കെത്തുന്നതുപോലെ ജീവിതത്തിന്റെ പ്രതിസന്ധികളിൽ പകച്ചുപോകുന്ന പുതുതലമുറയിലെ യുവതികളും മധ്യവയസ്കരുമെല്ലാം ചില്ലറ മീൻവില്പനയും മീൻവൃത്തിയാക്കൽ പണിയുമായി മുന്നോട്ടുപോകുന്നുണ്ട്. ജീവിതപങ്കാളിയുടെ അഭാവം - രോഗം, മദ്യപാനം, തൊഴിലിനിടയ്ക്കുള്ള മരണം, ആത്മഹത്യ, കൊവിഡാനന്തര ആരോഗ്യപ്രശ്നങ്ങളാലുള്ള മരണം, വാഹനാപകടമരണം എന്നിങ്ങനെയുള്ള അപായങ്ങളാലും വിവാഹാനന്തര പ്രശ്നങ്ങളാൽ ബന്ധം വേർപെടുകയാലും കുട്ടികളുടെ വൈകല്യം, രോഗം, ഭാര്യയുടെ രോഗം കാരണം ഉപേക്ഷിക്കലുമൊക്കെയുള്ള തനിച്ചുള്ള ജീവിതം കാരണം മക്കളുടെ കുടുംബാംഗങ്ങളുടെയും ഉത്തരവാദിത്തങ്ങൾ ഏല്ക്കേണ്ടിവരുന്ന ഏക രക്ഷാകർത്താക്കളായ സ്ത്രീകളുടെ എണ്ണം വളരെക്കൂടുതലാണ്. ഇവരിൽ ഭൂരിഭാഗവും പാതിവഴിക്ക് പഠനം നിർത്തിയതിനാൽ വിദ്യാഭ്യാസ യോഗ്യതയോ തൊഴിൽ നൈപുണ്യമോ ഉള്ളവരല്ല. ഇത്തരക്കാരായ സ്ത്രീകളും കൂടി അനുബന്ധപ്പണികളിൽ അസംഘടിതരായി തൊഴിൽ നീതിയുടെ കളങ്ങൾക്ക് പുറത്തു ജീവിക്കുന്നു.

വനിതാദിനത്തിൽ ഇത്തരത്തിലുള്ള സ്ത്രീകളുടെ അതിജീവനത്തിന്റെ നേർക്കാഴ്ചകൂടി ഉണ്ടാകേണ്ടതാണ്. മീൻപിടിത്ത ഗ്രാമങ്ങളായ വിഴിഞ്ഞത്തും, വിലയതുറയിലുമെല്ലാം നേരം പുലരുമ്പോൾതന്നെ സ്ത്രീകൾ വന്നെത്തും. കടലിൽനിന്നും മീനുമായി വള്ളങ്ങളണയുമ്പോൾ വലിയ കച്ചവടക്കാർ ലേലം ചെയ്ത് മീനെടുക്കും. അവർക്കൊപ്പം മത്സരിച്ച് ചെറുകച്ചവടക്കാരായ സ്ത്രീകളും മീൻവാങ്ങി അവിടെത്തന്നെ വില്പന തുടങ്ങും. അവരുടെ നിഴൽപറ്റിയാണ് മീൻവൃത്തിയാക്കുന്നവർ നിരന്നിരിക്കുന്നത്. ജീവതത്തിന്റെ വറുതികൾക്കു മുകളിൽ പലകയിട്ട് മുഷിഞ്ഞ വസ്ത്രവുമായി ഇവർ ഒരു പകലിന്റെ പണിക്കൂലിക്കായി നിരക്കുകയാണ്. വളരെ തുച്ഛമായിക്കിട്ടുന്ന ഈ വരുമാനം കാത്ത് ഒരു കുടുംബംമുഴുവനും ഇരിപ്പുണ്ട്. ഒരുകിലോ മീൻവൃത്തിയാക്കാൻ മുപ്പതുരൂപ കിട്ടിയാലായി. അഞ്ഞൂറ് രൂപയ്ക്ക് മീൻവാങ്ങിയാലും വൃത്തിയാക്കാൻ അമ്പതുരൂപ



തികച്ചുകൊടുക്കാൻ വാങ്ങുന്ന മുതലാളിമാർ മടിക്കും. സാമ്പത്തികമായി ഏറ്റവും പിന്നിലായിരിക്കുന്ന ഈ സ്ത്രീകളുടെ ചുമലിലെ ഭാരം അറിയേണ്ടതാണ്.

അഭിമാനത്തോടെ, പണിയെടുത്ത് ഉണ്ണുന്നതിന്റെ തലയെടുപ്പോടെയാണ് അവരിൽ ചിലർ തങ്ങളുടെ ജീവിതത്താളുകൾ തുറന്നത്. കടൽപ്പണിക്കാരനായ ഭർത്താവുമൊത്ത് രണ്ടാണും രണ്ട് പെണ്ണും കെട്ടിച്ചുവിട്ട പെൺമക്കളുടെ കുടുംബവുമായാണ് മോളിയുടെ വീട് പുലരുന്നത്. കടൽപ്പണിയിൽ കിട്ടുന്ന പങ്ക് ചിലപ്പോൾ വില്പനക്ക് അവരെത്തിച്ചു കൊടുക്കും. പക്ഷേ, ഇളയമകന്റെ വാഹനാപകടം ആ കുടുംബത്തെ ആടിയുലച്ച കൊടുങ്കാറ്റായി. കടക്കെണിയുടെ കയത്തിൽ താണെങ്കിലും മോനെ രക്ഷിച്ചെടുത്തു. വീട് ചോർന്നൊലിച്ച് എപ്പോൾ വേണമെങ്കിലും നിലംപറ്റാറായതാണ്. രോഗങ്ങളും അനർത്ഥങ്ങളും നട്ടെല്ല് തകർത്തെങ്കിലും മോളി മീൻവൃത്തിയാക്കിക്കിട്ടുന്ന കാശുകൊണ്ട് വീടിന്റെ കാര്യങ്ങൾ നോക്കുന്നു. അടുപ്പിലെ തീ കെടാതെ കാക്കുന്നു. സ്വന്തം ഉടൽനോവുകളെ ഒരു ചായയ്ക്കും കടിക്കുമൊപ്പം വിഴുങ്ങുന്നു. എങ്കിലും മനം തെളിയുമ്പോൾ മൂളിപ്പാട്ടുമായിരുന്ന് മീൻ വൃത്തിയാക്കും. അപാരതയോടല്ലാതെ മറ്റാരോടാണീ പാതിവെന്ത ജീവിതത്തെക്കുറിച്ച് പറയുക? കടുംവേനലോ പേമാരിയോ ഇളവനുവദിക്കാത്ത പണി. വിശപ്പിനുവേണ്ടിമാത്രമുള്ള പണി. ഇതൊരു തൊഴിലാണെന്നോ, ഇവിടെ ഒരു തൊഴിൽ നിയമം വേണമെന്നോ ഇവർക്കറിയില്ല. ചിലപ്പോൾ അവർ കൂലിപറഞ്ഞ് തട്ടിക്കയറും. ഒട്ടൊന്ന് ഇണങ്ങിയാലറിയാം ഈ "പൊറംപൊട്ട"ലൊക്കെ ഉള്ളിലെ നെരിപ്പോടണയ്ക്കാനുള്ള ഒറ്റപ്പെയ്ത്ത് മാത്രമാണെന്ന്.

ഭർത്താവ് മരിച്ചശേഷമാണ് ഷേർളിയും പണിക്കിറങ്ങിയത്. രണ്ട് ആൺമക്കളിലൊരാൾക്ക് കല്യാണം കഴിഞ്ഞ് കുടുംബമുണ്ട്. മറ്റൊരാൾ ഓട്ടോ ഓടിക്കുന്നു. വിധവാ പെൻഷന് അപേക്ഷിക്കാനോ രക്തം പരിശോധിക്കാനോ കണ്ണടവാങ്ങി തെളിക്കാഴ്ച കിട്ടാനോ പോകാൻ അവൾക്ക് ഇളവില്ല. പക്ഷേ അസുഖംകൂടിയപ്പോൾ ഷേളി വീണു. ആശുപത്രിയിൽ ആൻജിയോപ്ലാസ്റ്റിയും സ്റ്റെൻറ് ഇടലും നടന്നു. ഇനി ആഴ്ചകളെടുക്കും ചന്തയിലെത്താൻ. ഉള്ള ബാധ്യതകൾക്കു മുകളിൽ വലിയ കടങ്ങൾ പെയ്തിറങ്ങുന്നു. . .

സെൽവിയാൻറിക്ക് ചില്ലറ മീൻ വില്പനയ്ക്കിറങ്ങാൻ ഒരു ദിവസത്തെപ്പണി മുഴുവൻ വീട്ടിൽ ചെയ്യണം. ഭർത്താവ് കിടപ്പുരോഗി. വീടുപണിയൊരുക്കി ഭക്ഷണം പാകംചെയ്ത് ഭർത്താവിനെ ഊട്ടി, തുണിനനപ്പും തൂപ്പുമൊക്കെ ഒതുക്കിയിട്ടാണ് ആ അമ്മ ഓടിക്കിതച്ചെത്തുന്നത്. തിരികെ ചെല്ലുന്നതും കാത്തിരിക്കുന്നത് വെള്ളം കുടിക്കാൻപോലും എഴുന്നേല്ക്കാനാവാത്ത രോഗിയാണ്.

ഫ്ളാറ്റ് ജീവിതത്തിന്റെ കൊടുംയാതനയാണ് എൽസിക്ക് പറയാനുള്ളത്. ഇത്തിരിപ്പോന്ന മുറികളിൽ ഒന്നരകുടുംബം. പതിനേഴ് വർഷമായി കച്ചവടത്തിൽ പോരാടിത്തെളിഞ്ഞ എൽസിയോട് തർക്കിക്കാൻ പോകേണ്ട. രണ്ട് പെൺമക്കളെ 'അയച്ച'തിന്റെ, മീൻവാങ്ങാൻ വാങ്ങിച്ചതിന്റെ കടം പത്ത് ലക്ഷം കവിയും. ആ ആധിയിൽ തിളച്ചുതൂവുന്ന എൽസിയുടെ പലകയിലുമുണ്ട് കടലിൽ നിന്നുകോരിയ നിലച്ച മീൻനടുക്കങ്ങൾ! ഒരു വലിയ പലകയിൽ അവർ നിരത്തിവച്ചിരിക്കുന്നത് അവരുടെ ജീവിതം തന്നെയല്ലേ?

"എന്നെ അമ്മ ഇവിടെയാണ് പെറ്റിട്ടത്. . ." എന്ന് പാതി നേരമ്പോക്കായി കൊച്ചുട്ടിചേച്ചി പറയുന്നത് ഒരു വലിയ പൊളിറ്റിക്കൽ സ്റ്റേറ്റ്മെൻറാണ്. അവർക്കും രോഗിയായ ഭർത്താവിനെക്കുറിച്ചും എപ്പോൾ വേണമെങ്കിലും കടലെടുക്കാവുന്ന കൂരയെക്കുറിച്ചുമുള്ള ദെണ്ണം പലപാടുണ്ട്.

ഇവരോട് നാമെങ്ങനെയാണ് "പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടൂ" എന്ന വനിതാദിന സന്ദേശം പകരേണ്ടത്. മനുഷ്യൻ എന്ന പദത്തിന്റെ നിർവചനത്തിൽ ഇവരുണ്ടോ? നമ്മുടെ സാമൂഹിക ഭൂപടങ്ങളിൽ ഇവർ അടയാളപ്പെട്ടിട്ടുണ്ടോ? ഇവരുടെ പതിറ്റാണ്ടുകൾ നീളുന്ന ചലനമില്ലാത്ത ജീവിതങ്ങളിൽ എന്നെങ്കിലും കാണുമോ ഒരു മഴവില്ലഴക്? ഇവർക്ക് തൊഴിൽ നീതിയും സാമൂഹിക സമത്വവും ആരോഗ്യമുള്ള ശരീരമനസ്സുകളും അന്തിചായുമ്പോൾ പേടിയില്ലാതുറങ്ങാൻ ഒരു ഇടവും നല്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ആക്കം കൂട്ടേണ്ടത്! ●





**അഭിനന്ദനങ്ങൾ**

**കേരള സംസ്ഥാന ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് 2024 കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിയ സർവേയിൽ നേഴ്സിംഗ് വിഭാഗത്തിൽ *ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നേഴ്സിംഗ്*, തിരുവനന്തപുരം ജില്ലയിൽ രണ്ടാം സ്ഥാനവും, കേരളത്തിൽ എട്ടാം സ്ഥാനവും കൈവരിച്ചു.**

കവിത



# നാലുമണിപ്പൂവ്

ബെർണാഡ് മൊറൈസ്

1
നാലുമണിക്കുണർന്ന്
ഉച്ചത്തിൽ കൂവുന്ന
കോഴിയാവണം നിന്റെ കവിത.

ഉറക്കംപൂണ്ടവരെ
അങ്ങനെ ഉണർത്തണം.
കൃത്യത പാലിക്കാൻ പൂവങ്കോഴി
ചിലപ്പോഴൊക്കെ ഉറങ്ങാതെയുമിരിക്കും.

കവിയും ലോകവും ഉറങ്ങുമ്പോൾ
ഉണർന്നിരിക്കുന്ന
ക്രിട്ടിക്കാണ് പൂവങ്കോഴി.
നാലുമണിക്കുമുമ്പേ ഉണർന്നിരിക്കുന്നവരെ
വീണ്ടുമുണർത്താൻ കോഴികൂവലിന്റെ
ഫ്രീക്വൻസി മതിയാവുമോ?

2
അരി
ആട
കൂട്
ഒന്നുകൂടിയുണ്ടല്ലോ, ധനം.
നാലാമത്തേതിന് മത്സരം കടുക്കും.

പ്രാചീനം
ആധുനികം
ആധുനികോത്തരം
ഒന്നുകൂടിയുണ്ടല്ലോ, ആധുനികോന്മത്തത.
നാലാമത്തേതിന് ദുരൂഹതയേറും.

പ്രാദേശീയം
പ്രാന്തവൽക്കരണം
കോളണീയത
ഒന്നുകൂടിയുണ്ടല്ലോ, നഗരദേശീയത.
നാലാമത്തേതിന് വീര്യം കൂടും.

3
നാലാമത്തെ മണിമുഴങ്ങുമ്പോൾ
അവർ ഗ്രാമങ്ങളെ പിൻവലിക്കും
ലക്ഷണമൊത്ത
നവഗ്രാമസൃഷ്ടിക്കെന്ന വ്യാജേന
പൗരാണികതയെ ഡിലീറ്റ് ചെയ്യും
കാറ്റിനെ
ജലത്തെ
കുന്നിനെ
തിരികെ വിളിക്കും
സംസ്കാരങ്ങളെ സംസ്കരിക്കും.
പിന്നെ ആകാശത്തെയും.

ഉറങ്ങാത്ത ക്രിട്ടിക്കിനെ,
കവിയെ,
പിന്നെ പുസ്തകങ്ങളെയും.
പുരാതനശിലായുഗത്തിലേക്കാണ്
യാത്ര
നിത്യാന്ധതയിലേക്ക്.

4
ഇതളുകൾ
നഷ്ടപ്പെട്ടതിനാൽ
നാലാമത്തെ ഖണ്ഡത്തിൽ
കവിതയുമില്ല.
•

ലേഖനം



# അവർ പരീക്ഷ എഴുതട്ടെ.....

സന്ധ്യാ രാജൻ
അദ്ധ്യാപിക, സെന്റ് ജോസഫ്സ് HSS

ആധുനിക ഡിജിറ്റൽ യുഗത്തിലും വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്നതിന് വിദ്യാലയങ്ങൾക്കും അധ്യാപകർക്കും ഉള്ള സുപ്രധാനമായ പങ്ക് മാറ്റമില്ലാത്തതാണ്. പുതിയ ലോകത്തിൽ മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നതും ഏറ്റവുമധികം സമയം അപഹരിക്കുന്നതും മൊബൈൽ ഫോണുകളാണ്. കുട്ടികൾ പഠനത്തിനും സംശയ ദൂരീകരണത്തിനും പ്രധാനമായും ആശ്രയിക്കുന്നത് സ്കൂൾ അധ്യാപകരെ മാത്രമല്ല ഓൺലൈൻ അധ്യാപകരെയും ഗൂഗിൾ, ഫേസ്ബുക്ക്, instagram, പരസ്യങ്ങൾ തുടങ്ങി വിവിധ മാധ്യമങ്ങളെയുമാണ്. അങ്ങനെ കുട്ടി സ്വയം സൃഷ്ടിക്കുന്ന ഒരു പഠന ലോകം ഉണ്ട്. ഇവർ ഒരേസമയംതന്നെ വിദ്യാലയ അന്തരീക്ഷത്തിലൂടെയും വെർച്വൽ ആയ വിവര സാങ്കേതിക സൗകര്യങ്ങളിലൂടെയും പഠനവും സംശയദൂരീകരണവും തുടർന്നുവരുന്നു. കണ്ണിന് കുളിർമയും കാതുകൾക്ക് ഇമ്പവുമായ വെർച്വൽ വിദ്യാലയ അനുഭൂതികൾ പഠന വിഷയങ്ങളെ വളരെ പെട്ടെന്ന് കുട്ടികളുടെ മനസ്സിലുറപ്പിക്കുകയും വലിയ ആയാസവും പരിശ്രമവും കൂടാതെ എളുപ്പത്തിൽ പഠിക്കാനാകും എന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്യുന്നു. എഴുത്തും ചർച്ചകളും തുടർ പരിശീലനങ്ങളും നിരന്തരമായ പുസ്തക വായനയും ഉൾപ്പെടെ കാലാകാലങ്ങളിൽ തുടർന്നുവരുന്ന പരമ്പരാഗത പഠന രീതികളെ അവഗണിച്ച് നടത്തുന്ന വെർചൽ വിദ്യാലയ സംസ്കാരം കുട്ടികൾക്ക് താൽക്കാലിക സന്തോഷവും തൃപ്തിയും നൽകുമെങ്കിലും ഒരു പരീക്ഷയെ നേരിടുന്ന ഘട്ടത്തിൽ അവരുടെ ആത്മവിശ്വാസത്തെ തകർക്കുംവിധം പാഠ്യവസ്തുതകളെ സംബന്ധിച്ച് അതിന്റെ പൂർണ്ണതയിൽ ഉത്തരം കണ്ടെത്താനാകാത്ത തരത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതായി കാണാം. വളരെ പ്രതീക്ഷയോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്ന കുട്ടികൾ ഈ അപകടം തിരിച്ചറിയുന്ന സമയംമുതൽ പരിഭ്രാന്തരും



നിസ്സഹായരുമാവുകയാണ്. പഠനത്തിൽ പല നിലവാരം പുലർത്തുന്ന കുട്ടികളും ഈ അവസ്ഥയിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലും ചിന്തകളിലുംപെട്ട് പിന്നീട് പഠിക്കാം എന്നുകരുതി പാഠഭാഗങ്ങൾ മാറ്റിവയ്ക്കുകയും പരീക്ഷ സമീപിക്കുമ്പോൾ പഠിക്കാൻ തുടങ്ങുകയും ചെയ്യുന്നത് പലപ്പോഴും സങ്കീർണ്ണത സൃഷ്ടിക്കുന്നു. അവസാന നിമിഷങ്ങളിലെ പഠനം വലിയ ഭാരമായി അനുഭവപ്പെടുന്ന കുട്ടികൾ മുതിർന്നവരുടെ ശകാരം ഭയന്ന് അത് ആരോടും പറയാതെ ഉള്ളിൽ ഒതുക്കേണ്ടി വരുമ്പോൾ ഭാരം ഇരട്ടിക്കുകയും അവരിൽ മാനസിക സമ്മർദ്ദം ഏറുകയും ചെയ്യുന്നു. അതിനുപുറമേ രക്ഷാകർത്താക്കൾ, ട്യൂഷൻ കേന്ദ്രങ്ങൾ, അധ്യാപകർ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സംഘടനകൾ, ഇവരുടെ ഭാഗത്തു നിന്നുണ്ടാകുന്ന അമിതമായ ഉപദേശങ്ങളും കുട്ടികളുടെ കഴിവിനപ്പുറം പുലർത്തുന്ന പ്രതീക്ഷകളും അടിച്ചേൽപ്പിക്കുമ്പോൾ പരീക്ഷാർത്ഥി ആകെ തകർന്നു തരിപ്പണമാകും എന്നതാണ് വാസ്തവം. ഒരു കുട്ടിയുടെ പഠനം അയാളുടെ ഒറ്റയ്ക്കുള്ള പരിശ്രമമല്ല. അത് കൂട്ടായ ഒരു പ്രയത്നമാണ്. പ്രതികൂല സാഹചര്യങ്ങളെ ഉപേക്ഷിക്കാനും പഠിക്കുവാനുള്ള സൗകര്യങ്ങൾ ക്രമീകരിക്കാനും അത് മെച്ചപ്പെടുത്തുവാനും സമൂഹത്തിന്, പ്രത്യേകിച്ച് രക്ഷിതാക്കൾക്ക് വലിയ കടമയുണ്ട്. ഈ കടമകളെക്കുറിച്ച് ഓർക്കാതെ മത്സര പ്രഖ്യാപനങ്ങൾ നടത്തി അനാവശ്യമായ സമ്മർദ്ദം കുട്ടികളുടെമേൽ അടിച്ചേൽപിക്കുകയാണ് പലരും. പ്രതികൂല സാഹചര്യങ്ങളെ സത്യസന്ധമായി മനസ്സിലാക്കി യാഥാർത്ഥ്യബോധത്തോടെ സംയമനപൂർവ്വം വേണം ഈ പരീക്ഷാക്കാലം അതിജീവിക്കാൻ. പൊതുസമൂഹത്തിന്റെ ഉൾപ്പെടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ് പഠിക്കുന്ന കുട്ടികളെയും പഠിക്കാൻ കഴിവ് കുറഞ്ഞ കുട്ടികളെയും ഈ പരീക്ഷാക്കാലത്ത് ജാഗ്രത പുലർത്തി നിരീക്ഷിക്കുകയും അവരോടൊപ്പം നടക്കുകയും അവരോട് സംസാരിക്കുകയും അവരെ സ്ഥിരോത്സാഹത്തോടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത്. പരീക്ഷകളെ നിസ്സാരമായും നിസ്സംഗതയോടെയും കണ്ടുവരുന്ന കുട്ടികളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനയാണുള്ളത്. ജീവിതത്തിലുണ്ടാകുന്ന വീഴ്ചകളും പരാജയങ്ങളും ഒരാൾക്ക് വളരാനും പഠിക്കാനും ആത്മനിയന്ത്രണത്തിന് വഴിയൊരുക്കാനുമുള്ള അവസരങ്ങളാണ് എന്ന് മനസ്സിലാക്കുക. ജീവിതാനുഭവങ്ങളിലൂടെ പഠിച്ചുവന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് ശക്തമായ പിൻബലമായിരിക്കും. ഒരു പുഴയും കടലിലേക്ക് എത്താതെ പാറയിൽ തട്ടി ഒഴുക്ക്, നിലച്ചു പോകുന്നില്ല. പാറകൾ വഴിയിൽ പ്രതിബന്ധമാകുമ്പോൾ തടസ്സങ്ങൾ അതിജീവിച്ച് ഒഴുകുന്ന പുഴയെപ്പോലെ ഓരോ പരീക്ഷയും കുട്ടികൾക്ക് സുഗമമാക്കാൻ ആത്മവിശ്വാസവും പരിശ്രമവും സഹായകരമാകും എന്ന ബോധ്യം കുട്ടിയിൽ എത്തിക്കാനാണ് നാം പരിശ്രമിക്കേണ്ടത്. ഈ ദിനങ്ങളിൽ പ്രാർത്ഥനയ്ക്കും ദിവ്യബലിക്കും കുട്ടികളെ പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ പ്രത്യേക താൽപര്യം കാണിക്കണം. എല്ലാ പ്രയത്നങ്ങൾക്കും ത്യാഗങ്ങൾക്കും പുണ്യ പ്രവർത്തികൾക്കും പ്രതിഫലം ഉണ്ടെന്നും എല്ലാം നന്നായി പരിണമിപ്പിക്കുന്ന ദൈവം കൂട്ടുന്നുണ്ടെന്നും അവൻ കരുത്തൻ ആണെന്നും ഞാൻ ഒറ്റയ്ക്കല്ല എന്നും ഓർമ്മപ്പെടുത്തി പരീക്ഷാർത്ഥികളെ നമുക്ക് ധൈര്യപ്പെടുത്താം. പ്രാർത്ഥനാപൂർവ്വം കുട്ടികളെ പരീക്ഷാ കേന്ദ്രങ്ങളിലേക്ക് പറഞ്ഞയക്കാം.

എല്ലാ പരീക്ഷാർത്ഥികൾക്കും പ്രാർത്ഥനാശംസകൾ !! ●






അഭിമുഖം

# ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും 2


**ഡോ. ബി. വി. ആർ. കുമാർ**
MD (GENERAL MEDICINE), DNB, MNAMS (CARDIO)
ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം

**റവ. ഡോ. ലെനിൻ രാജ്**
മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം







ഹൃദ്രോഗത്തിന്റെ മൂലകാരണങ്ങളെക്കുറിച്ചും അതുപോലെതന്നെ പ്രമേഹത്തെക്കുറിച്ചും അവയുടെ പ്രതിവിധികളെക്കുറിച്ചും കഴിഞ്ഞ ലക്കത്തിന്റെ തുടർച്ചയായി വിശദമായി പറയുകയാണ് ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിലെ എം.ഡി.യും കാർഡിയോളജിസ്റ്റുമായ ഡോ.ബി.വി.ആർ.കുമാർ.

**എന്തുകൊണ്ടാണ് സ്ത്രീകളെക്കാൾ പുരുഷന്മാരിൽ ഹൃദയാഘാത നിരക്ക് കൂടതലായി കാണുന്നത്?**

സ്ത്രീകളിൽ ഈസ്ട്രജൻ, പ്രൊജസ്ട്രോൺ എന്നീ ഹോർമോണുകളുടെ അളവു പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. ഈ ഹോർമോണുകൾ രക്തധമനിയിൽ കൊളസ്ട്രോൾ അടിയുന്നത് തടഞ്ഞ് രക്തധമനികളെ ആരോഗ്യപൂർണ്ണമായി നിലനിറുത്തുന്നു.

പുരുഷന്മാരിൽ മാനസിക പിരിമുറുക്കം, ദേഷ്യം, അനാരോഗ്യശീലങ്ങളായ പുകവലി എന്നിവ



കൂടുതലായി കാണുന്നു. ആയതിനാൽ പുരുഷന്മാരിൽ ആദ്യ ഹൃദയാഘാതം സ്ത്രീകളെക്കാൾ പത്തുവർഷം മുൻപേ സംഭവിയ്ക്കുന്നതായി കാണുന്നു.

**ഒന്നോ രണ്ടോ ബ്ലോക്കുകൾ ഉള്ളവർക്ക് ശസ്ത്രക്രിയ ഇല്ലാതെ ചികിത്സിക്കുവാൻ സാധിക്കുമോ?**

ഹൃദയ ധമനികളായ കൊറോണറി ആർട്ടറികളിലെ അടവുകൾ (ബ്ലോക്കുകൾ) ആണ് ഹൃദയാഘാതത്തിന് കാരണമാകുന്നത്. മൂന്നു തരത്തിലുള്ള ചികിത്സാരീതിയാണ് നിലവിലുള്ളത്.

(1) മരുന്നുകൾ: പ്രധാനമായും ഉപയോഗത്തിലുള്ളത് - രക്തം കട്ടിപിടിയ്ക്കാതിരിക്കാനുള്ളവ; കൊഴുപ്പ്, കൊളസ്ട്രോൾ, ഗ്ലൂക്കോസ് - ഇവ കുറയ്ക്കുവാനുള്ളവ; രക്തക്കുഴലുകൾ വികസിപ്പിയ്ക്കുവാനുള്ളവ.

(2) ആൻജിയോപ്ലാസ്റ്റി : കൈകാലുകളിലെ രക്തധമനി വഴി നേർത്ത ഒരു വയർ കടത്തിവിട്ട്, അതിൻറെ മുകളിലൂടെ ബലൂണുകളും മരുന്നുനിറച്ച മെറ്റൽ ട്യൂബുകളും ഉപയോഗിച്ച് ബ്ലോക്ക് മാറ്റുന്നതിനെയാണ് ആൻജിയോപ്ലാസ്റ്റി എന്ന് വിവക്ഷിയ്ക്കുന്നത്.

(3) ബൈപാസ് സർജറി : കൈകാലുകളിലെയും നെഞ്ചിലെയും രക്തുക്കുഴലുകളെ മുറിച്ചെടുത്ത് ബ്ലോക്കുകൾക്ക് അപ്പുറത്തേയ്ക്ക് തുന്നിച്ചേർത്ത് രക്തഓട്ടം പുനഃസ്ഥാപിക്കുന്നതിനെ ബൈപാസ് സർജറി എന്നു പറയുന്നു.

70 ശതമാനത്തിൽ താഴേയുള്ള ബ്ലോക്കുകൾക്ക് മരുന്നു ചികിത്സ വളരെ ഫലപ്രദമാണ്. 70 ശതമാനത്തിനു മുകളിൽ ഉള്ള ബ്ലോക്കുകൾക്ക് മരുന്നു ചികിത്സ മാത്രം മതിയാകില്ല. മരുന്നുചികിത്സയോടൊപ്പം ആൻജിയോപ്ലാസ്റ്റിയോ ബൈപാസ് സർജറിയോ വേണ്ടിവരും.

ഒന്നോ രണ്ടോ ബ്ലോക്കുകൾ ഉള്ളവർക്ക് ആൻജിയോപ്ലാസ്റ്റിയ്ക്ക് അനുയോജ്യമായ ബ്ലോക്കുകളാണെങ്കിൽ, മരുന്നുചികിത്സയോടൊപ്പം ആൻജിയോ പ്ലാസ്റ്റി മതിയാകും.

കുടുതൽ ബ്ലോക്കുകൾ ഉള്ളവരിലും ആൻജിയോപ്ലാസ്റ്റി സാധിക്കാത്തവരിലും മരുന്നു ചികിത്സയോടൊപ്പം ബൈപാസ് സർജറി ചെയ്യുന്നതാണ് ഉത്തമം.

**ഹൃദയാഘാതത്തിൻറെ ലക്ഷണങ്ങൾ എന്തെല്ലാമാണ്?**

ഹൃദ്രോഗലക്ഷണങ്ങൾ ഓരോ വ്യക്തികളിലും വളരെ വ്യത്യസ്തമാണ്. ചിലർക്ക് വളരെ കുറച്ച് ലക്ഷണങ്ങളെ പ്രകടമാകാറുള്ളൂ. പലർക്കും കഠിനമായ ലക്ഷണങ്ങൾ ഉണ്ടാകാം.

ഹൃദ്രോഗലക്ഷണങ്ങളിൽ ഏറ്റവും എളുപ്പം മനസ്സിലാക്കാവുന്നത് ആൻജൈന എന്ന നെഞ്ചുവേദനയാണ്. ഹൃദയകോശങ്ങളിലെ രക്തലഭ്യത കുറയുമ്പോഴാണ് ആൻജൈന ഉണ്ടാകുന്നത്.



മുറുക്കുന്നതുപോലെയോ, എരിയുന്നതുപോലെയോ ഉള്ള ശക്തമായ വേദന; മിനിട്ടുകൾക്കുള്ളിൽ തീവ്രമാകുന്ന വേദന; തോള്, കൈകൾ, പുറം, കഴുത്ത്, താടി, പല്ല്, പൊക്കിളിനുമുകളിലുള്ള ഉദരഭാഗം എന്നിവിടങ്ങളിലേയ്ക്ക് വ്യാപിക്കുന്ന വേദന - ഇവ ആൻജൈന ആകാം.

അമിതമായ വിയർപ്പ്, ക്ഷീണം, ദഹനക്കുറവ്, ഓർക്കാനം, ശ്വാസംമുട്ടൽ, മന്ദത, കണ്ണിൽ ഇരുട്ട് വരുക - ഇവയും ഹൃദ്രോഗലക്ഷണങ്ങൾ ആകാം. വയോജനങ്ങളിലും ഡയബറ്റിക് രോഗികളിലും സാധാരണയായുള്ള ലക്ഷണങ്ങൾ കാണണം എന്നില്ല.

ചിലരിൽ ഹൃദ്രോഗം വളരെ പെട്ടെന്ന് വരുന്നു. അവർക്ക് ഹൃദ്രോഗത്തിൻറെ ആദ്യലക്ഷണംതന്നെ പെട്ടന്നുള്ള മരണം ആകാം. പക്ഷേ, മിക്കവരിലും മുന്നറിയിപ്പുകൾ കാണാറുണ്ട്. പുതുതായി വരുന്ന നെഞ്ചുവേദന, വിശ്രമം എടുത്താലും മാറാത്ത നെഞ്ചുവേദന എന്നിവ മുന്നറിയിപ്പുകൾ ആകാം.

**ഹൃദ്രോഗം ഉണ്ടായാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകൾ എന്തൊക്കെയാണ്?**

ഹൃദ്രോഗം ഒരു മെഡിക്കൽ എമർജൻസി ആണ്. വേദന പൊതുവേ 15 മിനിറ്റിൽ കൂടുതൽ നീണ്ട് നിൽക്കും.രോഗിയെ ഉടനെ ആശുപത്രിയിൽ എത്തിക്കേണ്ടതാണ്. 108-ആംബുലൻസിൻറെ സേവനം തേടാവുന്നതാണ്.

രോഗിയെ ഇരിയ്ക്കാനോ കിടക്കാനോ സഹായിക്കുക. നല്ല വായു സഞ്ചാരം ഉറപ്പുവരുത്തുക. വസ്ത്രങ്ങളുടെ പകരം, വയ്പ്പല്ലുകൾ നീക്കം ചെയ്യാം. പൾസോ, ശ്വാസോച്ഛ്വാസമോ നഷ്ടപ്പെടുകയാണെങ്കിൽ, കാർഡിയോ പൾമനറി റെസുസിറ്റേഷൻ (CPR) ചെയ്യാവുന്നതാണ്.

CPR - ൽ പരിശീലനം സിദ്ധിച്ചവരാണെങ്കിൽ ഓരോ രണ്ട് കൃത്രിമശ്വാസം പകരുന്നതിന് മുൻപായി 30 തവണ നെഞ്ചിൽ ശക്തമായി അമർത്തേണ്ടതാണ്. ഒരു മിനിറ്റിൽ പത്ത് കൃത്രിമശ്വാസം കൊടുക്കുക. CPR ൽ പരിശീലനം സിദ്ധിച്ചവരല്ലെങ്കിൽ, ഒരു മിനിറ്റിൽ നൂറ്, നൂറ്റി ഇരുപത് തവണ നെഞ്ചിൽ ബലമായി അമർത്തുക. ഓട്ടോ മാറ്റഡ് എക്സ്റ്റേണൽ ഡിഫിബ്രിലേറ്റർ (AEDലഭ്യമാണെങ്കിൽ ഷോക്ക് കൊടുക്കാവുന്നതാണ്.

തുടരും...





# വേളി എന്ന തീരഗ്രാമം

റോക്കി രാജു



ഭാവിയിലേക്കുള്ള മാറ്റങ്ങൾക്ക് മാനവരാശിയെ സജ്ജമാക്കുവാൻ ഇന്നത്തെ സ്ഥിതി മാത്രം അറിഞ്ഞിരുന്നാൽ പോരാ, ഇന്നലെകളുടെ ചരിത്രം കൂടി ഉൾക്കൊള്ളണം. നമ്മുടെ സഞ്ചിത സംസ്കാരത്തേയും പാരമ്പര്യത്തേയുംകുറിച്ച് ഉൾകാഴ്ച പകരാൻ ചരിത്രാന്വേഷണം സഹായകമാകും. പോയകാലത്തിന്റെ രേഖപെടുത്തലും അതിനെക്കുറിച്ചുള്ള പഠനവുമാണ് ചരിത്രം. പ്രപഞ്ചത്തിലാകെ ഉണ്ടാകുന്ന മാറ്റങ്ങളുടെ രേഖപ്പെടുത്തലും മനുഷ്യന്റെ ഭൂതകാല പ്രവർത്തികളുടെ ശാസ്ത്രവുമാണ് ചരിത്രം.

## വേളി ചരിത്രത്താളുകളിൽ

വേളി ഇന്ന് കാണുന്നതുപോലെയുള്ള ഒരു ചെറിയ പ്രദേശം അല്ലായിരുന്നുവെന്നും, വേളിമലയുടെ ചുറ്റുമുള്ള വിസ്തൃതമായ പ്രദേശം മുഴുവൻ വേളിയെന്ന് അറിയപ്പെട്ടിരുന്നതായും അനുമാനിക്കപ്പെടുന്നു. ഭൂകാന്തിക രേഖക്ക് സമീപം സ്ഥിതിചെയ്യുന്ന വേളി എന്ന തീരദേശ ഗ്രാമം ചരിത്രതാളുകളിൽപതിഞ്ഞ പേരാണ്. ആയ് രാജവംശത്തിൽപ്പെട്ട വേൾ രാജാവിന്റെ തുറയാണ് വേളി

ആയതെന്ന് ചരിത്രകാരൻ എം. ജി ശശിഭൂഷൻ പ്രതിപാദിക്കുന്നു. വേൾ രാജാവിന് ഇവിടെ ഒരു തുറമുഖം ഉണ്ടായിരുന്നതായും വേളി കായൽ കടലിനോട് ചേരുന്നിടത്ത് പായ്ക്കപ്പലുകൾ വന്നുപോയിരുന്നതായും അദ്ദേഹം വിവരിക്കുന്നു. വിഴിഞ്ഞവും പൂന്തുറയും കഴിഞ്ഞാൽ അന്നെല്ലാം കപ്പലുകൾ അടുപ്പിക്കാൻ കച്ചവടക്കാർ ആശ്രയിച്ചിരുന്നത് വേളിയെ ആയിരുന്നു. കടൽ വഴി വന്നിരുന്ന പായ്ക്കപ്പലുകൾ വേളിയിലെ പൊഴികടന്ന് സുരക്ഷിതമായ കായലിലേക്ക് പ്രവേശിച്ച് നങ്കൂരമിടുകയായിരുന്നു അന്നത്തെ പതിവ്. ഇറക്കുമതി ചെയ്തിരുന്ന ചരക്കുകൾ സൂക്ഷിച്ചിരുന്നത് പുലയനാർ കോട്ടയിലും ഒരുവാതിലിൽകോട്ട എന്ന് ഇന്നറിയപ്പെടുന്ന ഒറ്റവാതിൽകോട്ടയിലും ആയിരുന്നുവെന്ന് അദ്ദേഹം 'അനന്തപുരിയും ചുറ്റുവട്ടങ്ങളും' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

വേളി കായലും വേളി പൊഴിയും വേളിമലയും അനന്തപുരി നിവാസികൾക്ക് സുപരിചിതമാണ്. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തുണ്ടായിരുന്ന പ്രധാന തുറകളിൽ വേളിത്തുറയും ഉണ്ടായിരുന്നതായി മതിലകം രേഖകളിൽ വ്യക്തമാക്കപ്പെടുന്നു. വേളിയുടെ ഒരു ഭാഗത്ത് കടലും മറുഭാഗത്ത് വന്യമൃഗങ്ങൾ വിഹരിച്ചിരുന്ന വൻ കാടുമായിരുന്നു. വേളിമല ഒരുകാലത്ത് രാജാക്കന്മാരുടെയും ഇംഗ്ലീഷ് റസിഡന്റ്മാരുടെയും നായാട്ട് ഭൂമിയായിരുന്നുവെന്നും ചരിത്രകാരനും മാതൃഭൂമി ലേഖകനുമായ മലയിൻകീഴ് ഗോപാലകൃഷ്ണൻ വിവരിക്കുന്നു. വേളിമല ഇന്ന് ലോകം അറിയപ്പെടുന്ന ബഹിരാകാശ ഗവേഷണ കേന്ദ്രമാണ്. (ഇന്ത്യ ചന്ദ്രയാനിലൂടെ ചരിത്രംകുറിച്ച ഈ വേളയിൽ ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിൽ എന്നും ഓർമിക്കപ്പെടേണ്ടത് തിരുവനന്തപുരത്തെ ഭൂകാന്തിക രേഖക്ക് സമീപം സ്ഥിതിചെയ്യുന്ന തീരഗ്രാമമായ വേളിയെയാണ്. പള്ളിത്തുറ -വേളി പ്രദേശത്തു (സൗത്ത് തുമ്പ )സ്ഥാപിച്ച Tumba Equatorial Rocket Launching Station (TERLS)-ൽ നിന്നും 1963 നവംബർ 21- ന് ആദ്യ സൗണ്ടിങ് റോക്കറ്റ് വിക്ഷേപിച്ചുകൊണ്ടു തുടക്കംകുറിച്ച ഇന്ത്യൻ ബഹിരാകാശ ദൗത്യം നേട്ടങ്ങളുടെ കൊടുമുടികൾ കീഴടക്കി. ശാസ്ത്ര-സാങ്കേതിക വികസന പദ്ധതികളിൽ ഈ മേഖയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സഹകരണം ചരിത്രത്താളുകളിൽ തങ്കലിപികളാൽ മുദ്രണം ചെയ്യപ്പെടേണ്ടതാണ്.)

ജലഗതാഗതംമാത്രം നിലനിന്നിരുന്ന കാലത്ത് തിരുവിതാംകൂറിന്റെ സ്രഷ്ടാവ് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ജലഗതാഗതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വേളി കായലിനേയും ഉൾപ്പെടുത്തി നടത്തിയ ജലഗതാഗത സർവ്വേയ്ക്ക് രേഖയുണ്ട്. എന്നാൽ അത് പൂർത്തിയായില്ല. 1810 ൽ സർവ്വേ ജനറൽ ഓഫ് മദ്രാസിന്റെ ചെയർമാനായി നിയമിതനായ ശ്രീ. കോളിൽ മെക്കൻസിയുടെ കീഴിൽ Benjamin Swain Ward, Peter Eyre Conner എന്നിവരെ ട്രാവൻകൂറിന്റെ സർവ്വേക്കായി ചുമതലപ്പെടുത്തുകയുണ്ടായി. 1816 നും 1820 നും ഇടയിൽ നടത്തപ്പെട്ട സർവ്വേയുടെ ഭാഗമായി അവർ വേളി സന്ദർശിച്ചതായും വേളിയിൽ പ്രശസ്തമായ ഒരു റോമൻ കത്തോലിക്ക പള്ളി ഉണ്ടായിരുന്നതായും വേളിക്ക്



അനിഴം തിരുനാൾ
മാർത്താണ്ഡവർമ്മ മഹാരാജാവ്



റാണി ഗൗരി പാർവ്വതി ഭായ്

സമീപമുള്ള ഒൻപത് പള്ളികളുടെ മേൽനോട്ടച്ചുമതല ഈ വികാരി ജനറൽ ആയിരുന്നു എന്നും തങ്ങളുടെ സർവ്വേ റിപ്പോർട്ടിൽ അവർ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അവർ തയ്യാറാക്കിയ Memoir of the Survey of the Travancore and Cochin States എന്ന പുസ്തകത്തിൻ്റെ വാല്യം രണ്ടിൽ 44, 45, 47, 48 എന്നീ പേജുകളിൽ വേളിയെകുറിച്ചുള്ള വിവരണമുണ്ട്.

കൊച്ചി രൂപതയുടെ റെക്കോർഡ് പ്രകാരം (റവ. എ. വി ലിസ്ബോവ - വികാർ ജനറൽ ഓഫ് കൊച്ചിൻ & ക്വയിലോൺ ഡയസ്സസ് അവലോകനം ചെയ്ത രേഖ) മിഷൻ പ്രവർത്തനത്തിനായി ഫാ. J.S.A. Siqucira എന്ന മിഷനറി 1873-ൽ വേളിയിൽ പ്രവർത്തിച്ചിരുന്നതായും മൊത്തം നാലു പള്ളികൾ വേളിയുടെ കീഴിൽ ഉണ്ടായിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ ചരിത്രരേഖകൾ പ്രകാരം 1820-ൽ വേളിയുടെ കീഴിൽ 9 പള്ളികളാണ് ഉണ്ടായിരുന്നത്. പിന്നീട് മാറ്റപ്പെട്ട 5 പള്ളികളെ സംബന്ധിച്ച ചരിത്രരേഖകൾ കണ്ടെത്തേണ്ടതായിട്ടുണ്ട് .

1825 -ൽ റാണി പാർവ്വതിഭായിയുടെ കാലത്ത് കനാൽ മുഖേന കൊച്ചിയേയും തിരുവനന്തപുരത്തേയും ബന്ധിപ്പിക്കുവാനുള്ള പദ്ധതിയുടെ ഭാഗമായി കഠിനംകുളം മുതൽ വള്ളക്കടവ് വരെ കനാൽ നിർമ്മിച്ചു. അറബിക്കടലിന് സമാന്തരമായി കിഴക്ക് ഭാഗത്തുകൂടി ഒഴുകുന്ന ഈ കനാലിന് പാർവ്വതി പുത്തനാർ എന്ന് നാമകരണം ചെയ്യപ്പെട്ടു. ജലഗതാഗതം സുഗമമായതോടുകൂടി വ്യാപാര സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും വേളി ഒരു പ്രധാന കച്ചവട മേഖലയായി പരിണമിക്കുകയും ചെയ്തു. സാധനങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നതിനായി വേളി പള്ളിക്ക് സമീപത്തായി വലിയ ഒരു കൽപ്പടവ് നിർമ്മിക്കുകയും വേളി യൂത്ത് ഹോസ്റ്റലിന് സമീപത്തായി റോഡും കായലും സന്ധിക്കുന്ന വിധത്തിൽ പ്രത്യേക പാതയും (slipway) നിർമ്മിക്കപ്പെട്ടു. ഇതിൽ കൽപ്പടവ് ഇന്ന് അപ്രത്യക്ഷമായെങ്കിലും യൂത്ത് ഹോസ്റ്റലിന് അടുത്തുള്ള റോഡ് അതേപടി നിലനിൽക്കുന്നുണ്ട്.

തുടരും...



# കുഞ്ഞാടുകൾ

*'വർഷത്തിൻ്റെ ആരംഭം മുതൽ അവസാനം വരെ എപ്പോഴും അവിടുന്ന് അതിനെ കടാക്ഷിച്ചു കൊണ്ടിരിക്കുന്നു' (നിയമാവർത്തനം 11:12).*

അനുകമ്പ നഷ്ടപ്പെട്ട, കഠിനഹൃദയമുള്ളവരുടെ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. മറ്റുള്ളവരുടെ ജീവിതത്തിൽ എത്ര സഹനങ്ങൾ ഉണ്ടായാലും അവയൊന്നും എന്നെ ബാധിക്കില്ല എന്ന ചിന്തയിൽ സ്വാർത്ഥ നേട്ടങ്ങളുടെ പിന്നാലെ ഓടുന്നവരായി മാറുന്ന കാഴ്ചയാണ് നാം ഇന്ന് കൂടുതലും കാണുന്നത്. ഇന്നലെകളിലെ നഷ്ടങ്ങൾ മറികടന്ന് ശുഭപ്രതീക്ഷയോടെ, ഈശോയെപ്പോലെ അനുകമ്പയുള്ള ഹൃദയവുമായി മറ്റുള്ളവരുടെ വേദനകളിൽ അവരെ ആശ്വസിപ്പിക്കുവാനും സന്തോഷിപ്പിക്കുവാനും നമുക്ക് സാധിക്കട്ടെ. സ്നേഹവും, സന്തോഷവും, കരുതലും ഉള്ള നല്ല നാളേയ്ക്കായി പുത്തൻ പ്രതീക്ഷകൾ നിറഞ്ഞ ദിനങ്ങൾ വന്നണയട്ടെ എന്ന പ്രാർത്ഥനയോടെ 'കുഞ്ഞാടുകൾ' എന്ന ഈ താൾ നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം.

മേരി റാണി ടീച്ചർ (പ്രസിഡൻ്റ്, KCSL)

കവിത

## മേഘങ്ങൾ മാറുമ്പോൾ

ജൂഡിത്ത് ആൻറണി,
മേരിനിലയം HSSS, പോങ്ങുംമൂട്

കാലമേ നീയൊരു മേഘത്തെപ്പോൽ മാറുമ്പോൾ
ഞാനും നിന്നോടൊപ്പം മാറിയിരുന്നു
ഒരു ചെറുശലഭത്തെപ്പോൽ പാറിയിരുന്നു
ചെറുപുഷ്പത്തെപ്പോൽ വിടർന്നുനിന്നു.
ചൊല്ലാതെ പോയൊരെൻ പ്രണയം പക്ഷേ
ചൊല്ലാനാശിച്ചിരുന്നു ഞാൻ
അന്നിതുവഴി കടന്നുപോയ മേഘങ്ങൾ
ഒരിക്കൽകൂടിയിതുവഴി കടന്നുപോയങ്കിലെന്നു
വാനോളം ആശിപ്പൂ ഞാൻ.
ഒരു മേഘത്തെപ്പോൽ കാലമേ നീ മാറുമ്പോൾ
മാറിയിരുന്നെൻ ഭാവങ്ങൾ
മാറിയിരുന്നെൻ ബന്ധങ്ങൾ
മാറിയിട്ടുണ്ട് പല ജീവിതങ്ങളും.
ഇതുവഴി കടന്നുപോയ മേഘങ്ങൾ
ഇനി തിരികെ വരുമ്പോൾ ഞാനീ
മന്നിലുണ്ടാകുമോ എന്നാരറിഞ്ഞു
എങ്കിലും നന്ദിയുണ്ട് നീയെനിക്കു
സമ്മാനിച്ചതിനൊക്കെയും
ഒടുവിൽ എല്ലാറ്റിനും നീ മാത്രം സാക്ഷി!



സജിൻ ഫ്രാൻസിസ്,
സെൻ്റ്. മൈക്കിൾസ് HSS കഠിനംകുളം

കഥ

# ഇരുട്ടിലെ മിന്നാമിനുങ്ങ്

**പവൽ മാത്യു**, സെൻറ് തോമസ് എച്ച്.എസ്.എസ്., പൂന്തുറ

ചെന്നൈ നഗരത്തിലെ ഇരുൾ മൂടിയ ഒരു പ്രദേശം. അവിടെ വലിയൊരു പാലത്തിൻറെ താഴെ ഒഴുകിയെത്തുന്ന കാട്ടാറിനു സമീപം ഒരു ചെറിയ കുടിൽ. ആകാശത്ത് നിലാവിൻറെ വെളിച്ചം കണ്ടു തുടങ്ങിയപ്പോൾ വീട്ടിൽനിന്നും അപ്പു എന്ന 10 വയസ്സുകാരൻ പുറത്തുവരുന്നു. അമ്മ അവനരികെയിരുന്ന് മന്ത്രങ്ങൾ പാടിക്കൊടുക്കുന്നു. പാൽപോലെ കുളിർത്തിരുന്ന നിലാവെളിച്ചത്തിൽ പച്ചനിറം പ്രത്യക്ഷപ്പെട്ടു. വണ്ടുകൾ മൂളുന്ന ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ രാത്രിയുടെ സുന്ദരിമാർ അതാ വരുന്നു. അപ്പു വിളിച്ചു പറഞ്ഞു: "ഹായ്! അമ്മേ നോക്ക് മിന്നാമിനുങ്ങ്." അമ്മ ചെറുതായൊന്നു പുഞ്ചിരിച്ചു. അപ്പുവിനോട് ഒരു കഥ പറയുവാൻ തുടങ്ങി. "രാത്രിയിൽ മിന്നാമിനുങ്ങിനെക്കണ്ട് അതിനെ പിൻതുടർന്നാൽ നിധി കിട്ടുമത്രേ." ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു. തെക്ക്, വടക്ക്, പടിഞ്ഞാറ് എന്നിങ്ങനെ തൻറെ രാജ്യത്തിൻറെ എല്ലാമൂലകളും അയാൾക്ക് സുപരിചിതമായിരുന്നു. മറ്റ് അധികാരികളിൽനിന്നും വ്യത്യസ്തമായി ആ രാജാവ് തൻറെ സമ്പത്ത് ജനങ്ങൾക്ക് വീതിച്ചുകൊടുക്കുകയും അവരോടൊപ്പം താമസിക്കുകയും അവർക്കുവേണ്ടി ആരോടും യുദ്ധം ചെയ്യുവാൻ തയ്യാറുമായിരുന്നു. അങ്ങനെയിരിക്കുമ്പോൾ രാജാവിനോട് അസൂയ തോന്നിയ മന്ത്രിമാർ തങ്ങളുടെ നാട്ടിൽനിന്നും ഓരോ കുട്ടികളെയും രഹസ്യചാരൻമാരെ ഉപയോഗിച്ച് കടത്തിക്കൊണ്ടുപോകുവാൻ തുടങ്ങി. ഇതറിഞ്ഞ നാട്ടുകാർ രാജാവിൻറെ കൊട്ടാരത്തിൽ ഇടിച്ചുതള്ളിക്കയറി. തൻറെ നിരപരാധിത്വം തെളിയിക്കാൻ രാജാവ് തൻറെ എല്ലാ മുറികളും അറകളും ജനങ്ങൾക്ക് തുറന്നുകാണിച്ചുകൊടുത്തു. അവസാനത്തെ അറ തുന്നപ്പോളതാ പേടിച്ചുവിറച്ചിരിക്കുന്ന കുട്ടികൾ. രാജാവ് തകർന്നുപോയി. ജനനന്മ ആഗ്രഹിച്ച തനിക്ക് ഈ അവസ്ഥ വന്നതോർത്ത് രാജാവ് ദുഃഖിച്ചു. ഒടുവിൽ രാജഗുരുവിൻറെ നിർദ്ദേശമനുസരിച്ച് മന്ത്രിമാരാലും ജനങ്ങളാലും രാജാവ് കൊട്ടാരത്തിൽ നിന്നും പുറത്താക്കപ്പെട്ടു. ഏകനായ രാജാവ് പിന്നീട് സാധാരണ മനുഷ്യജീവിതം നയിച്ച് കാട്ടിൽ കഴിഞ്ഞുകൂടി. കാടും ഒരു വീടാണല്ലോ!

വർഷങ്ങൾ കഴിഞ്ഞ് കാട്ടിൽ നിന്നും അയാൾ കാട്ടുവാസിയെപ്പോലെ നാട്ടിലിറങ്ങി. ആരാലും തിരിച്ചറിയപ്പെടാത്ത അയാൾ കണ്ട കാഴ്ച വളരെ വേദനാജനകമായിരുന്നു. പട്ടിണികൊണ്ട് കരയുന്ന പിഞ്ചുകിടാങ്ങൾ. കർഷകരിൽനിന്നും ആകെയുള്ള ധാന്യവും നികുതിയുമെല്ലാം അനാവശ്യമായി ഈടാക്കുന്നു. ആർത്തലച്ച് മാറിടംപൊത്തി കരയുന്ന സ്ത്രീകൾ. നാട്ടിലെ പ്രശ്നങ്ങൾ കാണുവാനാകാതെ ആത്മഹത്യ ചെയ്യുന്ന വൃദ്ധന്മാർ. അവരെക്കണ്ട് വിമ്പുന്ന വൃദ്ധകൾ. ഈറ്റപ്പുലിയുടെ ശൗര്യവും കുഞ്ഞിനെ നഷ്ടപ്പെട്ട അമ്മയുടെ വേദനയും അപ്പോൾ അയാൾക്കുണ്ടായി. നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുവാനും കുറ്റവാളികളെ ശിക്ഷിക്കുവാനും അയാൾ കച്ച കെട്ടിയിറങ്ങി. അതിനായി രാത്രിയുടെ മറവിൽ ഒളിച്ചും പാത്തും കൊട്ടാരത്തിൻറെ രഹസ്യ വഴികളിലൂടെ തനിക്ക് പരിചയമുള്ളവിധം കയറിപ്പറ്റി. അർഹതയില്ലാതെ പാവങ്ങളിൽനിന്നും പിടിച്ചുവാങ്ങപ്പെട്ട പണവും ധാന്യവും മോഷ്ടിക്കുവാൻ തുടങ്ങി. അങ്ങനെ പാവങ്ങളുടെ പട്ടിണിയും പരവശവും മാറ്റുവാൻ എല്ലാം അവർക്ക് വീതിച്ചുനൽകുകയും പാവങ്ങളുടെ ദൈവമായി മാറുകയും ചെയ്തു.

അങ്ങനെയിരിക്കുമ്പോൾ രഹസ്യ ചാരന്മാർ അയാളെ പിടികൂടി. ജനങ്ങളുടെ നായകനായ അയാൾ അധികാരികൾക്ക് പെരുംകള്ളനായിരുന്നു. സ്വന്തം ജീവിതം അന്യർക്കുവേണ്ടി ത്യജിച്ച് ജനമനസ്സിൽ രാജാവായിത്തീർന്ന അയാൾ കൊല്ലപ്പെടുന്നു. ഇത്രയും കേട്ട് അപ്പു ചോദിക്കുന്നു, "ഈ മിന്നാമിനുങ്ങും ആ ധീരനായ രാജാവും തമ്മിൽ എന്താണ് ബന്ധം?" അമ്മ പറഞ്ഞു: "ആ രാജാവ് നിധി ഒളിപ്പിച്ച ആൽത്തറ ഇരുട്ടിൽ ഒരു മനുഷ്യനും കാണുവാനാകില്ല. പൂർണ്ണചന്ദ്രൻറെ നിറവിൽ മിന്നാമിനുങ്ങുകൾ പ്രത്യക്ഷപ്പെടുന്ന സമയത്താണ് അയാൾ ആ നിധിയെടുക്കുന്നത്." ഇതറിഞ്ഞ അപ്പു ചോദിച്ചു: "ആ രാജാവ് യഥാർത്ഥത്തിൽ ജീവിച്ചിരുന്നോ?" കേട്ടമാത്രയിൽ അത് തൻറെ അച്ഛനായിരുന്നുവെന്നും ആ നിധിയുള്ളത് തൻറെ വീട്ടിലായിരുന്നുവെന്നും അമ്മയുടെ കണ്ണുകളിലൂടെ അപ്പു മനസ്സിലാക്കുന്നു.

അപ്പു ചോദിച്ചു: "അമ്മ എന്തുകൊണ്ട് ആ നിധി ഉപയോഗിച്ചില്ല?" അമ്മ മറുപടി പറഞ്ഞു: "ഇരുളിൽ വെളിച്ചമേകുന്ന മിന്നാമിനുങ്ങിനെപ്പോലെ സ്വന്തം കഴിവ് അന്യരുടെ ഉയർച്ചക്കായി ഉപയോഗിച്ച മഹാനാണ് നിൻറെ അച്ഛൻ. അദ്ദേഹം സമ്പാദിച്ച ഒരു പിടിനെല്ലുപോലും എനിക്ക് തൊടുവാൻ അർഹതില്ല. മാത്രമല്ല ഏറ്റവും വലിയ നിധിയായി എനിക്ക് നീയുണ്ടല്ലോ, അപ്പൂ." ഇത് കേട്ട് അവർ പരസ്പരം കെട്ടിപ്പിടിക്കുകയും നിറകണ്ണുകളുമായി പരസ്പരം നോക്കുകയും ചെയ്തു. "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക" എന്ന സന്ദേശം ഇവർ നമുക്ക് നൽകുന്നു.








വായന

# ലാമിയയുടെ കഥകളും ലോകത്തിന്റെ സ്വപ്നങ്ങളും

വി.എസ്.ബിന്ദു

ലാമിയ (ലാമിയ ചെഞ്ചേരി) എൻറെ പ്രിയപ്പെട്ട വിദ്യാർത്ഥിനിയാണ്. തനിക്കു ചുറ്റുമുള്ളവയിലെല്ലാം സർഗ്ഗാത്മകത തിരയുന്ന കൗമാരക്കാരി. വായനയുടെയും അനുഭവങ്ങളുടെയും ചിന്തകളുടെയും ഊർജ്ജത്തിൽ പുതിയ നിരീക്ഷണങ്ങളും ഭാവുകത്വവും സ്വാതന്ത്ര്യവും തേടുന്ന എഴുത്തിലെ പുതുമുറക്കാരി. ലാമിയയെന്ന പ്രതിഭാധനയ്ക്കു മാത്രം രചിക്കാൻ കഴിയുന്ന കഥാസമാഹാരമാണ് 'ഒരു പൂമ്പാറ്റയുടെ സ്വപ്നം'.

കുട്ടികൾ എഴുതുന്നവയിൽ കൂടുതലായി ഭാവനയുടെയും യാഥാർത്ഥ്യത്തിൻറെയും ഇടകലരൽ ഉണ്ടാകും. മുതിർന്നവർ കാണുന്ന സ്വപ്നങ്ങളെക്കാൾ അനേകം അടരുകളുള്ള സ്വപ്നങ്ങളാകും അവർ കാണുക. ലാമിയയുടെ കഥകളിലെ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചാൽ നമുക്കു ലഭിക്കുന്ന ആനന്ദമെന്നത് നമ്മുടെതന്നെ ഓർമ്മകളുടെയും

കൗതുകങ്ങളുടെയും വീണ്ടെടുക്കലുകളാണ്. അതിനുപ്രായഭേദമില്ല. കഥപറച്ചിലിൻറെ ലാവണ്യബോധംകൂടി അടങ്ങിയതാണ് ഈ സമാഹാരത്തിലെ ഇരുപതുകഥകളും. പ്രകൃതിയുടെ സങ്കടങ്ങൾ കേൾക്കാൻ മനുഷ്യർക്ക് കാതുകൾമാത്രം പോരാ നിർമ്മലമായ ഹൃദയംകൂടി ഉണ്ടാകണമെന്ന് എഴുത്തുകാരി "പുഴകരയോടു പറഞ്ഞത്" എന്ന ആദ്യകഥയിൽ വ്യക്തമാക്കുന്നു. ചലിക്കുന്ന വാക്കുകളിൽ നീതുവിൻറെ ലോകം കഥാകാരി വരച്ചിട്ടിരിക്കുന്നതു കാണൂ. ഭിന്നശേഷിക്കാരിയായ നീതുവിന് മാതാപിതാക്കളുടെ സ്നേഹം വേണം. അവരുടെ അകൽച്ച അവൾ വേദനയോടെ അറിയുന്നു. അമ്മക്കുരുവിക്ക് തൻറെ കുഞ്ഞിനോടുള്ള സ്നേഹത്തെ അറിയുന്ന നീതു ആ സ്നേഹപാഠം തൻറെ ജീവിതത്തിൽ പകർത്തട്ടെ എന്നാണ് കഥാകാരിയുടെ ആഗ്രഹം. ഓരോ കഥയിലെയും ലളിതവാക്യങ്ങൾ പ്രകാശിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ എന്നാൽ അത്ര ലളിതമല്ല. നേർക്കാഴ്ചകളിൽനിന്ന് കഥയുടെ ഒരു ഉറവ കണ്ടെത്താൻ ലാമിയ ക്ഷമയോടെ കാത്തിരുന്നിട്ടുണ്ട്. എഴുത്തുകാർക്കുവേണ്ട ഗുണമാണ് രചനാശീലപ്രക്രിയ. അങ്ങനെ നേടിയ കരുത്ത് ഈ കഥകളിലുണ്ട്. കൂടുതൽ ഉത്തരവാദിത്തത്തോടെ ആ ശീലം തുടരുകയും വേണം.

കണ്ണകി വായിച്ചപ്പോൾ സന്തോഷവും സങ്കടവും കൊണ്ട് എൻറെ മനസ്സ് തുടിച്ചു. ലഹരിയുടെ ഉപയോഗം കുടുംബ വിപത്തായി മാറുന്നതിനെ കണ്ണകി എന്ന അന്ധബാലിക പരിഹരിക്കുന്നത് തന്റെ സുവ്യക്തമായ ചിന്ത തെളിമയോടെ അച്ഛനുമുമ്പിൽ അവതരിപ്പിച്ചുകൊണ്ടാണ്. അച്ഛനെ അതു സ്വാധീനിച്ചുവെന്നത് ആ കഥയുടെ ആശയത്തിലൂടെ, ഭാഷയിലൂടെ രചനയുടെ വിജയത്തെളിവായി മാറുന്നു.

ഓരോ ജീവിക്കും എന്തൊക്കെയോ പറയാനുണ്ട് എന്നതാണ് ഒരു കഥയുടെ ആരംഭം. കുഞ്ഞുങ്ങളെ ഭാഷയും അർഥവുമെല്ലാം തേടിവരുന്നത് സ്നേഹത്തിലൂടെയാണ്. ഇവിടെ ഭദ്ര എന്ന കുട്ടിയുടെ വളർച്ചയുടെ ഗ്രാഫ് ലാമിയ വരയ്ക്കുന്നത് അറിവും തിരിച്ചറിവും ചേർത്തുവച്ചിട്ടാണ്. ഒറ്റയാൻ എന്ന പദത്തിന് സൂചിതാർത്ഥങ്ങൾ പലതുണ്ട്. കഠിനമായ അനുഭവങ്ങൾ ഏൽപ്പിക്കുന്ന ആ ഒറ്റപ്പെടൽ മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും സസ്യജാലങ്ങൾക്കുപോലും ഉണ്ടാകാറുണ്ട്. ഒറ്റയാൻറെ ദുഃഖമെന്ന കഥ അവസാനിക്കുന്നത് ഒരു ചോദ്യത്തിലൂടെയാണ്. സങ്കീർണമായ മറുപടികൾ നേരിടേണ്ടണ്ട ഒരു ചോദ്യം. പതിനഞ്ചാമത്തെ കഥയിൽ ലാമിയ തൻറെ രാഷ്ട്രീയനയം എഴുതുന്നു. ഇരുമ്പു ചിറകുള്ള ഒരു പൂമ്പാറ്റയെ ഈ കഥയിൽ കാണാം. അധികാരത്തെ ജനാധിപത്യത്തിൻറെ വഴിയിൽ മാത്രം കാണുന്നു ഈ കഥാകാരി.

സാങ്കേതിക വിദ്യയുടെ വളർച്ച അതിവേഗത്തിലാകുന്ന കാലമാണ് ലാമിയയ്ക്കുകൂട്ട്. ഭരണഘടനവാഗ്ദാനം ചെയ്യുന്ന തുല്യതയും സ്വാതന്ത്ര്യവുമൊക്കെ ഈ മിടുക്കിയുടെ കഥകളിൽ കാലത്തിനുമുന്നേ വളർന്നു വികസിക്കും. പിറന്നാൾ സമ്മാനത്തിലെ കുട്ടിയെപ്പോലെ സ്നേഹത്തിൻറെ ചൂടിലും വെളിച്ചത്തിലും ഈ പൂമ്പാറ്റ പാറിപ്പറക്കും.

പ്രിയമുള്ളവരേ, ലാമിയയുടെ കഥകളും അവയോടൊപ്പമുള്ള ചിത്രങ്ങളും ഓരോ വായനയിലും വ്യത്യസ്തമായി സംസാരിക്കും. എഴുത്തുകാരനായ മുത്തച്ഛൻ മോഹനൻ ചെഞ്ചേരിയും മറ്റു കുടുംബാംഗങ്ങളും വിദ്യാലയവുമെല്ലാം ചേർത്തുനിർത്തുന്ന ലാമിയ സ്വന്തം വഴികളിൽ, എഴുത്തിൽ സഞ്ചരിക്കാൻ തുടങ്ങുകയാണ്. കഥകളുടെ കൂട്ടുകാരിക്ക് സ്നേഹാദരങ്ങൾ. ●


# ORDER OF SAINT CLARE OF ASSISI AND ST. FRANCIS OF ASSISI

1240-ൽ സ്പെയിനിൽ വി. ക്ലാരയും വി. ഫ്രാൻസിസ് അസീസ്സിയും സംയുക്തമായി സ്ഥാപിച്ച ഒരു സന്യാസ സഭയാണിത്. ഈ സഭയ്ക്ക് ഇന്ന് സ്പെയിനിൽ മാത്രം 566 സന്യാസ ഭവനങ്ങളും 8960 അംഗങ്ങളുമുണ്ട്. വിവിധ മഠങ്ങളിലായി 200-ലധികം മലയാളികൾ സ്പെയിനിൽ പ്രാർഥനയുടെ പ്രേഷിതരായി സേവനം ചെയ്യുന്നു. പ്രാർഥന ജീവിതത്തിലൂടെയും, നിത്യാരധനയിലൂടെയും, നിശബ്ദ സേവനത്തിലൂടെയും ദൈവത്തിനും തിരുസഭയ്ക്കും ലോകത്തിനുവേണ്ടിയും ജീവിക്കുകയാണ് ഈ സഭയുടെ ജീവിതചൈതന്യം.

വി. ക്ലാരയുടെയും വി. ഫ്രാൻസിസ് അസീസ്സിയുടെയും സമർപ്പണ ജീവിതമാണ് ഈ സഭയുടെ ജീവിതശൈലി. ഈ സഭയുടെ ചൈതന്യവും ജീവിതവും ഒരു ഉൾവിളിയായി, ദൈവത്തിന്റെ സ്വരമായി, ജീവിതവഴിയായി അനുഭവപ്പെടുന്നുവെങ്കിൽ ഞങ്ങളുടെ സഭയിലേക്ക് സ്വാഗതം.

SSLC-യോ, പ്ലസ് 2-വോ കഴിഞ്ഞിട്ടുള്ളവരും പ്രാർഥനയുടെ പ്രേഷിതരായി സ്പെയിനിൽ സേവനമനുഷ്ഠിക്കുവാൻ താല്പര്യമുള്ളവരുമായ കത്തോലിക്കാ യുവതികളെ സ്വാഗതം ചെയ്യുന്നു.



Address: Sr. Superior, Santa Clara Convent, 40466, Rapariegos, Segovia, SPAIN

WhatsApp: 00 3462 313 9050 | Email: clarisasrariegos@gmail.com

വചന ജ്വാല
(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)
2025 ഏപ്രിൽ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബി.സി.സി.കമ്മിഷൻ തയ്യാറാക്കിയത്

# "വിശുദ്ധ കൊച്ചുത്രേസ്യയുടെ കുറുക്കുവഴികൾ"



പ്രിയപ്പെട്ടവരെ, കത്തോലിക്കാ തിരുസഭയിൽ 2025 ജൂബിലി വർഷമായി ആചരിക്കുകയാണല്ലോ. തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ ജൂബിലി കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിൻറെ ശതാബ്ദി ആഘോഷങ്ങളുടെ സ്മരണ ദിനങ്ങൾ കൂടിയാണ്. അതിനാൽ തന്നെ ജൂബിലി വർഷത്തെ ധ്യാനവിഷയമായി തിരുവനന്തപുരം രൂപത തിരഞ്ഞെടുത്തിരിക്കുന്നത് 'വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് പ്രത്യാശയുടെ തീർഥാടകരാകാം' എന്നതാണ്. വരുന്ന ഒമ്പത് മാസകാലയളവിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികത സ്വാംശീകരിക്കുവാൻ സഹായിക്കുന്ന വചനവിചിന്തനമാകും നമ്മുടെ കൂട്ടായ്മകളിൽ ലഭ്യമാകുക. അതിരൂപത സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയെ നമുക്ക് കൂടുതൽ മനസിലാക്കാൻ ശ്രമിക്കാം.

**1) പരിശുദ്ധാത്മാവിൻറെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

**2) ആമുഖം**

ചെറുപുഷ്പം എന്നപേരിൽ അറിയപ്പെടുന്ന ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യ 1873 ജനുവരി 2ന് ഫ്രാൻസിലെ അലൻസോണിൽ വിശുദ്ധ സെലിൻ മാർട്ടിൻറെയും വിശുദ്ധ ലൂയി മാർട്ടിൻറെയും ഒമ്പത് മക്കളിൽ ഏറ്റവും ഇളയവളായി ജനിച്ചു. തെരേസയ്ക്ക് നാലുവയസുള്ളപ്പോൾ അമ്മ മരണമടഞ്ഞു. ഒരു മാതൃകാ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടാവാം വളരെ ചെറുപ്പം മുതലേ സന്യാസജീവിതത്തിലേക്ക് പ്രവേശിക്കുവാൻ അവൾ ആഗ്രഹം പ്രകടിപ്പിച്ചത്. 15-ാമത്തെ വയസിൽ കർമ്മലീത്ത മഠത്തിൽ ചേരുവാൻ പ്രത്യേക അനുവാദം ലഭിച്ചു. സാധാരണ ദൈനംദിന ജോലികൾ പരിപൂർണ വിശ്വാസത്തോടെ ചെയ്ത് സദാ സമയവും മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചും അവൾ വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറി. 24-മത്തെ വയസിൽ 1887 ൽ സെപ്റ്റംബർ 30 ന് ക്ഷയരോഗം മൂലം കൊച്ചുത്രേസ്യ നിര്യാതയായി. 1925 ൽ വിശുദ്ധയായി കൊച്ചുത്രേസ്യയെ സഭ ഉയർത്തി. ഒരു മിഷണറിയാകാൻ അതിയായി ആഗ്രഹിച്ച കൊച്ചുത്രേസ്യയെ 1928 ൽ പതിനൊന്നാം പീയൂസ് പാപ്പ മിഷണറിമാരുടെ മധ്യസ്ഥയായി

പ്രഖ്യാപിച്ചു. ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്ത് വിശുദ്ധിയുടെ കുറുക്കുവഴികൾ കണ്ടെത്തിയവളായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ.

**3) യേശുവിനെ ക്ഷണിക്കൽ**

**4) ദൈവവചന പാരായണം - മർക്കോ 10:13-16**

**5) വചനഭാഗം പങ്കുവയ്ക്കൽ**

**6) നിശബ്ദധ്യാനം**

**7) വചനാനുഭവം പങ്കുവയ്ക്കൽ**

**8) വചനവിചിന്തനം**

ക്രിസ്തുവിൽ ഏറ്റവും സ്നേഹം നിറഞ്ഞ സഹോദരരെ, നമ്മുടെ അതിരൂപത സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയെ കുറിച്ച് പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ജൂബിലി വർഷത്തിലാണല്ലോ നാം ആയിരിക്കുന്നത്. ഭൂമിയിൽ വെറും 26 വർഷക്കാലം മാത്രം ജീവിച്ച് അനേകം കോടി ആത്മാക്കളെ സ്വർഗത്തിനായി വിശുദ്ധ നേടിയത് ഈശോയുടെ തിരുഹൃദയത്തിലേക്കുള്ള തൻറെ കൊച്ചു കുറുക്കുവഴികളിലൂടെയാണെന്ന് വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നുണ്ട്. ചെറുപ്രായത്തിൽ തന്നെ ക്ഷയരോഗം മൂലം അസ്വസ്തതകൾ അനുഭവിച്ചിരുന്നതുകൊണ്ട് തീവ്രമായ തപശ്ചര്യകളോ പ്രായശ്ചിത്ത പ്രവൃത്തികളോ നോമ്പോ ഉപവാസമോ ദീർഘനേരത്തെ പ്രാർഥനകളോ അവൾക്ക് സാധ്യമായിരുന്നില്ല. അതുകൊണ്ട് തന്നെ ക്രൂശിതനായ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുവാൻ മേൽപ്പറഞ്ഞതൊന്നും അവൾക്ക് സാധിച്ചിരുന്നില്ല. തന്മൂലം അവളുടെ കൊച്ചുബുദ്ധിയിൽ കണ്ടെത്തിയതാണ് സ്വർഗത്തിലേക്കുള്ള കുറുക്കുവഴികൾ.

ഒരിക്കൽ കൊച്ചുത്രേസ്യ സ്വന്തം വസ്ത്രം അലക്കുകല്ലിൽ കഴുകി വൃത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവളെ തീരെ ഇഷ്ടമില്ലാത്ത മറ്റൊരു കന്യാസ്ത്രീ കൊച്ചുത്രേസ്യയുടെ മുഖത്തേക്ക് താൻ അലക്കുന്ന വസ്ത്രങ്ങളിൽ നിന്നുള്ള അഴുക്കുവെള്ളം വീഴാൻ പാകത്തിന് പ്രതികാര ബുദ്ധിയോടെ അലക്കിക്കൊണ്ടിരുന്നു. ആദ്യമാദ്യം ഏതൊരു മനുഷ്യവ്യക്തിയേയും പോലെ ശ്രദ്ധിച്ച് അലക്കുവാൻ മറ്റേ കന്യാസ്ത്രീയോട് പറയുവാനും അലക്ക് നിർത്തി അവിടെ നിന്ന് പോകുവാനുമാണ് കൊച്ചുത്രേസ്യയ്ക്ക് തോന്നിയത്. എന്നാൽ അടുത്ത നിമിഷത്തിൽ അവൾ അത് സ്വർഗത്തിലെ അനേകം ആത്മാക്കളെ നേടുവാനുള്ള ഒരു കുറുക്കുവഴിയായി സ്വീകരിച്ചു. പുഞ്ചിരിച്ചുകൊണ്ട്, സ്നേഹത്തോടുകൂടി 'യേശുവേ, അങ്ങയോടുള്ള സ്നേഹത്തെപ്രതി അനേകം ആത്മാക്കാളുടെ രക്ഷയ്ക്ക്' എന്ന് പറഞ്ഞ് അവൾ യേശുവിൻറെ തിരുഹൃദയത്തിൽ സമർപ്പിച്ചു. മാത്രവുമല്ല, അവൾ അത് സഹോദര കന്യാസ്ത്രീയ്ക്ക് സ്നേഹത്തോടെ ഒരു പുഞ്ചിരി സമ്മാനിച്ചു. പിന്നീട് പല ദിനങ്ങളിലും ഈ സംഭവം ആവർത്തിച്ചുവെന്ന് അപ്പോഴൊക്കെ കൂടുതൽ അഴുക്കുവെള്ളം തൻറെ മുഖത്തിൽ പതിക്കുവാൻ തക്ക വിധത്തിൽ വിശുദ്ധ കൊച്ചുത്രേസ്യ അവൾക്ക് അഭിമുഖമായി നിന്നുകൊടുക്കുമെന്നാണ് ആത്മകഥാ സാരാംശം ഉൾകൊള്ളുന്ന പുസ്തകങ്ങളിൽ പ്രതിപാദിക്കുന്നത്.

ഈ അനുഭവത്തിലൂടെ വിശുദ്ധ കൊച്ചുത്രേസ്യ എത്രയധികം ആത്മാക്കളെ നേടിയിട്ടുണ്ടാകും. സ്നേഹമുള്ളവരേ ഒന്നു ഓർത്തു നോക്കിയാൽ ഓരോ ദിവസവും എത്ര ഇതുപോലുള്ള എത്രയോ അവസരങ്ങളാണ് നാം നഷ്ടപ്പെടുത്തുന്നത്.

വിശുദ്ധ കൊച്ചുത്രേസ്യ നല്ലവൾ മാത്രമായിരിക്കുവാൻ ആഗ്രഹിച്ചില്ല. വിശുദ്ധയാകണമെന്നൊരു വലിയ ലക്ഷ്യം അവളുടെ മനസിൽ ഉണ്ടായിരുന്നു. പക്ഷേ, കത്തോലിക്കാ സഭയിലെ മറ്റു വലിയ വിശുദ്ധരുമായി തട്ടിച്ചുനോക്കുമ്പോൾ താൻ എത്രയോ ചെറിയവൾ; അത് മേഘങ്ങളാൽ മൂടിക്കിടക്കുന്ന മലനിരകൾ പോലെയും മനുഷ്യരുടെ പാദങ്ങൾക്കിടയിലെ മൺതരികൾ പോലെയുമാണെന്ന് അവൾ തിരിച്ചറിഞ്ഞു. ഒരുപക്ഷേ അസാധ്യകാര്യങ്ങളൊന്നും ചെയ്ത് വലിയവളാകുവാനോ, വലിയ വിശുദ്ധയാകുവാനോ കഴിഞ്ഞെന്ന് വന്നില്ലെങ്കിലും ഏതെങ്കിലും ഒരു കുറുക്കുവഴി കണ്ടെത്തി സ്വർഗത്തിലെത്തുമെന്ന് വിശുദ്ധ കൊച്ചുത്രേസ്യ ഇടയ്ക്കിടെ പറയുമായിരുന്നു. പ്രിയപ്പെട്ട സഹോദരങ്ങളേ നമ്മുടെ കുടുംബത്തിലെ വ്യക്തിഗത ജീവിതത്തിലെ, സാമൂഹ്യ ജീവിതത്തിലെ എത്രയോ അവസരങ്ങൾ നമുക്ക് ലഭിക്കുന്നു. അസാധ്യകാര്യങ്ങളൊന്നും ചെയ്തില്ലെങ്കിലും ജീവിതത്തിലെ നിസാര കാര്യങ്ങളെ അസാധ്യ വിശുദ്ധിയോടെ ചെയ്യുവാൻ നമുക്ക് പരിശ്രമിക്കാം.

**9) ദൗത്യമേറ്റെടുക്കൽ**

**10) സ്വയം പ്രേരിതപ്രാർഥന**

**11) കർത്തൃപ്രാർഥന**

**12) സമാപനപ്രാർഥന**

## രണ്ടാം ഭാഗം

1) റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്);

2) വരവ് ചെലവ് കണക്ക് അവതരണം;

3) ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം (യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4) ചർച്ചയും പങ്കുവയ്ക്കലും


5) ഹാജർ;

6) രഹസ്യപ്പിരിവ്

7) അറിയിപ്പുകൾ

8) നന്ദി

10) സമാപനഗീതം



# വിശുദ്ധ കുരിശ്; സ്നേഹഹൃദയ സ്പന്ദനം


**മോൺ. വിൻസന്റ് കെ. പീറ്റർ**
(വികാരി ജനറൽ, നെയ്യാറ്റിൻകര രൂപത, ഡയറക്ടർ, റെക്ടർ തെക്കൻ കുരിശുമല)


ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയത്തിലെ സ്പന്ദനമാണ് വിശുദ്ധ കുരിശ്. കുരിശിനെ നോട്ടം വയ്ക്കുന്നവർ സ്നേഹനേട്ടമായി കൊയ്യുന്നു. കുരിശിലെ യാഥാർത്ഥ്യം സ്നേഹമാണ്. കുരിശിനെ പുൽകുന്നവർ സ്നേഹത്തെ സ്വാംശീകരിക്കുന്നു, സ്നേഹം പങ്കുവയ്ക്കുന്നു. പങ്കുവയ്ക്കുന്ന ദൈവസ്നേഹമാണ് യേശുക്രിസ്തുവിന്റെ കുരിശിലെ ബലിയർപ്പണം. യേശുക്രിസ്തുവിന്റെ ഹൃദയത്തിൽനിന്നും ഒലിച്ചിറങ്ങിയ അവസാനത്തുള്ളി രക്തവും ദൈവസ്നേഹത്തിന്റെ നീർച്ചാലുകളായി മാറി.

നീർച്ചാലുകൾ തേടി നടക്കുന്ന മാൻപേടകളെപ്പോലെ നമ്മുടെ ഹൃദയവും സ്നേഹത്തിനായി വെമ്പൽകൊള്ളണം. സ്നേഹനേർച്ചകൾകൊണ്ട് നിറയുന്ന അനർഘ നിമിഷങ്ങളാണ് ഓരോ ബലിയർപ്പണവും. നമ്മുടെ സ്നേഹവികാരങ്ങളെ ഊഷ്മള സ്നേഹമായി ക്രിസ്തുവിന്റെ ബലിയിൽ പങ്കുവയ്ക്കുമ്പോൾ ജീവിത സഹനങ്ങൾ സ്നേഹത്തിന്റെ നീർച്ചാലുകളായി മാറും.

സ്നേഹിക്കുന്ന ഹൃദയത്തിന്റെ മുഖമുദ്രയാണ് സഹനം. സ്നേഹിക്കുന്നവൻ സഹിക്കുന്നു. സകലം സഹിക്കുന്നവൻ സ്നേഹത്തോടെ ജീവിക്കുന്നു. ഹൃദയത്തിൽ സ്നേഹമുള്ളവർ മരിച്ചാലും ജീവിക്കും. മറ്റുള്ളവർക്ക് പ്രത്യാശ നൽകിക്കൊണ്ടിരിക്കും.സഹനം രക്ഷാകരമാകുന്നു. പ്രത്യാശയുടെ തീർത്ഥാടകനാണ് മനുഷ്യൻ. പ്രത്യാശ നിശ്ചലമല്ല, അത് ക്രിയാത്മകവും ചലനാത്മകവും ആത്മീയവുമാണ്. ആത്മീയവും ഭൗതീകവുമായ ജീവിതാനുഭവത്തിലേക്കുള്ള സഞ്ചാരമാണ് തെക്കൻ കുരിശുമല തീർത്ഥാടനം.

സമുദ്രനിരപ്പിൽനിന്ന് 3000 അടി ഉയരത്തിൽ 1957 മാർച്ച് 27ന് ഫാദർ ജോൺ ബാപ്റ്റിസ്റ്റ് സ്ഥാപിച്ച വിശുദ്ധ കുരിശ് ഒരു ചരിത്ര യാഥാർഥ്യമാണ്. അതൊരു ദൈവിക ഇടപെടലാണ്. 2025-ൽ ക്രിസ്തുവിന്റെ ജനന ജൂബിലി ആഘോഷത്തിലൂടെ സമസ്ത മനുഷ്യരും ഒരുമിക്കുന്ന ഐക്യസഞ്ചാരത്തിലേക്ക് നയിക്കുവാനും ഓരോ മനുഷ്യനും അവന്റെ സഹനജീവിതം ക്രിസ്തുവിന്റെ കുരിശിലെ സഹനത്തോടൊപ്പം ചേർത്തുപിടിക്കുവാനും വിശ്വസ്തതയും കാരുണ്യവും നീതിബോധവും ഉള്ള മനുഷ്യരാകുവാനും കുരിശുമല നമ്മെ വിളിക്കുന്നു. ഈലോക കാഴ്ചകൾക്കപ്പുറം കാഴ്ചപ്പാടുകളുടെയും പ്രത്യാശയുടെയും തീർത്ഥാടകരാകുവാനുള്ള ബോധ്യം നൽകിയിരിക്കുന്നത് യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ സ്നേഹം, ജ്ഞാനം, നീതിബോധം, കാരുണ്യവും വിശ്വസ്തതയും, വിശുദ്ധി, വിജ്ഞാനം, ഇവയാണ് കാഴ്ചപ്പാടുകളായി ഇന്നും ലോകത്തിൽ നിലനിൽക്കുന്നത്.

നമുക്ക് ഓരോരുത്തർക്കും ഓരോ ഹൃദയമുണ്ട്. കാഴ്ചപ്പാടുകൾ നിറയ്ക്കേണ്ടത് നമ്മുടെ ഹൃദയത്തിലാണ്. പഞ്ചേന്ദ്രിയങ്ങൾ കാഴ്ചകളിലേക്ക് പ്രേരിപ്പിക്കുമ്പോൾ കാഴ്ചപ്പാടുകളുള്ള ഹൃദയം അതിനുമപ്പുറത്തേക്ക് നിത്യമായി നിലനിൽക്കുവാൻ സഹായിക്കുന്നു. നിർമ്മിത ബുദ്ധിയിലൂടെ രൂപപ്പെടുത്തുന്ന നൂതന സാങ്കേതികവിദ്യകൾ കാഴ്ചകളിലേക്ക് മാത്രം ചുരുക്കുവാൻ പ്രേരിപ്പിക്കുമ്പോൾ യാഥാർത്ഥ്യ ബുദ്ധി (Real Intelligence) എപ്പോഴും നൂതനമായ കാഴ്ചപ്പാടുകൾ നൽകിക്കൊണ്ടിരിക്കും. കാഴ്ചപ്പാടുകളുള്ള ഹൃദയം മറ്റുള്ളവരുടെ ക്ഷേമവും നന്മയും കാംക്ഷിക്കുന്നു, പ്രകൃതിയെയും പ്രകൃതിവസ്തുക്കളെയും സംരക്ഷിക്കുന്നു. വാസയോഗ്യമായ ഈ ഭൂമിയെ നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധനാക്കുന്നു.

തെക്കൻ കുരിശുമലയിൽ സ്ഥാപിതമായ വിശുദ്ധ കുരിശ് കാഴ്ചകൾക്കുമപ്പുറം കാഴ്ചപ്പാട് സ്വാംശീകരിക്കാൻ സഹായിക്കുന്നു. വിശുദ്ധ കുരിശിന്റെ സ്ഥാപകനായ ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ദൈവകൃപയും ഉയർന്ന കാഴ്ചപ്പാടുകളും ഉള്ള വൈദികശ്രേഷ്ഠനായിരുന്നു.

2025 മാർച്ച് 30 മുതൽ ഏപ്രിൽ 6 വരെയും 17 പെസഹവ്യാഴം 18 ദുഃഖവെള്ളി ദിവസങ്ങളിലായി നടക്കുന്ന നോമ്പുകാലത്ത് തെക്കൻ കുരിശുമല തീർത്ഥാടനം വിശുദ്ധ കുരിശ്; സ്നേഹഹൃദയ സ്പന്ദനം എന്ന സന്ദേശമാണ് നൽകുന്നത്. സഹനത്തിലൂടെ പാപവിമോചനവും കരുണയിലൂടെ ജീവിത വിശുദ്ധിയും സ്നേഹത്തിലൂടെ സമാധാനവും നൽകുന്ന തെക്കൻ കുരിശുമല തീർത്ഥാടനത്തിലേക്ക് ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

●

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## കടൽമണൽ ഖനന തീരുമാനത്തിൽനിന്ന് കേന്ദ്രം പിന്തിരിയണമെന്ന് തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത



തിരുവനന്തപുരം: കടൽമണൽ ഖനന വിഷയത്തിൽ ഏകപക്ഷീയ തീരുമാനമാണു കേന്ദ്ര സർക്കാരിന്റേതെന്നും, അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ അനുവദിക്കില്ലെന്നും അഭിവന്ദ്യ മെത്രാപ്പോലീത്ത. തീരജനതയുമായി ചർച്ച നടത്താതെ കേന്ദ്രസർക്കാർ ജനങ്ങളെ മണ്ടന്മാരാക്കുകയാണ്. സംസ്ഥാന സർക്കാരും പ്രതിപക്ഷവും ഒന്നിച്ചുനിന്ന് ഇതിനെതിരെ പോരാടണമെന്നും അദ്ദേഹം പറഞ്ഞു. കടൽ ഖനനം ചെയ്യാനുള്ള തീരുമാനം 15 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുടെ വരുമാനമില്ലാതാക്കുമെന്നും അതിനാൽ ഈ തീരുമാനത്തിൽനിന്ന് കേന്ദ്രം പിന്മാറണമെന്നും ആർച്ച് ബിഷപ്പ് ആവശ്യപ്പെട്ടു. ഫെബ്രുവരി 27-ന് കടൽ ഖനനത്തിനെതിരെ മത്സ്യത്തൊഴിലാളി കോഓർഡിനേഷൻ കമ്മിറ്റി പ്രഖ്യാപിച്ച തീരദേശ ഹർത്താലിന്റെ ജില്ലാതല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളി കോഡിനേഷൻ കമ്മിറ്റി ചെയർമാൻ മോൺ. യൂജിൻ എച്ച് പെരേരയുടെ ആദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വിവിധ രാഷ്ട്രീയ സാമൂഹിക മേഖലകളിലെ നേതാക്കൾ സംസാരിച്ചു.

## തിരുവനന്തപുരം അതിരൂപതയിൽ കെ.സി.എസ്.എൽ. വാർഷികം ആഘോഷിച്ചു




വെള്ളയമ്പലം: 2024-25 അധ്യയന വർഷത്തെ കെ.സി.എസ്.എൽ. വാർഷികം 2025 ഫെബ്രുവരി 7 ന് വെള്ളയമ്പലം ആനിമേഷൻ സെൻററിൽ നടന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.എസ്.എൽ. പ്രസിഡൻറ് മേരി റാണി ടീച്ചർ അധ്യക്ഷയായിരുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത മുൻ കെ.സി.എസ്.എൽ. ഡയറക്ടറും നിലവിൽ നെയ്യാറ്റിൻകര രൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടറുമായ ഫാ. ജോണി കെ. ലോറൻസ് മുഖ്യാതിഥിയായിരുന്നു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ.ഫാ.സജു റോൾഡൻ അനുഗ്രഹ പ്രഭാഷണം നടത്തി. 2023 – 24 അധ്യയന വർഷത്തെ മികച്ച അധ്യാപകനുള്ള ഷെവലിയർ അവാർഡ് ജേതാവായ ഡാമിയൻ, സംസ്ഥാന പ്രസിഡൻറ് ബേബി തദ്ദയൂസ് എന്നിവരെ ആദരിച്ചു. വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

## ഇടവക വിദ്യാഭ്യാസ ശുശ്രൂഷ കൺവീനേഴ്സിന് ഏകദിന പരിശീലന ശില്പശാല സംഘടിപ്പിച്ചു



വെള്ളയമ്പലം: അതിരൂപതയിലെ ഇടവകകളിലെ വിദ്യാഭ്യാസ ശുശ്രൂഷ കൺവീനർമാർക്കായി ഏകദിന പരിശീലന ശില്പശാല നടന്നു. അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ ഫാ. ലോറൻസ് കുലാസ് ശില്പശാല ഉദ്ഘാടനം ചെയ്തു. മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ ഫാ. എ. ആർ. ജോൺ, അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ എന്നിവർ ക്ളാസ്സുകൾക്ക് നേതൃത്വം നൽകി. വിദ്യാഭ്യാസത്തിലൂടെ സമഗ്ര വളർച്ച, പ്ലാനിംഗ് ബഡ്ജറ്റിൽ മുൻഗണന നൽകേണ്ട പ്രവർത്തനങ്ങൾ, ആൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, ജീവിത നൈപുണ്യ വികസന ക്യാമ്പ് എന്നിവ ക്ലാസ്സിൽ പ്രതിപാദ്യ വിഷയങ്ങളായി.

# ഫ്രാൻസിസ് പാപ്പയുടെ ആരോഗ്യനില സങ്കീർണ്ണം; ലോകമെമ്പാടും പ്രാർത്ഥനകൾ ഉയരുന്നു



വത്തിക്കാൻ: കടുത്ത ന്യൂമോണിയ ബാധിതനായി ഫ്രാൻസിസ് പാപ്പയുടെ ആരോഗ്യ സ്ഥിതി സങ്കീർണ്ണമായ പശ്ചാത്തലത്തിൽ ഫ്രാൻസിസ് പാപ്പയ്ക്കു വേണ്ടി പ്രാർത്ഥനയ്ക്ക് ആഹ്വാനവുമായി വിവിധ രാജ്യങ്ങളിലെ മെത്രാന്മാർ. വിശുദ്ധ കുർബാന അർപ്പണങ്ങളിൽ പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനായി പ്രത്യേക പ്രാർത്ഥന നടത്തുവാനും ജപമാല പ്രാർഥന ചൊല്ലുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ഫ്രാൻസിസ് പാപ്പ യുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതി ഉണ്ടെങ്കിലും സങ്കീർണ്ണാവസ്ഥ നില നില്ക്കുന്നുവെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഇതിനിടെ തനിക്കുവേണ്ടി പ്രാർഥിക്കുന്നവർക്കും, ആരോഗ്യ പ്രവർത്തകർക്കും നന്ദിയറിയിച്ചിട്ടുള്ള പാപ്പയുടെ സന്ദേശവും പുറത്തുവന്നു.

## പേട്ട ഫൊറോന സാമൂഹ്യ ശുശ്രൂഷ സമിതി നിർധന കുടുംബത്തിന് ഭവനം പണിതു നൽകി



വികാസ് നഗർ: പേട്ട ഫൊറോന സാമൂഹ്യ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ വികാസ് നഗർ സെന്റ് ജോസഫ് ദേവാലയത്തിലെ ശ്രീ സെൽവൻ -ലേഖ കുടുംബത്തിന് വിവിധങ്ങളായ ഫണ്ട് സമാഹരണത്തിലൂടെ ഭവനം പണിതു നൽകി. തിരുവനന്തപുരം ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ് ഭവനത്തിന്റെ ആശിർവാദ കർമ്മം നിർവഹിച്ചു. ഫൊറോനാ വികാരി ഫാ. റോബിൻസൺ ഇടവക വികാരി ഫാ. ജൂലിയസ് സാവിയോ, സാമൂഹ്യ ശുശ്രൂഷ അസിസ്റ്റന്റ് കോർഡിനേറ്റർ ഫാ.നിധിൻ തോമസ്, ഡോക്ടർ സതീഷ്, ആരോഗ്യ കാര്യ കമ്മീഷൻ കോർഡിനേറ്റർ സിസ്റ്റർ സ്വപ്ന, ബിസിസി കോർഡിനേറ്റർ സ്മിത, മറ്റ് സാമൂഹ്യ ശുശ്രൂഷ പ്രവർത്തകർ, ഇടവക അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## വട്ടിയൂർക്കാവ് ഫൊറോനയിൽ ബി.സി.സി. ലീഡേഴ്സിന് നേതൃത്വ പരിശീലനം നല്കി



വെള്ളയമ്പലം: പുതുതായി രൂപപ്പെട്ട വട്ടിയൂർക്കാവ് ഫൊറോനയിലെ അടിസ്ഥാന ക്രൈസ്തവ സമൂഹ നേതൃത്വത്തിന് പരിശീലനം നല്കി. ഫൊറോന വികാരി ഫാ. അനീഷ് ഫെർണ്ണാണ്ടസ് ആമുഖ പ്രഭാഷണം നടത്തി. ബി.സി.സി-യുടെ ലക്ഷ്യം, സവിശേഷതകൾ എന്നിവയെ സംബന്ധിച്ച ക്ലാസ് അതിരൂപത ശുശ്രൂഷ കോ-ഓർഡിനേറ്റർ ഫാ. ലോറൻസ് കുലാസ് നയിച്ചു. ബി.സി.സി. ലീഡേഴ്സിൻറെ ചുമതലകളും കടമകളും എന്ന വിഷയം മനോജ് ആൻറോ വിശദീകരിച്ചു. കുടുംബയോഗങ്ങൾ ക്രിയാത്മകമായി എപ്രകാരം നടത്താം എന്ന ചർച്ചയും സംഘടിപ്പിച്ചു.

## വലിയതുറ ഫൊറോനയിൽ മതബോധന അധ്യാപകരുടെ സംഗമവും പഠനക്ലാസ്സും നടന്നു



കൊച്ചുവേളി: വലിയതുറ ഫൊറോനയിൽ മതബോധന അധ്യാപകരുടെ സംഗമവും പഠനക്ലാസ്സും നടന്നു. കൊച്ചുവേളി സെന്റ്. ജോസഫ്സ് കമ്മ്യൂണിറ്റി ഹാളിൽ വച്ചുനടന്ന പരിപാടി ഫൊറോന കോഡിനേറ്റർ ഫാ. എഡിസൺ വൈ. എം ഉദ്ഘാടനം ചെയ്തു. തുടർന്ന് നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. കിരൺ രാജ് 'കൂദാശകൾ; ഒരു എമ്മാവൂസ് അനുഭവം' എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. ജൂബിലി 2025 നെ ആസ്പദമാക്കി അതിരൂപത അജപാലന അസി. ഡയറക്ടർ ഫാ. അജിത്ത് ആന്റണി നയിച്ച ക്ലാസ്സും ഗ്രൂപ്പ് ചർച്ചയും അവതരണവും നടന്നു. വലിയതുറ ഫൊറോന മതബോധന സെക്രട്ടറി വിൻസന്റ് രാജ് സ്വാഗതമേകി.

# നീർച്ചാൽ

## ശരിയായ വഴികാട്ടികളായി മാറാം

**ആണ്ടുവട്ടം 8-ാംഞായർ (മാർച്ച് 2)**

**പ്രഭാ. 27: 5-8, 1 കോറി. 15: 54-48, ലൂക്ക. 6: 39-45**



ഫാ. ലോറൻസ് കുലാസ്

സമതല പ്രസംഗത്തിലെ മൂന്നാമത്തെ പ്രധാന ഭാഗം ഇന്നത്തെ സുവിശേഷത്തിൽ നമുക്ക് ലഭിക്കുന്നു. "അവൻ അവരോടു ഒരു ഉപമയും പറഞ്ഞു" എന്ന 'ട്രാൻസിഷണൽ ക്ലോസ്' മുഖേനയാണ് പ്രസംഗത്തിലെ ഈ ഭാഗം ലൂക്കാ അവതരിപ്പിക്കുന്നത് (കാണുക, 5:36;8:4;12:16; 13:6; 14:7;15:3;18:1;21:29). തുടർന്ന്, നാല് ഉപമകളുടെ ഒരു തരംഗം ഉണ്ടാകുന്നു (6:39-40, 41-42,43-45, 46-49). ഇവയിൽ ആദ്യമൂന്ന് ഉപമകൾ ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ സുവിശേഷം.

അന്ധന് ഒരു വഴികാട്ടി ആവശ്യമാണ് (6:39). അതിനാൽ ഒരു അന്ധന് മറ്റൊരാളെ നയിക്കാൻ കഴിയില്ല. അനുബന്ധ വാചകത്തിന്റെ ഭാഷയിൽ, ഒരു വഴികാട്ടിയാകാൻ, ശിഷ്യർ ഗുരുവിൽ നിന്ന് പഠിക്കേണ്ടതുണ്ട് (6:40). രണ്ടാമത്തെ ഉപമ, ആദ്യ ഉപമയിലെ ആശയംതന്നെ ഒരു വിചിത്രമായ ആലങ്കാരിക പ്രയോഗത്തിലൂടെ ചിത്രീകരിക്കുന്നു. ഒരാൾ മറ്റൊരാളെ സഹായിക്കുന്നതിന് മുമ്പ്, അയാൾ തന്റെ തെറ്റുകൾ ശ്രദ്ധിക്കണം - ആദ്യം നിങ്ങളുടെ സ്വന്തം കണ്ണിൽ നിന്ന് തടി നീക്കം ചെയ്യുക, അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ അയൽക്കാരന്റെ കണ്ണിലെ കരട് കാണുവാൻ കഴിയും (6:41-42). നല്ല ശിഷ്യരാകുവാനുള്ള നമ്മുടെ ശ്രമങ്ങൾ, അന്ധർക്കുള്ള വഴികാട്ടികൾ ആകുക, അയൽക്കാരുടെ കരടുകൾ നീക്കം ചെയ്യുന്നവരാകുക, എന്നിവയ്ക്ക് ഒരു നല്ല ഹൃദയം - സ്വഭാവത്തിന്റെ സമഗ്രത - ആവശ്യമാണ്. നല്ല വൃക്ഷം മാത്രമേ നല്ല ഫലം പുറപ്പെടുവിക്കുന്നുള്ളൂ (6:43-45).

മനുഷ്യജീവിതത്തിന്റെ ഏത് മേഖലയിൽ വർത്തിക്കുന്നവരായാലും അവിടെ അവർ ശോഭിക്കുന്നത് അവരവർ സ്വീകരിക്കുന്ന സ്വഭാവ വൈശിഷ്ട്യതയും അതിന്റെ ചുവടുപിടിച്ചു മുന്നോട്ടു നീങ്ങുന്ന നിലപാടുകളുമാണ്. ജന്മനാ അന്ധനായവൻ നിരവധി അനുഭവങ്ങളുടെ വെളിച്ചത്തിൽ മുന്നോട്ടു നീങ്ങുവാൻ ശ്രമിക്കുന്നു. മുന്നോട്ടുള്ള തന്റെ ഗമനത്തിന് അവൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പൊതുവായ ഒരു സഹായം ആവശ്യമാണ്. അതുപോലെ അവന്റെ ആന്തരിക വ്യക്തിത്വത്തിന്റെ വികാസത്തിന് ഒരു വഴികാട്ടിയുടെ ആവശ്യമുണ്ട്. വഴികാട്ടുന്നവൻ അന്ധനായിരിക്കരുത്. വഴികാട്ടി അന്ധനായാൽ അന്ധനായിരിക്കും അന്ധനെ നയിക്കുന്നത്. ആയതിനാൽ വഴിക്കാട്ടിക്ക് സത്സംഗങ്ങൾ ഉണ്ടായിരിക്കണം. സത്ഗുണം സത്സഗത്തിൽ നിന്നുമാണ് ലഭിക്കുന്നത്. ആകയാൽ സത്ഗുരുവിൽനിന്ന് വഴികാട്ടി പഠിക്കണം.

ഗുരുവിൽനിന്ന് വഴികാട്ടി ആർജിക്കേണ്ട ഏറ്റവും വലിയ പാഠം ആത്മവിശകലനമാണ്. സ്വയം വിലയിരുത്തുമ്പോഴാണ് ഒരു വഴികാട്ടി എന്ന നിലയിൽ ഞാൻ യോഗ്യനാണോയെന്ന് തിരിച്ചറിയുന്നത്. ആത്മ പരിശോധനയിൽ ആത്മവിമർശനത്തിനും കാരണമുണ്ട്. 'മറ്റുള്ളവരെ വിധിക്കാതിരിക്കാൻ' ആത്മവിമർശനം കൂടിയേതീരൂ. നാം മറ്റൊരാളെ വിധിക്കുമ്പോൾ ഒരു പറ്റം വിധികൾ നമുക്കെതിരേയും ചൂണ്ടുന്നുണ്ടോ? എന്തുകൊണ്ടാണ് നാം മറ്റൊരാളെ വിധിക്കാൻ മുതിരുന്നത്? നാം ആരേ വിധിക്കുവാൻ ശ്രമിക്കുന്നുവോ ആ വ്യക്തിയുടെ യഥാർത്ഥ അവസ്ഥയിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാത്തതുകൊണ്ടാണ് അയാളെ നാം വിധിക്കാൻ മുതിരുന്നത്. ഒരു വ്യക്തിയെ, അയാൾ ആയിരിക്കുന്ന അവസ്ഥയിൽ മനസിലാക്കുവാൻ കഴിഞ്ഞാൽ 'വിധിക്കാൻ' നാം ഒരുമ്പെടുകയില്ല. ഗുരു പഠിപ്പിച്ച ഒരു പാഠവും അതുതന്നെയാണ്: വിധിക്കരുത്, കുറ്റം ആരോപിക്കരുത്.

ഇപ്രകാരമുള്ള ഒരു സമീപനത്തിന് വഴികാട്ടിക്ക് അഥവാ ശിഷ്യർക്ക് ഉണ്ടായിരിക്കേണ്ടത് നല്ലൊരു ഹൃദയമാണ്. നനവുള്ള, ആർദ്രമായ, മാംസളമായ ഒരു ഹൃദയം സമഗ്ര സ്വഭാവരൂപീകരണത്തിന്റെ ഭാഗമാണ്. ഏതൊരു വൃക്ഷത്തെയും അതിന്റെ ഫലത്തിൽ നിന്ന് തിരിച്ചറിയാം. നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നു. സ്വഭാവശുദ്ധിയുള്ളവർ സത്ഗുണങ്ങൾ പുറപ്പെടുവിക്കുന്നു. സമഗ്രമായ സ്വഭാവശുദ്ധിയുള്ളവർ സത്ഗുണങ്ങൾ പുറപ്പെടുവിക്കുന്നു. നന്മയിൽ നിന്നും നന്മയുളവാകുന്നു. നന്മയ്ക്ക് നിദാനം നന്മ നിറഞ്ഞ ഹൃദയമാണ്. ഈ പാഠവും ശിഷ്യർ സ്വീകരിക്കേണ്ടത് സത്ഗുരുവിൽനിന്നുതന്നെയാണ്.

●

# പ്രലോഭനങ്ങൾ പരീക്ഷണങ്ങൾ

**നോമ്പുകാലം ഒന്നാം ഞായർ (മാർച്ച് 9)**

നിയ. 26:4-10 റോമ. 10:8-13 ലൂക്ക. 4: 1-13



ഫാ. മെൽക്കൺ

സ്നാപകയോഹന്നാനിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ച്; പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ യേശു മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ ഉപവസിക്കുന്നു. നാല്പത് എന്ന സംഖ്യ വൈവിധ്യമാർന്ന പ്രതീക സൂചകങ്ങളാൽ സമ്പന്നാണ്. ആദ്യമായി, ഇസ്രായേൽക്കാർ നാല്പതു വർഷം മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞതിനെ അത് പ്രതീകവൽക്കരിക്കുന്നു. പരീക്ഷണങ്ങളുടെ ആ കാലയളവിൽ തന്നെയാണ് ദൈവത്തോടുള്ള അടുപ്പവും അവർ അനുഭവിച്ചറിഞ്ഞത്. രണ്ടാമതായി, ഉടമ്പടിയുടെ വിശുദ്ധ ഫലകങ്ങളായ ദൈവകല്പനകൾ സ്വീകരിക്കുന്നതിനുമുൻപ് മോശ നാല്പതു ദിനരാത്രങ്ങൾ സീനായി മലമുകളിലായിരുന്നു. മൂന്നാമതായി തന്റെ മകനെ ബലികൊടുക്കാനായി അബ്രഹാം ഹൊറബുമലയിലേക്ക് എത്തിപ്പെട്ടത് നാല്പതു ദിനരാത്രങ്ങൾകൊണ്ടാണ് എന്ന് റബ്ബിനിക് സാഹിത്യത്തിൽ കാണുന്നു. ആ ദിവസങ്ങളിൽ അബ്രഹാം യാതൊന്നും കഴിച്ചില്ല. തന്റെ കൂടെ സഞ്ചരിച്ച ദൈവദൂതന്റെ വാക്കുകൾക്കു കാതോർത്തും ദൈവദർശനത്തിന് കാത്തിരുന്നും അതിജീവനം സാധ്യമാക്കി എന്നാണ് റബ്ബിനിക് കഥയിൽ പറയുന്നത്. അങ്ങനെ 40 ദിനരാത്രങ്ങളുടെ ഉപവാസം യേശുവിനെ ഭൂതകാലത്തെ ദൈവാനുഭവ സംഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.

ഉപവാസത്തിനുശേഷം അവന് വിശന്നു. അപ്പോൾ പിശാച് അവനെ പരീക്ഷിച്ചു. മനുഷ്യനായി അവതരിച്ച യേശുവിന് തന്റെ ദൗത്യത്തെക്കുറിച്ചുണ്ടായ ആത്മസംഘർഷമാണ് ഓരോ പ്രലോഭനവും. എന്നാൽ ഈ പ്രലോഭനങ്ങൾക്ക് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ അർത്ഥമെന്ത് അഥവാ മനുഷ്യജീവിതത്തിൽ സാരമായതെന്ത് എന്ന ചോദ്യവും ഈ പ്രലോഭനങ്ങളിൽ പ്രതിബിംബിക്കുന്നു. ദൈവത്തെ രണ്ടാം തരമായി കരുതി ഓരത്തേക്ക് മാറ്റി നിർത്തുന്ന മനുഷ്യപ്രവൃത്തിയാണ് ആ പ്രലോഭന-പരീക്ഷണങ്ങളുടെ കേന്ദ്രം. നമ്മുടെ ജീവിതത്തെ നിറയ്ക്കുന്ന മറ്റ് അടിയന്തിര കാര്യങ്ങളുമായി തുലനം ചെയ്യുമ്പോൾ ദൈവത്തെ ഒരു അനാവശ്യമായി, ശല്യവും അധികപ്പറ്റുമായി മനുഷ്യരിൽ പലരും കരുതുന്നു. എന്ന സത്യമാണ് ആ പരീക്ഷണങ്ങളുടെ ഹൃദയാന്തർഭാഗത്തുള്ളത്. ദൈവത്തെ മാറ്റിനിർത്തി, നമ്മുടെ തന്നെ പ്രകാശംകൊണ്ട് ഒരു ലോകത്തെ സൃഷ്ടിക്കുക, നാം തന്നെ അതിന്റെ തറക്കല്ലും മൂലക്കല്ലുമായിരിക്കുക, രാഷ്ട്രീയവും ഭൗതികവുമായ യാഥാർത്ഥ്യത്തിനപ്പുറത്തുള്ള എല്ലാ യാഥാർത്ഥ്യങ്ങളെയും നിരാകരിക്കുക, ദൈവത്തെ മായയായും മിഥ്യയായും സങ്കല്പിക്കുക - ഇതാണ് വിവിധ തരത്തിൽ നമ്മെ ഭീഷണിപ്പെടുത്തുന്ന പ്രലോഭന-പരീക്ഷണങ്ങൾ

"നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പങ്ങളാകുവാൻ കല്പിക്കുക" ഇതാണ് ആദ്യത്തെ പ്രലോഭനം. കുരിശിന് താഴെ നിന്നുകൊണ്ട് യേശുവിനെ ദുഷിച്ചുപറഞ്ഞ വഴിപോക്കരുടെ വായിൽ നിന്നും ഈ വാക്കുകൾ നാം വീണ്ടും കേൾക്കുന്നത് : " നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരിക....' തെളിവുകൾ ഹാജരാക്കി തന്റെ വിശ്വാസ്യത സ്ഥാപിക്കാൻ യേശുവിനെ വെല്ലുവിളിക്കുകയാണ്. കൂടുതൽ അടയാളങ്ങൾ കാണിക്കണം, കൂടുതൽ അത്ഭുതങ്ങൾ കാണിക്കണം. ചരിത്രത്തിലുടനീളം ദൈവത്തോടും ക്രിസ്തുവിനോടും ഈ വെല്ലുവിളി ആവർത്തിക്കുന്നു. "ദൈവമേ, നീ നിലനിൽക്കുന്നുണ്ടെങ്കിൽ, നീ നിന്നെതന്നെ ലോകത്തിന് കാണിച്ചുകൊടുക്കുക. ദൈവമുണ്ടെങ്കിൽ ഇങ്ങനെ ഒക്കെ സംഭവിക്കുമോ. ദൈവത്തിന് ഈ ലോകത്തിന്റെ വിശപ്പും പട്ടിണിയും മാറ്റാൻ സാധിക്കില്ലേ?

"മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്... കർത്താവിന്റെ വായിൽ നിന്നുവരുന്ന ഓരോ വചനങ്ങൾകൊണ്ടുമാണ്." ഇതാണ് പ്രലോഭകന് യേശു നൽകുന്ന മറുപടി. നാസികൾ കൊന്നുകളഞ്ഞ ജർമ്മൻകാരനായ ഈശോസഭാ വൈദികൻ ആൽഫ്രഡ് ഡെൽപ് ഒരിക്കൽ ഇങ്ങനെ എഴുതി: "അപ്പം പ്രധാനപ്പെട്ടതുതന്നെ. എന്നാൽ സ്വാതന്ത്ര്യം അതിനേക്കാൾ പ്രധാനപ്പെട്ടതാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതു മുറിയാത്ത കൂറും വിശ്വസ്തയോടുകൂടിയ ആരാധനയുമാണ്."

ഈ ക്രമത്തെ നാം ബഹുമാനിക്കണം. ഈ ക്രമത്തെ തകർക്കാൻ ശ്രമിച്ചാൽ നാശമാണ് സംഭവിക്കുക. മനുഷ്യന്റെ ആഗ്രഹങ്ങളനുസരിച്ച് ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നാൽ ദൈവത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ മാത്രമേ സമയമുണ്ടാകൂ. ഒരിക്കലും മനുഷ്യന്റെ ആഗ്രഹങ്ങൾ അവസാനിക്കില്ല. ലോകത്തിന്റെ വിശപ്പുമാറ്റിയാൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമോ. ഒരു പ്രശ്നം തീരുമ്പോൾ മറ്റൊന്ന് ഉദയം ചെയ്യും. ഉദാഹരണമായി വികസിത രാജ്യങ്ങൾ ദരിദ്രരാജ്യങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം അവരുടെ പട്ടിണി മാറ്റുന്നില്ലല്ലോ മറിച്ച് പ്രശ്നങ്ങൾ നാൾക്കുനാൾ സങ്കീർണമാകുകയല്ലേ ചെയ്യുന്നത്.

മനുഷ്യഹൃദയം നല്ലതല്ലെങ്കിൽ പിന്നെ യാതൊന്നും നന്മയായി പരിണമിക്കുകയില്ല. മനുഷ്യഹൃദയത്തിന്റെ നന്മയാകട്ടെ, നന്മതന്നെയായ ദൈവത്തിൽ നിന്നേ ആത്യന്തികമായി വരാനൊക്കൂ. അവനാണ് യഥാർത്ഥ നന്മ. ലോകത്തിന്റെ എല്ലാ 'വിശപ്പിനും' ഏക പരിഹാരം മനുഷ്യഹൃദയത്തിന്റെ നന്മയാണ്. ദൈവത്തെ മാറ്റിനിർത്തി നന്മ സാധ്യമല്ല. ദൈവവചനം അനുസരിക്കുമ്പോഴാണ് ഈ നന്മ ഉണ്ടാകുന്നത്. ആ നന്മയാണ് ലോകത്തെ പ്രശ്നങ്ങൾക്ക് പരിഹാരം. ദൈവവചനത്തോടുള്ള അനുസരണം പ്രയോഗത്തിൽ നടപ്പിലാക്കുമ്പോഴാണ് ലോകത്തുള്ള എല്ലാവർക്കും അപ്പം ലഭ്യമാക്കാനുള്ള മനോഭാവം വികസിച്ചുവരുന്നത്.

●

# നക്ഷത്രങ്ങളുടെ എണ്ണം

**നോമ്പുകാലം രണ്ടാം ഞായർ (മാർച്ച് 16)**

ഉൽ. 15: 5-12, 17-18 ഫിലി. 3: 17-4:1 ലൂക്ക. 9: 28 -36



ഫാ. പോൾ സണ്ണി

രാഷ്ട്രീയത്തിന്റെ നിഷ്ക്രിയത്വം കാട്ടിത്തരും വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട സി.പി. കവഫിയുടെ 'വെയിറ്റിങ്ങ് ഫോർ ദ ബാർബറിയൻസ്' എന്ന കവിത

" നിങ്ങൾ എന്തിനെയാണ് കാത്തിരിക്കുന്നത്,
ഈ അസംബ്ലി ഫോറത്തിൽ, ഈ സെനറ്റിലെന്താണ്
നിങ്ങൾ വെറുതെയിരിക്കുന്നത്
എന്തുകൊണ്ടാണ് സെനറ്റർമാർ
നിയമനിർമാണം നടത്താതെ ഇരിക്കുന്നത്
കാരണം ബാർബേറിയന്മാർ ഇന്നുവരുന്നു
അതുകൊണ്ട് സെനറ്റർമാർ ഇപ്പോൾ
നിയമം നിർമിക്കുന്നതിൽ എന്തുകാര്യമാണുള്ളത്
ബാർബറിയൻമാർ എത്തിയാൽ, അവർ നിയമങ്ങൾ നിർമിക്കും...

ഇങ്ങനെ പോകുന്നു കവിത, ചക്രവർത്തിയും നഗരകവാടത്തിൽ കാത്തിരുന്നു. രാത്രിയായി, അവർ വീട്ടിലേക്ക് പോയി. പിന്നീടറിയുന്നു ബാർബേറിയൻമാർ വരില്ല, അങ്ങനെ ആരും ഇല്ലത്രേ. മനുഷ്യൻ ഓരോ നാളിലും പലതും കാത്തിരിക്കുന്നു, പലരെയും പ്രതീക്ഷിക്കുന്നു. സമൂഹത്തോട് നീതി പുലർത്താൻ നമ്മുടെ ജനാധിപത്യത്തിനും കഴിഞ്ഞിട്ടില്ല. അബ്രഹാത്തിന്റെ കാത്തിരിപ്പ് ഒരു വിശ്വാസമാണ്. വാർദ്ധക്യത്തിന്റെ അവസാന സൂര്യോദയത്തിൽ എത്തിനില്ക്കുമ്പോഴും മകൻ പിറക്കുമെന്നുള്ള പ്രത്യാശ. ദൈവത്തിലുള്ള പ്രത്യാശകൾ നശിച്ചുപോകുമ്പോഴാണ് മനുഷ്യൻ പിന്തിരിഞ്ഞുനടക്കുന്നത്. അത് ചിലപ്പോൾ വല്ലാത്തൊരു ഭാരം തന്നെയാണ്. 'പ്രതീക്ഷകൾക്കെതിരെ പ്രത്യാശിക്കുക.. അബ്രഹാത്തിന്റെ പ്രത്യാശഭരിതമായ ഈ ജീവിതത്തെ അടിസ്ഥാനമാക്കി ക്രിസ്ത്യാനികൾക്കുള്ള തിരിച്ചറിയൽ കാർഡാണിത്. അവന്റെ പ്രത്യാശക്കുള്ള അടിസ്ഥാനം ദൈവത്തിന്റെ ചോദ്യത്തിലുണ്ട്. നക്ഷത്രങ്ങളെ എണ്ണാനാകുമോ? അത്രമാത്രം സന്താനപരമ്പരകളാണ് ഉദയം ചെയ്യാൻ പോകുന്നത്. വാഗ്ദാനങ്ങൾ കേട്ട അബ്രാം ഗാഢനിദ്രയിലാണ്ടു. ഗാഢനിദ്രയിലാണല്ലോ ആദത്തിന്റെമേൽ ദൈവം സൃഷ്ടിയുടെ ഭാഗം മുറിച്ചെടുക്കുന്നത്.

രൂപാന്തരീകരണത്തിൽ മൂന്നുഘടകങ്ങൾ യേശുവിന്റെ ദൈവത്വത്തിന്റെ പ്രകാശനമായി കാണാം.

യേശുവിന്റെ രൂപത്തിലെ മാറ്റം
മോശ, ഏലിയ ഇവരുടെ സാന്നിദ്ധ്യം
സ്വർഗത്തിൽ നിന്നുള്ള സ്വരം

യേശുവിന്റെ മാനുഷികരൂപം സ്വർഗീയരൂപമായി. യേശുവിന്റെ വസ്ത്രശോഭ വർണനാതീതമാണ്. കല്ലറയുടെ മുമ്പിൽ കണ്ടയുവാവിന്റെ വസ്ത്രത്തിലും ഈ ശോഭതന്നെയാണ് കാണുന്നത്. ഇത് ഉത്ഥാനത്തിന്റെ അടയാളമാണ്. മനുഷ്യർ പലപ്പോഴും മറ്റുള്ളവരുടെ ബാഹ്യമോടികൾ തേടിപ്പോകുന്നവരാണ്. ഉള്ളിലെ നന്മയുടെ തിളക്കങ്ങൾ കണാതെപോകുന്നു.

ജലോപരിതലത്തിൽ നടക്കുന്ന യേശുവിന്റെ ചിത്രം ഉത്ഥാനത്തിന്റെ അടയാളമാണ്. അതുതന്നെയാണ് രൂപാന്തരീകരണത്തിലും കാണുക.

മൂന്നുശിഷ്യന്മാർ സാക്ഷികളുടെ യഹൂദപാരമ്പര്യം കാണിക്കുന്നു. പീഡാനുഭവങ്ങളിൽനിന്ന് യേശുവിനെ മാറ്റിനിർത്തുന്ന പത്രോസ് യേശുവിന്റെ സഹനത്തിന്റെ സത്യം അറിയേണ്ടതുണ്ട്. യാക്കോബ് ആദ്യത്തെ രക്തസാക്ഷിയും യോഹന്നാൻ സുവിശേഷത്തിന്റെ തൂലിക ചലിപ്പിക്കുന്നവനുമാണ്.

ശിഷ്യന്മാർ മോശയെയും ഏലിയായെയും തിരിച്ചറിയുന്നതെങ്ങനെയാണ്? അത്, ദൈവികവെളിപ്പെടൽ തന്നെയാണ്. മോശയെയും ഏലിയായെയും യേശുവിനോട് തുലനം ചെയ്തുകൊണ്ട് കൂടാരം പണിയാമെന്ന് പത്രോസ് പറയുന്നതിലൂടെ വിശുദ്ധരുടെ വണക്കത്തിന് അടിസ്ഥാനം നല്കുന്നു. കൂടാരം വിശുദ്ധരുടെ സ്വർഗീയ വാസത്തെ ഓർമിപ്പിക്കുന്നു. മോശയുടെ സമാഗമകൂടാരത്തെയും ഇത് സൂചിപ്പിക്കുന്നുണ്ട്. പുതിയപുറപ്പാടിന്റെ സമയം. സഖ 14:16-19ൽ ലോകത്തെ സകലരും ജറുസലേമിലെത്തി തിരുനാളാഘോഷിക്കുന്ന ദിനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. വലനിറയെ മീൻകിട്ടിയ പത്രോസ് ഈ അത്ഭുതം കണ്ടിട്ട് തന്നോടൊത്ത് കഴിയാൻ യേശുവിനോട് പറഞ്ഞില്ല. പാപിയാണെന്ന ബോധം അവനുണ്ടായിരുന്നു. ഇവിടെ കൂടാരം പണിയാം എന്നു പറയുന്ന പത്രോസിന് താൻ എന്താണ് പറയുന്നതെന്ന് ഒരു ബോധവുമില്ലായിരുന്നു.

പാപത്തിന്റെ രാത്രിയിലൂടെ പീഡാസഹനനാളിൽ പലരും കടന്നുപോകുന്നുണ്ട്. ഒറ്റിക്കൊടുക്കുന്ന യൂദാസ്, യേശുവിനെ തള്ളിപറയുന്ന പത്രോസ്, ഓടിപ്പോകുന്ന ശിഷ്യന്മാർ. പാപം ചെയ്യുന്ന അവസ്ഥയാണ് രാത്രി. പാപത്തിന്റെ രാത്രിയെ മറികടക്കാനാണ് യേശുവിന്റെ വെളിച്ചം തെളിക്കപ്പെടുന്നത്. അതാണ് താബോറിൽ കത്തിക്കപ്പെടുന്നത്. മലകയറുന്ന യേശുവിനെ തന്റെ രൂപാന്തരീകരണത്തെക്കുറിച്ച് നന്നായറിയാം.

കാൽവരിയിൽ ഉപേക്ഷിക്കപ്പെട്ടമരമായിരുന്നു ക്രിസ്തു. അത് ജീവിന്റെ വൃക്ഷമാണെന്ന് നാം തിരിച്ചറിഞ്ഞു. ആ തണൽ തന്നെയാണ് നമ്മെ വെയിലിൽ വാടാതെ കാക്കുന്നത്. ആ ഫലങ്ങളാണ് നാം ജീവഭോജ്യമാക്കി മാറ്റുന്നത്.

•

# മുന്തിരിത്തോട്ടത്തിൽ അത്തിവൃക്ഷം

## നോമ്പുകാലം മൂന്നാം ഞായർ (മാർച്ച് 23)

പുറ. 3 : 1-8, 13-15 1 കോറി. 10 : 1-6, 10-12 ലൂക്ക. 13: 1-9



ഫാ. വിക്ടർ എവരിസ്റ്റസ് IVDei

മുന്തിരിത്തോട്ടത്തിൽ അത്തിവൃക്ഷം - ഇതിന് സാധ്യതകൾ രണ്ടാണ്.

1) മുന്തിരിച്ചെടികൾ കുറേ എണ്ണം ഫലം നൽകാതെ വന്നപ്പോൾ അതിനെ വെട്ടിക്കളഞ്ഞ് 'അത്തി' വച്ചതാവാം.

2) അത്തിവൃക്ഷത്തോടുള്ള പ്രത്യേക താൽപ്പര്യം.

എന്തായാലും യജമാനൻ പ്രത്യേക ശ്രദ്ധയോടെ നട്ടമരമാണ് 'അത്തി'. അതുകൊണ്ടായിരിക്കണം ലൂക്കാ സുവിശേഷകൻ 'മുന്തിരിത്തോട്ടത്തിൽ നട്ടു' (വാക്യം.6) എന്ന് പ്രത്യേകം എടുത്തുപറയുക.

അത്തിവൃക്ഷം, ഫലം പുറപ്പെടുവിക്കാനുള്ള പ്രായമായിട്ടും അത് ഫലം നൽകിയില്ല. എങ്കിലും യജമാനൻ ന്യായവും ഔദാര്യവും കാണിക്കുന്നു. ഒന്നല്ല, മൂന്നുവർഷം അദ്ദേഹം ഫലം അന്വേഷിച്ചു. അതിനുശേഷമാണ് അത് വെട്ടിക്കളയാൻ കൃഷിക്കാരനോട് പറഞ്ഞത്. എന്നാൽ കൃഷിക്കാരൻ യജമാനന്റെ മുൻപിൽ ഒരുവർഷത്തെ പരിഗണനയ്ക്കുവേണ്ടി അപേക്ഷിക്കുകയാണ് ചെയ്യുക.

മനുഷ്യവംശത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കഴിവുകളിലൊന്ന് ഈ കരുണയുടെ വർഷത്തിലെങ്കിലും സഹജീവികളെയും കുടുംബാംഗങ്ങളെയും 'പരിഗണിക്കുക' എന്നതിൽ കവിഞ്ഞ് മറ്റെന്ത് പുണ്യമാണ് നമുക്ക് ചെയ്യാനുള്ളത്?

ഒത്തിരിയേറെ അത്ഭുതങ്ങളും അടയാളങ്ങളും പ്രദർശിപ്പിച്ച് മുന്നേറിയ ക്രിസ്തു. തന്റെ സ്വന്തം ദേശത്ത് വളരെക്കുറച്ച് അത്ഭുതമേ പ്രവർത്തിച്ചുള്ളൂ. എന്തുകൊണ്ട് ക്രിസ്തു അങ്ങനെ ഒരു നിലപാട് സ്വീകരിച്ചു എന്ന് ചോദിക്കുന്നവരോട് അവൻ മൗനമായി നൽകുന്ന ഉത്തരം, ആ ദേശക്കാർ മറ്റുള്ളവരെ പരിഗണിക്കുന്നതിൽ വീഴ്ച വരുത്തി (മാർക്ക്. 6:4) എന്നതാണ്.

ക്രിസ്തുവിന്റെ ജീവിതം മുഴുവൻ പരിഗണനയുടെ ജീവിതമായിരുന്നു. അവന്റെ മുമ്പിൽ വന്ന കുഷ്ഠരോഗിയേയും, പിശാചുബാധിതരെയും ചുങ്കക്കാരെയും പാപിയേയും അവർ പരിഗണിച്ചു എന്നത് അത്ര നിസാരകാര്യമല്ല. ഗുരുക്കന്മാർ സാധാരണ ജറുസലേം കേന്ദ്രീകരിച്ചാണ് തങ്ങളുടെ പ്രഘോഷണങ്ങളും ശുശ്രൂഷകളുമെല്ലാം നടത്തിവന്നിരുന്നത്. പക്ഷേ, ക്രിസ്തു എന്ന ഗുരുവാകട്ടെ ആരാലും അറിയപ്പെടാത്ത സെബുലൂൺ, നഫ്ത്താലി പ്രദേശങ്ങളിൽ പോലും കടന്നുചെന്നത് നിസഹായരും ദരിദ്രരുമായ അനേകരുടെകൂടെ പരിഗണിക്കാൻ വേണ്ടിയായിരുന്നു.

അവൻ തിരെഞ്ഞെടുത്ത് നെഞ്ചോടുചേർത്ത സ്നേഹിതരുടെ മുൻകാല ജീവിതം പരിശോധിക്കുമ്പോഴും നാമെല്ലാം പരിഗണിക്കുന്ന ക്രിസ്തുവിനെ തന്നെയാണ് കാണുന്നത്. മീൻ പിടുത്തക്കാരേയും തീവ്രവാദികളേയും അവൻ തിരഞ്ഞെടുത്തത് അവന്റെ പരിഗണന നമുക്ക് മനസ്സിലാക്കാൻ വേണ്ടിയാണ്.

തെറ്റിൽ കുരുക്കപ്പെട്ട സ്ത്രീയേയും അമിത പലിശ ഈടാക്കി ജനങ്ങളുടെ വെറുപ്പ് സമ്പാദിച്ച സക്കേവൂസ്സിനെയും അവൻ പരിഗണിച്ചു. അവന്റെ കാലിത്തൊഴുത്തിലെ ജനനവും കുരിശിലെ മരണവും പരിഗണനയുടെ ശ്രേഷ്ടപാഠങ്ങളാണ് പകർന്നേകുന്നത്. അവൻ പങ്കുവച്ച ഇവകളിൽ നിഴലിക്കുന്നത് ഇതേ പാഠം തന്നെയാണ്. ധനവാനും ലാസറും അതിന് ക്ലാസിക്കൽ ഉദാഹരണമല്ല. ധനവാൻ, തന്റെ മുന്നിൽ കിടന്ന ലാസറിനെ പരിഗണിക്കാൻ ബാധ്യസ്ഥനായിരുന്നെന്നും, ഈ പരിഗണന മറന്നതാണ് ധനവാന്റെ സ്വർഗപ്രാപ്തിക്ക് തടസമായതെന്നും ആ ഉപമ സുന്ദരമായി അനുവാചകർക്ക് പകർന്നേകുന്നുണ്ട്.

കളയും വിളയും ഒന്നിച്ചുവളരാൻ അനുവദിക്കുന്ന ക്രിസ്തുഭാവത്തിൽ നിഴലിക്കുന്നതും ഈ പരിഗണനയല്ലാതെ മറ്റൊന്നുമല്ല. വയലിലെ ലില്ലികളെ നോക്കാൻ പറയുമ്പോഴും ചുങ്കക്കാരോടൊപ്പം വിരുന്നിനിരിക്കുമ്പോഴും ക്രിസ്തു പഠിപ്പിച്ചത് പരിഗണനയുടെ വലിയ പാഠങ്ങൾ മാത്രമായിരുന്നു.

കഴിഞ്ഞ ദിവസം ജയിലിൽ കുർബാന അർപ്പിക്കാൻ പോയപ്പോൾ ഒരുവൻ ഇങ്ങനെ പറഞ്ഞു: അല്പം പരിഗണന കുഞ്ഞുനാളിൽ എനിക്ക് ലഭിച്ചിരുന്നുവെങ്കിൽ ഈ തടവറയുടെ ഏകാന്തത എനിക്ക് അനുഭവിക്കേണ്ടിവരില്ലായിരുന്നു അച്ചോ എന്ന്. കുറ്റവാസനകൾ പോലും പെരുകുന്നത് പരിഗണനയുടെ അഭാവം കൊണ്ടാണെന്ന് നമുക്കിനി എന്നാണ് മനസ്സിലാവുക.

ഭൂമി ശാസ്ത്രക്ലാസുകളിൽ എപ്പോഴും പടം വരയ്ക്കുന്ന ശീലമുണ്ടായിരുന്ന ഹിറ്റ്ലറെ അവന്റെ അധ്യാപകൻ കണക്കറ്റുശിക്ഷിച്ച് അവഗണിച്ചതിനാലാണ് അവൻ പിന്നീട് ലക്ഷക്കണക്കിന് മനുഷ്യരെ അവഗണിച്ച് അവരുടെ ജീവിതം കവർന്നെടുത്തത്. ക്ലാസിൽ സഹപാഠികളുമായി ശണ്ഠകൂടിയിരുന്ന കുട്ടിയായതിനാൽ മുസ്സോളിനിയെ അവന്റെ അധ്യാപകൻ ചീത്തവിളിക്കുകയും അധിക്ഷേപിക്കുകയും ചെയ്തിരുന്നു. അവനും തന്റെ ചരിത്രത്തിലേക്ക് കടന്നുവരിക ഒരു പ്രതികാരദാഹിയായിട്ടാണ്.

അവഗണനയെന്ന തീച്ചൂളയിൽപ്പെട്ടാൽ നൊന്തുനീറി കരയരുതെന്ന് കൂടി ഓർമിപ്പിച്ചുകൊണ്ട് ഈ വിചാരങ്ങൾ നമുക്കവസാനിപ്പിക്കാം. എത്ര അവഗനയ്ക്കു മുമ്പിലും പതറാതെ ജീവിച്ച വിശുദ്ധരെപ്പോലെ നമുക്കും അവഗണനകളെല്ലാം പരാതി കൂടാതെ സ്വീകരിക്കാൻ പരിശ്രമിക്കാം.

●

# കാരുണ്യത്തിന്റെ ധാരാളിത്തം

**നോമ്പുകാലം നാലാം ഞായർ (മാർച്ച് 30)**

ജോഷ്വാ. 5 : 9-12 1 കോറി. 5 : 17-21 ലൂക്കാ. 15 : 1-3, 11-32



ഫാ. റോസ് ബാബു

ജോഷ്വായ്ക്ക് രണ്ടു ഉത്തരവാദിത്വങ്ങളാണ് ഏല്പിക്കപ്പെട്ടിരുന്നത്: വാഗ്ദത്ത ഭൂമി സ്വന്തമാക്കലും ഗോത്രങ്ങൾക്കായി അതു ഭാഗം വെയ്ക്കലും. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം വാഗ്ദാന ഭൂമിയിലേക്ക് പ്രവേശിക്കുന്നു. ജോർദ്ദാൻ കടന്ന് അവർ 12 സ്മാരകശിലകൾ സ്ഥാപിക്കുന്നു. തുടർന്ന് ജോഷ്വാ ജനത്തിന്റെ പരിച്ഛേദന കർമ്മം നിർവ്വഹിച്ചു. കാരണം പരിച്ഛേദനം പെസഹാചരണത്തിന് നിർബന്ധമാണ് (പുറ. 12:48) പുറപ്പാട് സംഭവം നടന്ന രാത്രി ഇസ്രായേൽ ജനം ആദ്യമായി പെസഹാ ആചരിച്ചു. ആ പെസഹാ വീണ്ടും ജെറിക്കോയിൽ വച്ച് അനുസ്മരിക്കപ്പെടുകയാണ്.

അടിമത്വത്തിലായിരുന്ന ദൈവജനം പൂർണമായും സ്വാതന്ത്ര്യമനുഭവിക്കുന്നത് വാഗ്ദാനഭൂമിയിലെത്തുമ്പോഴാണ്. ജോർദ്ദാൻ കടന്ന് ജെറിക്കോയുടെ സമതലത്ത് എത്തിയപ്പോഴാണ് അവർ തങ്ങളുടെ സ്വാതന്ത്ര്യം പൂർണമായി എന്നുതിരിച്ചറിയുന്നത്. അതിനാൽ കർത്താവ് തന്നെ ജോഷ്വായോട് അരുൾ ചെയ്യുകയാണ്. ഈജിപ്റ്റിന്റെ അപകീർത്തി ഇന്ന് നീക്കികളഞ്ഞിരിക്കുന്നു എന്ന്. അതിനാൽ ആ പ്രദേശത്തെ 'ഗിൽഗാൽ' എന്നുവിളിച്ചു.

പുറപ്പാട് 16 മുതൽ പ്രതിപാദിക്കുന്നതാണ് മന്നയും കാടപക്ഷിയും. അന്നന്നു വേണ്ടതുമാത്രം സ്വരുക്കൂട്ടാൻ ദൈവം കല്പിച്ച വസ്തുവാണ് മന്ന. മന്ന ദൈവം സ്വർഗത്തിൽ നിന്നും വർഷിച്ച അപ്പം ആയിരുന്നു. എന്നാൽ ദൈവജനത്തിന് എപ്പോഴും പരാതികൾ മാത്രമാണുണ്ടായിരുന്നത്. എന്തു കിട്ടിയാലും മതിയാവുകയില്ല. സ്വാതന്ത്ര്യം കിട്ടി മരുഭൂമിയിൽ സഞ്ചരിച്ചപ്പോഴും അവർ പറഞ്ഞത് തങ്ങൾക്ക് ഈജിപ്റ്റിൽ അടിമകളായിരുന്നപ്പോൾ ലഭിച്ച ഭക്ഷണ സാധനങ്ങളെക്കുറിച്ചായിരുന്നു. ഏത് സാഹചര്യത്തിലും നിലനിൽക്കാൻ കർത്താവ് ആവശ്യം വേണ്ടുന്നത് നൽകുക തന്നെ ചെയ്യും. മറ്റൊരു പാഠം നാം ഉൾക്കൊള്ളേണ്ടത് ഓരോ ജീവിത സഹാചര്യത്തിനനുസൃതമായി കർത്താവ് വേണ്ടതൊക്കെ നൽകുന്നുണ്ട്. എന്നാൽ ഇവയൊന്നും പോരാ എന്നുവാശി പിടിക്കാനും ഇതിനേക്കാളുപരിയായി കൂടുതൽ മേന്മയുള്ളതു ലഭിക്കണമെന്നും ദുഃശാഠ്യം പിടിക്കരുത്. സാധാരണ ജീവിതത്തിൽ ലഭിക്കുന്ന കാര്യങ്ങൾ വളരെ ധാരാളിത്വത്തിൽ ആണ് ദൈവം നൽകുന്നത് എന്നാൽ അവയുടെ മൂല്യം ഉൾക്കൊള്ളാതെ മാറ്റത്തിനെയോ നാം തിരയുകയാണ് ചെയ്യുന്നത്.

ശാന്തമായി ഒഴുകുന്ന പുഴ സ്ഥിരമായി കാണുമ്പോൾ മടുപ്പാണ്. എന്നാൽ മഴക്കാലത്ത് പുഴ കുത്തിയൊലിക്കുന്നതു കാണാൻ തടിച്ചുകൂടുന്നത് നാം കാണാറുണ്ട്. മനുഷ്യജീവിതവും ഇപ്രകാരമാണ്. ശാന്തമായി ഒരു കുടുംബം നയിക്കപ്പെടുന്നത് കാണുമ്പോൾ ഒരു പ്രത്യേകതയും കാണാറില്ല. എന്നാൽ ഒരു പ്രശ്നം ഉണ്ടാകുമ്പോൾ അവിടെ എന്തൊക്കെയോ ഉണ്ട് എന്ന ചിന്ത പലരിലും ഉദിക്കുന്നു. ഒരു പിതാവും രണ്ടു പുത്രന്മാരും സന്തോഷത്തോടെ ഉള്ളത് പങ്കുവച്ചു ജീവിക്കുന്നതിൽ രു പ്രത്യേകതയും കണ്ടില്ല. എന്നാൽ ഒരുവൻ പിരിഞ്ഞപ്പോൾ കുടുംബജീവിതത്തിന്റെ താളം തെറ്റി. സുഗമമായ ജീവിതത്തിൽ ദൈവകൃപ തിരിച്ചറിയാൻ പ്രയാസമാണ്. അനിഷ്ടങ്ങൾ സംഭവിക്കുമ്പോൾ മാത്രമാണ് ദൈവത്തിന്റെ കൃപകൾ എത്രമാത്രമാണെന്ന് നാം മനസ്സിലാക്കുക.

ക്രിസ്തു എന്ന ദൈവപുത്രൻ ദൈവവചനം പാപികളോടും ചുങ്കക്കാരോടും പ്രഘോഷിച്ചു. അവരോടൊപ്പം വസിച്ചു. ഇത് യഹൂദർക്കു അസാധാരണമായ പ്രവൃത്തി. അതുൾക്കൊള്ളാൻ അവർക്ക് സാധിച്ചില്ല. സാധാരണമായ സുഗമമായ നടത്തിപ്പിന് തടസ്സം ഉണ്ടായി. മനുഷ്യർ എല്ലാവരും സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നു. സുഗമമായ ആ ജീവിതത്തിൽ മറ്റുള്ളവരുടെയോ ദൈവത്തിന്റെയോ ഇഷ്ടം പോലും ശ്രദ്ധിക്കാൻ അവന് താല്പര്യമില്ല. എന്നാൽ ദൈവത്തിനാകട്ടെ മനുഷ്യൻ ഈ തന്നിഷ്ടജീവിതത്തിൽ നിന്നും വ്യതിചലിച്ച് തന്റെ മാർഗത്തിലേക്ക് കടന്നുവരുമ്പോൾ ഉള്ള സന്തോഷം വളരെ വലുതാണ്. സ്വർഗസ്ഥനായ പിതാവിനെപ്പോലെ കാരുണ്യം വാരിക്കോരി നൽകുന്ന ഒരു പിതാവിനെയാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. സകലതും ഉപേക്ഷിച്ചുപോയ മകനെ കാത്തിരിക്കുകയാണ് ആ പിതാവ്. തന്നെപ്പോലും ഉപേക്ഷിച്ചിട്ടും വീണ്ടും ഉണ്ടായിരുന്നതിനേക്കാളധികമായി കാരുണ്യം നൽകാൻ ആ പിതാവ് ആഗ്രഹിച്ചു. ഇളയമകൻ കരുതിയത് മറ്റൊരു ദേശത്ത് ആരും കാണാതെ ജീവിക്കുമ്പോൾ കൂടുതൽ സന്തോഷം ഉണ്ടാകും എന്നാണ്. എന്നാൽ താൽക്കാലികമായ സുഖങ്ങളെല്ലാം നേടിയിട്ടും അവയൊന്നും നിലനില്ക്കുകയില്ല എന്ന തിരിച്ചറിവിലേക്ക് കടന്നുവരികയാണ്. അപ്പോഴാണ് അവൻ തനിക്ക് ലഭിച്ചിരുന്ന കാരുണ്യത്തെക്കുറിച്ച് അനുസ്മരിക്കുന്നത്.

ദൈവം മനുഷ്യരുടെ പിതാവായി ഇവിടെ രൂപമെടുക്കുന്നു. അവനിൽ നിന്നും എല്ലാ മക്കളും ജന്മമെടുക്കുന്നു. അവനിൽ നാം ജീവിക്കുന്നു. ദൈവം എല്ലാവരുടെയും പിതാവാകയാൽ നാം സഹോദരങ്ങളാണ്. ദൈവം അവരോട് കാരുണ്യം കാണിക്കുന്നതിൽ നാം ദൈവത്തോടൊപ്പം സന്തോഷിക്കണം. കാരണം ഒരിക്കൽ നഷ്ടപ്പെട്ടു പോയത് വീണ്ടും കണ്ടുകിട്ടിയിരിക്കുന്നു. ഈ കണ്ടുകിട്ടൽ കാരുണ്യത്തിന്റെ ധാരാളിത്തത്തിലാണ്. പിതാവ് മടങ്ങിവരുന്ന മക്കൾക്ക് നൽകാൻ ഹൃദയം നിറയെ കരുണ കരുതിയിരിക്കുന്നു. മനുഷ്യർ ഒന്നുമാത്രം ചെയ്യുക. പിതാവിലേക്ക് മടങ്ങിപ്പോവുക.

•

നേർക്കാഴ്ച

ജെ. സി.




# കേരളത്തിൽ സ്വകാര്യ വിദ്യാഭ്യാസ സർവ്വകലാശാലകൾ: ഒരു വിലയിരുത്തൽ

ബിരുദംമുതൽ പി.എച്ച്.ഡിവരെ കുറഞ്ഞ ഫീസിൽ ഭാരതത്തിലെ മികവുറ്റ സർവ്വകലാശാലകളിൽനിന്ന് മേന്മയുള്ള, ലോകനിലവാരത്തിനൊത്ത വിദ്യാഭ്യാസമാർജ്ജിക്കാൻ ഇക്കഴിഞ്ഞ ദശകംവരെയും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദശകത്തിലാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ വേലിയേറ്റമുണ്ടാകുന്നത്. രാജ്യത്ത് പൊതുസർവ്വകലാശാലകളുടെ കീഴിലുള്ള ബിരുദത്തിന് കുട്ടികളെ തയ്യാറാക്കുന്ന കലാലയങ്ങൾ ഒരു ഭാഗത്തുള്ളപ്പോൾ തികച്ചും വാണിജ്യാടിസ്ഥാനത്തിൽ കുട്ടികളെ ഒരുക്കിവിടുന്ന രീതിയിലുള്ള എൻജിനീയറിംഗ്, മെഡിക്കൽ സ്ഥാപനങ്ങളും ഏറെയാണ്. കേരളത്തിൽ സ്വകാര്യ സർവ്വകലാശാലകൾ ഇപ്പോൾ അനുവദിക്കാനുള്ള സംസ്ഥാന സർക്കാരിൻറെ തീരുമാനത്തെ വിലയിരുത്തുമ്പോൾ, രാജ്യത്തെ മിക്കസംസ്ഥാനങ്ങളും ഈ വഴിക്ക് പോയിട്ടുണ്ടെന്നകാര്യം മറന്നുകൂടാ. മറ്റു സംസ്ഥാനങ്ങളുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യസാന്നിദ്ധ്യം അവരുടെ പഠന നിലവാരത്തെ മികച്ചതാക്കാൻ ഉപകരിച്ചിട്ടുണ്ടോ എന്നത് പഠനവിഷയമാക്കേണ്ടതുണ്ട്. പ്രസ്തുത സംസ്ഥാനങ്ങളുടെ നയപരിപാടിയിൽനിന്ന് എന്തെങ്കിലും പാഠമുൾക്കൊള്ളേണ്ടതുണ്ടോ എന്നതും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നിലവാരമുള്ള പഠനസൗകര്യങ്ങൾ ലഭ്യമാക്കാനും നമ്മുടെ വിദ്യാർത്ഥികൾ കേരളത്തിന് പുറത്തേക്ക് ഒഴുകുന്നത് കുറയ്ക്കാനും രാജ്യത്തെമ്പാടുമുള്ള വിദ്യാർത്ഥികളെ ഇവിടേക്കെത്തിക്കാനും ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ. സ്വകാര്യ സർവ്വകലാശാലകളിൽ 40% സീറ്റ് കേരളത്തിലെ സംവരണ വ്യവസ്ഥകൾ പാലിച്ച് കേരളീയർക്കു ലഭിക്കുമെന്നാണ് പറയുന്നത്. നിയമനങ്ങളിലും, ഫീസിലും സർക്കാരിന് നിയന്ത്രണമുണ്ടാവില്ല. സർക്കാരിൻറെ ഇടപെടൽ സർവ്വകലാശാലകൾ ആരംഭിക്കുന്നതിൽനിന്നും സ്വകാര്യ സംരംഭകരെ നിരുത്സാഹപ്പെടുത്തുമെന്ന വിലയിരുത്തലാണ്. ക്രമസമാധാന പ്രശ്നങ്ങൾ അടക്കമുള്ള ഗുരുതര സാഹചര്യങ്ങളിൽ സർവ്വകലാശാലകളിൽ സർക്കാരിന് ഇടപെടാം എന്നതാണ് പ്രധാന വ്യവസ്ഥകളിൽ ഒന്ന്.

എന്നാൽ രീഷ്ട്രീയ ഇടപെടലിൽനിന്ന് ഈ സ്ഥാപനങ്ങളെ എത്രത്തോളം വിമുക്തമാക്കാൻ കഴിയുമെന്നതാണ് നിർണായകമായ ചോദ്യം. ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ച് തുടർച്ചയായി നാം കേൾക്കുന്നുണ്ട്. നിയമനങ്ങളിലെ സ്വജനപക്ഷംമുതൽ സർവ്വകലാശാലകളുടെ വീതം വെയ്പ്പുവരെയുള്ള അധാർമ്മിക രാഷ്ട്രീയ ഇടപെടലുകൾ കേരളത്തെ നാണം കെടുത്തിപ്പോരുന്നു. കളങ്കിതമായ ഈ സാഹചര്യത്തിലേക്കാണ് ഗുണനിലവാരം കാത്തുസൂക്ഷിച്ചാൽമാത്രം നിലനിൽപ്പുള്ള സ്വകാര്യ സർവ്വകലാശാലകൾ കടന്നുവരുന്നത്. ഈ സ്ഥാപനങ്ങളുടെ സാമ്പത്തിക സുസ്ഥിതിയും സ്വാതന്ത്ര്യവും അക്കാദമിക് നിലവാരം കാത്തു സൂക്ഷിച്ച് സുഗമമായി മുന്നോട്ടു പോകാൻ സർക്കാരും രാഷ്ട്രീയ നേതൃത്വവും സ്വകാര്യ സർവ്വകലാശാലകളെ അനുവദിക്കേണ്ടതുണ്ട്. ഈ സ്ഥാപനങ്ങളുടെ മുന്നോട്ടുള്ള പോക്ക് നേരായ പാതയിലൂടെയാണെന്ന് ഉറപ്പാക്കാനുള്ള നിരന്തര ശ്രദ്ധ സർക്കാരിൻറെ ഭാഗത്ത് നിന്നുമുണ്ടാവണം ഒപ്പം പൊതു സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുകയും വേണം. ●



തിരുവനന്തപുരം ലത്തീൻ അതിരൂപത

# സെന്റ്. ജോസഫ്സ്

## മെട്രോപോളിറ്റൻ കത്തീഡ്രൽ

## പാളയം, തിരുവനന്തപുരം



# വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ

**2025 മാർച്ച് 10 മുതൽ 19 വരെ**





2025 മാർച്ച് 10, 5.30 pm | **പൊന്തിഫിക്കൽ ദിവ്യബലി**

**മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.**

(സഹായ മെത്രാൻ, തിരു. അതിരൂപത)

2025 മാർച്ച് 19, 5.30 pm | **പൊന്തിഫിക്കൽ ദിവ്യബലി**

**മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ**

(മെത്രാപൊലീത്ത, തിരു. അതിരൂപത)

**തീർത്ഥാടകർക്ക് സ്വാഗതം**

Pub. Date: 01.03.2025

JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press
Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George